# പതിനഞ്ചാം കേരള നിയമസഭ

# പത്താം സമ്മേളനം

2024 ഫെബ്രുവരി 14, ബുധൻ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--336]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | : 2882 മുതൽ 2991 വരെ |
| വനം-വന്യജീവി വകുപ്പ് മന്ത്രി | : 2992 മുതൽ 3039 വരെ |
| ജലവിഭവ വകുപ്പ് മന്ത്രി | : 3040 മുതൽ 3149 വരെ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി | : 3150 മുതൽ 3217 വരെ |

**<u>വാമനപുരം മണ്ഡലത്തിലെ സേഫ് പദ്ധതി</u>**

2882 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് പദ്ധതി മുഖാന്തരം വാമനപുരം മണ്ഡലത്തിൽ നാളിതുവരെ എത്ര വീടുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്നും, പഞ്ചായത്ത് അടിസ്ഥാനത്തിൽ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

**<u>ആദിവാസികൾക്ക് ഒരേക്കർ ഭൂമി</u>**

2883 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി കുടുംബങ്ങൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമി നൽകും എന്ന വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ എത്ര പേർക്ക് ഭൂമി നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഒരാൾക്ക് പോലും ഒരേക്കർ ഭൂമി നല്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കാൻ സാധിക്കാത്തതിന്റെ കാരണം അറിയിക്കുമോ ;

(സി) പ്രസ്തുത വിഷയത്തിൽ എന്ത് തുടർനടപടി സ്വീകരിയ്ക്കുമെന്ന വ്യക്തമാക്കുമോ ?

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് പദ്ധതി**

2884 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. മഞ്ഞളാംകുഴി അലി**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുൾപ്പെട്ടവരുടെ വിവരം ശേഖരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇവർക്ക് സ്ഥലവും വീടും ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികൾ പര്യാപ്തമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഭൂരഹിതരും ഭവനരഹിതരുമായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുൾപ്പെട്ടവർക്ക് സ്ഥലവും വീടും എന്നത്തേക്ക് അനുവദിച്ചുനൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

**അരുവിക്കര നിയോജക മണ്ഡലത്തിലെ "സേഫ്" പദ്ധതി**

2885 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് പദ്ധതി പ്രകാരം അരുവിക്കര നിയോജക മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ പേരുവിവരം ഗ്രാമപഞ്ചായത്ത് തിരിച്ച് നൽകാമോ;

(ബി) ഇതിൽ ഭവന നിർമ്മാണം പൂർത്തിയാക്കിയത് എത്രയാണെന്ന വിവരം അറിയിക്കാമോ?

**ഭവന രഹിതരായ കുടുംബങ്ങൾക്ക് വീടുകൾ**

2886 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ എത്ര എസ് സി കുടുംബങ്ങളുണ്ട്; എണ്ണം ജില്ല തിരിച്ചു വ്യക്തമാക്കുമോ; ഭവന രഹിതരായ എസ് സി കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയും ലൈഫ് ഭവന പദ്ധതി പ്രകാരം എസ് സി വിഭാഗങ്ങൾക്ക് എത്ര വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്; ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) മുൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എസ് സി വകുപ്പ്

എത്ര വീടുകൾ നിർമ്മിച്ച് നൽകിയെന്നും ഇവ ഏതൊക്കെ പദ്ധതികൾ പ്രകാരമെന്നും ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് മിഷൻ പദ്ധതിയിലേക്ക് എസ് സി വകുപ്പ് എത്ര തുക കൈമാറിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## മലപ്പുറം ജില്ലയിലെ പ്രളയ പുനരധിവാസ പദ്ധതി

2887 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ 2018-ലെ പ്രളയ പുനരധിവാസ പദ്ധതിയിൽ ചാലിയാർ ഗ്രാമ പഞ്ചായത്തിലെ കണ്ണൻകുണ്ട്, എടക്കര പഞ്ചായത്തിൽ ഉപ്പട, മലച്ചി എന്നീ സ്ഥലങ്ങളിൽ എത്ര ഗുണഭോക്താക്കൾക്ക് ഭൂമിയും വീടും അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) 2019-ലെ പ്രളയ പുനരധിവാസ പദ്ധതിയിൽ പോത്ത്കല്ല് ഗ്രാമ പഞ്ചായത്തിലെ ആനക്കല്ല് ഉപ്പട ഗ്രാമം റോഡിൽ എത്ര ഗുണഭോക്താക്കൾക്ക് ഭൂമിയും വീടും അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) 2024 ജനുവരി 22-ന് ഭൂമിയും പട്ടയവും നൽകിയതിൽ ചാലിയാർ ഗ്രാമ പഞ്ചായത്തിലെ അത്തിക്കാട്, ചുങ്കത്തറ ഗ്രാമ പഞ്ചായത്തിലെ നെല്ലിപൊയിൽ കൊടീരി, നിലമ്പൂർ മുനിസിപ്പാലിറ്റി തൃക്കൈകുത്ത് എന്നീ സ്ഥലങ്ങളിൽ എത്ര ഗുണഭോക്താക്കൾക്ക് ഭൂമിയും വീടും അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## പട്ടികവർഗ്ഗക്കാർക്ക് ലൈഫ് മിഷൻ മുഖേന അനുവദിച്ച വീടുകൾ

2888 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പട്ടികവർഗ്ഗവിഭാഗക്കാരുടെ ഭവനനിർമ്മാണം ലൈഫ് മിഷൻ മുഖേന നടപ്പാക്കിയതു മുതൽ ഇവർക്കായി നിർമ്മിച്ച് നൽകിയ വീടുകളുടെ എണ്ണവും ഇതിനായി ചെലവഴിച്ച തുകയും എത്രയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

## ലൈഫ് മിഷൻ പദ്ധതിയിലൂടെ എസ്.ടി വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണം

2889 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ എത്ര ആദിവാസി കുടുംബങ്ങളുണ്ട് എന്നത് സംബന്ധിച്ച് സർവ്വേ നടത്തി വകുപ്പ് കണ്ടെത്തിയിട്ടുള്ളവരുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ലൈഫ് ഭവന പദ്ധതി പ്രകാരം എസ്.ടി വിഭാഗങ്ങൾക്ക് എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ; ഈ ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എസ്.ടി വകുപ്പ് മുഖേന എത്ര വീടുകൾ നിർമ്മിച്ച് നൽകി; എത്ര തുകയാണ് ഇതിനു ചെലവിട്ടത്; ഏതൊക്കെ പദ്ധതികൾ മുഖേന ; വിശദമാക്കാമോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് മിഷൻ പദ്ധതിയിലേക്ക് എസ്.ടി വകുപ്പ് എത്ര തുക കൈമാറിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

## <u>ലൈഫ് ഭവന പദ്ധതി -പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ച വീടുകൾ</u>

2890 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരും ഭവനരഹിതരുമായ എത്ര പട്ടികജാതി കുടുംബങ്ങളുണ്ടെന്നുള്ള വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ലൈഫ് ഭവന പദ്ധതി പ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് എത്ര വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ടെന്നും ഈയിനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പട്ടികജാതി വിഭാഗക്കാർക്ക് വകുപ്പ് മുഖേന എത്ര വീടുകൾ നിർമിച്ച് നൽകിയെന്നും ഈയിനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ പദ്ധതികളാണെന്നും വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് മിഷൻ പദ്ധതിയിലേക്ക് വകുപ്പ് എത്ര തുക കൈമാറിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

## <u>ആദിവാസി പുനരധിവാസ വികസന മിഷൻ</u>

2891 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ;

(ബി) വനാവകാശ നിയമം, ലാൻഡ് ബാങ്ക് നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ ഇനങ്ങളിലായി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വ്യക്തികൾക്ക് ഒരേക്കർ കൃഷി ഭൂമി വീതം നൽകാൻ ആദിവാസി പുനരധിവാസ വികസന മിഷൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വ്യക്തികൾക്ക് ഒരേക്കർ കൃഷി ഭൂമി വീതം ലഭ്യമാക്കുന്ന നടപടികളുടെ പുരോഗതി വിശദമാക്കാമോ?

**<u>പട്ടികജാതി, പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണ പദ്ധതികൾ</u>**

2892 **ശ്രീ. എ. പി. അനിൽ കുമാർ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടിക വർഗ്ഗവിഭാഗത്തിൽപ്പെട്ടവർക്കുള്ള ഭവന നിർമ്മാണത്തിനായി ഈ സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് ഭവനരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾ എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) നിലവിലെ പദ്ധതികൾ പ്രകാരം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിനായുള്ള തുക പര്യാപ്തമല്ല എന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ഭൂരഹിതർക്കായി പുനരധിവാസ പദ്ധതി നടപ്പാക്കിവരുന്നുണ്ടോ; വിശദാംശം നൽകാമോ;

(ഇ) പട്ടികവർഗ്ഗ വിഭാഗങ്ങളിലെ വ്യക്തികൾക്ക് ഒരേക്കർ കൃഷിഭൂമി വീതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയുടെ ന്യൂനതകൾ പരിഹരിക്കുന്നതിന് നടപടി</u>**

2893 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയുടെ വിശദാംശം അറിയിക്കാമോ;

(ബി) ഈ പദ്ധതിയിൽ ഒരു തുക മുൻകൂട്ടി നിശ്ചയിച്ച് അതിനനുസരിച്ച് പ്രവൃത്തികൾ ക്രമീകരിക്കുന്നതിന് പകരം ഭൂമിശാസ്ത്രപരമായ വ്യത്യസ്തതകൾ കണക്കിലെടുത്ത് അതത് പ്രദേശത്തിന് അനുയോജ്യമായ വിധത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി തുക അനുവദിക്കുന്ന രീതി അവലംബിക്കാൻ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

**<u>പിറവം നിയോജക മണ്ഡലത്തിലെ അംബേദ്കർ വികസന പദ്ധതി</u>**

2894 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജക മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏതെല്ലാം കോളനികളിലാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്; ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സ്കീമിൽ വിവിധ കുടുംബങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല എന്ന പരാതികൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ഡി) എങ്കിൽ അർഹരായവരെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

**നെയ്യാറ്റിൻകര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി -ഭരണാനുമതി**

2895 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2022-23, 2023-24 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര കോളനികൾ നവീകരിക്കുന്നതിനു ഭരണാനുമതി നൽകിയെന്ന് വിശദമാക്കാമോ; ഭരണാനുമതി നൽകിയ കോളനികളുടെ പേരുവിവരങ്ങളും അനുവദിച്ച തുക എത്രയാണെന്നും അറിയിക്കാമോ?

**അരൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

2896 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ 2023-24 കാലഘട്ടത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

**ഇരിക്കൂർ നിയോജക മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

2897 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 2021-22, 2022-23, 2023-24 കാലയളവിൽ നാളിതുവരെ ഏതൊക്കെ കോളനികളെയാണ് ഉൾപ്പെടുത്തിയത് എന്ന് അറിയിക്കുമോ; പദ്ധതിക്കായി എത്ര തുക വീതമാണ് അനുവദിച്ചത് എന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളുടെ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്നും; പ്രവൃത്തികൾ എന്നത്തേക്കു പൂർത്തിയാക്കാനാകുമെന്നും വ്യക്തമാക്കാമോ?

**പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനം**

2898 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി,

പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിന് വേണ്ടി സർക്കാർ നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയും അംബേദ്കർ ഗ്രാമ വികസന പദ്ധതിയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്ന കാരണങ്ങൾ പരിശോധിക്കുകയും അത് പരിഹരിക്കുകയും ചെയ്യുന്നതിനായി നടപടി സ്വീകരിക്കാമോ;

(ബി) എസ്.സി., എസ്.ടി. കോളനികളുടെ നവീകരണ പ്രവൃത്തികൾ നടപ്പിലാക്കാൻ അതാത് ബ്ലോക്ക് പഞ്ചായത്തുകളും ഗ്രാമപഞ്ചായത്തുകളും തയ്യാറാണെങ്കിൽ പ്രസ്തുത പ്രവൃത്തികൾ ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളെ ചുമതലപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ?

## കുട്ടമ്പുഴ ആദിവാസി കോളനിയുടെ പുനരുദ്ധാരണം

2899 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടമ്പുഴ പന്തപ്ര ആദിവാസി കോളനിയുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) വീട് നിർമ്മാണം ഉൾപ്പെടെയുള്ള പുനരധിവാസ പ്രവർത്തനങ്ങളുടെ അവശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## അംബേദ്കർ ഗ്രാമം പദ്ധതി പ്രവൃത്തികളുടെ നടത്തിപ്പ്

2900 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ കോളനികൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ; എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾ താമസിക്കുന്ന കോളനികളെയാണ് ഈ പദ്ധതിക്ക് വേണ്ടി പരിഗണിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന കോളനികളുടെ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗിന് അംഗീകാരം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കുന്നത്തുനാട്-പുത്തേത്ത് മുകൾ കോളനിയിലെ അംബേദ്കർ ഗ്രാമം പദ്ധതി

2901 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ 2021-22 ലെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ പുത്തേത്ത് മുകൾ കോളനിയിലെ നിർമ്മാണ പ്രവൃത്തികളുടെ

നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനിയിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനായി സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന് അഗീകാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## കൈതക്കര പട്ടികവർഗ്ഗ കോളനിയിലെ വികസന പ്രവർത്തനങ്ങൾ

2902 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജക മണ്ഡലത്തിലെ പ്രമാടം പഞ്ചായത്തിൽ കൈതക്കര പട്ടികവർഗ്ഗ കോളനിയിലെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്‌തുത പദ്ധതി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കും; വിശദമാക്കാമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

2903 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി 2016-17 മുതൽ 2022-23 വരെ ഫണ്ട് അനുവദിച്ച പട്ടികജാതി കോളനികൾ ഏതൊക്കെയാണെന്നും ഓരോ കോളനിക്കും അനുവദിച്ച തുക എത്രയാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത കോളനികളിലെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഏതൊക്കെ കോളനികളുടെ നവീകരണ പ്രവൃത്തികളാണ് പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കുമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി പ്രവൃത്തികൾ

2904 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ മണ്ഡലത്തിലെ ഏതെല്ലാം പട്ടികജാതി പട്ടികവർഗ്ഗ കോളനികളെയാണ് അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കാൻ നടപടി സ്വീകരിച്ചത് എന്ന് അറിയിക്കാമോ;

(ബി) ഓരോ കോളനിക്കും അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

2905 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 2016 മുതൽ 2023 വരെ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ഏതൊക്കെ കോളനികൾ നവീകരിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് അനുവദിച്ച തുക ഉൾപ്പെടെ വർഷം തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നിലവിൽ ഏതുഘട്ടത്തിലാണെന്നും അവയുടെ പുരോഗതിയും ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ മണ്ഡലത്തിലെ ഏതൊക്കെ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളെ തെരഞ്ഞെടുത്തിട്ടുണ്ടെന്നും അവയുടെ പ്രവൃത്തികളിലെ പുരോഗതിയും വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കാൻ ബാക്കിയുള്ളവ എത്രയുണ്ടെന്നും, ആയത് എപ്പോൾ പൂർത്തീകരിക്കാനാവുമെന്നും വ്യക്തമാക്കുമോ?

## അംബേദ്കർ ഗ്രാമം പദ്ധതി

2906 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ ഇതുവരെ കോഴിക്കോട് ജില്ലയിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് അനുമതി ലഭിച്ച കോളനികളുടെ എണ്ണവും പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

## കൊല്ലം ജില്ലയിലെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

2907 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ കൊല്ലം ജില്ലയിൽ ഉൾപ്പെടുത്തിയ കോളനികളുടെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഓരോ കോളനിയിലും നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശവും പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തിയാകുമെന്നുമുള്ള വിശദാംശവും നൽകുമോ?

## ബാലുശ്ശേരി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമവികസന പദ്ധതി

2908 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ അംബേദ്കർ ഗ്രാമവികസന പദ്ധതികൾ പ്രകാരം എത്ര

പട്ടികജാതി പട്ടികവർഗ്ഗ കോളനികളാണ് 2016-ന് ശേഷം നാളിതുവരെ നവീകരിക്കാൻ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോളനികളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഓരോ കോളനിയിലും നടപ്പിലാക്കിയ വികസന പദ്ധതികൾ എന്തെല്ലാമാണെന്നും ഇനിയും നടപ്പിലാക്കേണ്ട പ്രവൃത്തികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ;

(സി) 2016-ന് ശേഷം പ്രസ്തുത മണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം പൂർത്തീകരിക്കാൻ കഴിയാതെ കാലതാമസം വന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

## <u>കൊണ്ടോട്ടി മണ്ഡലത്തിൽ എസ്.സി. ഫണ്ട് ഉപയോഗിച്ച് നടന്ന പ്രവൃത്തികൾ</u>

2909 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ 2021-22 മുതൽ നാളിതുവരെ എസ്.സി. ഫണ്ട് ഉപയോഗിച്ച് നടന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വർഷം, തുക, ഏത് ഫണ്ടിൽ നിന്ന് എന്നതടക്കമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) മണ്ഡലത്തിലെ വാഴക്കാട് പഞ്ചായത്തിലെ കരിയാത്തൻ കുഴി - വെട്ട്കാട് എസ്.സി. കോളനി റോഡ്, കക്കിട്ടീരി പുറായ-പാറോട്ട് പുറായി എസ്.സി. കോളനി റോഡ് എന്നിവയുടെ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>വനാവകാശരേഖ ലഭിക്കുന്നതിനുള്ള അപേക്ഷ</u>

2910 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര നിയോജകമണ്ഡലത്തിൽ വനാവകാശരേഖ ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളുടെ എണ്ണം, വിതരണം ചെയ്തവയുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരം, വർഷം, പഞ്ചായത്ത് എന്നിവ തിരിച്ച് അറിയിക്കാമോ?

## <u>പട്ടികവർഗ്ഗ വകുപ്പിന്റെ ബില്ലുകൾ ട്രഷറി ക്യൂവിൽ നിന്ന് ഒഴിവാക്കുന്നതിന് നടപടി</u>

2911 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ബില്ലുകൾ യഥാസമയം ട്രഷറിയിൽ സമർപ്പിച്ചാലും തുക ലഭിക്കുന്നതിൽ വളരെയധികം കാലതാമസം നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വിഭാഗത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് യഥാസമയം ആനുകൂല്യം ലഭിക്കുന്ന വിധം ട്രഷറി ക്യൂവിൽ നിന്നും ഇത്തരം ബില്ലുകൾ

ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ;

(സി) വാഹന വാടക കുടിശ്ശികയിൽ നിന്ന് മാറി ലഭിക്കാത്തതിനാൽ വിദ്യാവാഹിനി പദ്ധതിയിൽ ഉൾപ്പെട്ട വാഹനങ്ങൾ ഓട്ടം നിർത്തിയതും ഇതുമൂലം ആദിവാസി ഊരുകളിൽ നിന്ന് കുട്ടികൾക്ക് സ്കൂളുകളിൽ എത്തുവാൻ കഴിയാത്ത സാഹചര്യവും ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

## വിദ്യാവാഹിനി പദ്ധതി

2912 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാവാഹിനി പദ്ധതിയിൽപ്പെട്ട വാഹനങ്ങൾക്കുള്ള പണം ആറ് കോടിയിൽ അധികം രൂപ കുടിശ്ശിക നൽകാൻ ഉണ്ട് എന്ന കാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത്ര വലിയ കുടിശ്ശിക ഉണ്ടാകാനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) കുടിശ്ശിക തുക നൽകാത്തതിനാൽ അടുത്ത അധ്യയന വർഷം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്കൂളിൽ പോകുന്നത് തടസ്സം ഉണ്ടാകാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

## സാമൂഹ്യ പഠനമുറി പദ്ധതി

2913 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ കോളനികളിൽ സാമൂഹ്യ പഠനമുറി എന്ന പദ്ധതി ആരംഭിച്ചത് മുതൽ നാളിതുവരെയായി സംസ്ഥാനത്ത് എത്ര പേർക്ക് ഇതിന്റെ സഹായം ലഭ്യമായിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിനായി 2021 മുതൽ നാളിതുവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഏറനാട് മണ്ഡലത്തിൽ സാമൂഹ്യ പഠനമുറി പദ്ധതി പ്രകാരം എത്ര പേർക്ക് ആനുകൂല്യം നല്കി എന്ന് അറിയിക്കുമോ ?

## എസ്.സി., എസ്.ടി. വിദ്യാർത്ഥികൾക്കുള്ള സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ

2914 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി., എസ്.ടി. വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കായി സിവിൽ സർവ്വീസ് കോച്ചിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; അറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സെന്ററുകൾ ഏതൊക്കെ സ്ഥലങ്ങളിലാണെന്നും ടി വിഭാഗങ്ങളിൽപ്പെട്ട എത്ര കുട്ടികൾ ഇത്തരം സെന്ററുകളെ ആശ്രയിച്ചു പഠിച്ചുവരുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോച്ചിംഗ് സെന്ററുകളുടെ കാര്യക്ഷമത പരിശോധിക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## പട്ടികവിഭാഗ വിദ്യാർത്ഥികൾക്കായുള്ള വിദ്യാഭ്യാസ സഹായ പദ്ധതികൾ

2915 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ പട്ടികവിഭാഗ വിദ്യാർത്ഥികൾക്കായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ സഹായ പദ്ധതികൾ വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ; 2016 മുതൽ ഇതുവരെ പ്രതിവർഷം ഇതിനായി ചെലവഴിച്ച തുക വർഷം തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ കേന്ദ്രസർക്കാർ വിഹിതമുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഉന്നതവിദ്യാഭ്യാസത്തിന്റെ ഭാഗമായി കേരളത്തിന് പുറത്തും ഇന്ത്യക്കു പുറത്തും പോയി പഠിക്കുവാൻ പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് സഹായം നൽകാറുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; 2016 മുതൽ ഇങ്ങനെ സംസ്ഥാനത്തിന് പുറത്തും വിദേശത്തുമായി പഠനത്തിനു പോയ കുട്ടികൾക്ക് നൽകിയ സഹായവും ഓരോ വർഷവും എത്രപേർക്ക് സഹായം നൽകി എന്നതും വർഷം തിരിച്ച് ലഭ്യമാക്കാമോ?

## മാടായി വെങ്ങര ഐ.ടി.ഐ യിൽ പുതിയ കോഴ്സുകൾ

2916 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന മാടായി വെങ്ങര ഐ.ടി.ഐ യിൽ പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## ഉന്നതി സ്കോളർഷിപ്പ്

2917 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഉന്നതി സ്കോളർഷിപ്പ് സംബന്ധിച്ചുള്ള വിവരങ്ങൾ വിശദമാക്കാമോ;

(ബി) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം ലഭിച്ചു എന്നത് വ്യക്തമാക്കാമോ?

## പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക് സൗജന്യമായി പി.എസ്.സി. കോച്ചിംഗ്

2918 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പട്ടികജാതി ഉദ്യോഗാർത്ഥികൾക്ക്

പട്ടികജാതി വിഭാഗക്കാർക്കുള്ള ഫണ്ട് പ്രയോജനപ്പെടുത്തി പഞ്ചായത്തുമായി സഹകരിച്ച് പഞ്ചായത്ത് തലത്തിൽ സൗജന്യമായി പി. എസ്. സി. കോച്ചിംഗ് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) മണലൂർ മണ്ഡലത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് സൗജന്യ പി. എസ്. സി. കോച്ചിംഗിന് നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**മുക്കടയിൽ പുതിയ ഓഡിറ്റോറിയം**

2919 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ മുക്കടയിൽ പട്ടികജാതി വികസനവകുപ്പിന്റെ സ്ഥലത്ത് പുതിയ ഓഡിറ്റോറിയവും പ്രീ എക്സാമിനേഷൻ സെന്റർ കെട്ടിടവും നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;വിശദാംശം നൽകുമോ?

**പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര സഹായം ലഭിക്കാത്ത സ്ഥിതി വിശേഷം**

2920 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് വൺ മുതൽ ഡിഗ്രിയടക്കമുള്ള ഉന്നത വിദ്യാഭ്യാസത്തിന് പട്ടികജാതി വിദ്യാർത്ഥികൾക്ക് കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട സ്റ്റൈപ്പന്റ് , ലംപ്സം ഗ്രാന്റ് തുടങ്ങിയ ആനുകൂല്യങ്ങൾ വർഷങ്ങളായി സംസ്ഥാനത്തിന് ലഭിക്കാത്ത സ്ഥിതി വിശേഷം നിലവിലുണ്ടോ എന്ന് അറിയിക്കാമോ;

(ബി) ഉന്നത വിദ്യാഭ്യാസത്തിനായി ചേരുന്ന പാവപ്പെട്ട പട്ടികജാതി വിദ്യാർത്ഥികളെയും അവരുടെ രക്ഷകർത്താക്കളേയും വലിയ മാനസിക പ്രയാസത്തിലേക്ക് തള്ളിവിടുന്ന ഈ സാഹചര്യം ഒഴിവാക്കുന്നതിന് അർഹരായവർക്ക് ലഭിക്കേണ്ട കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

**പട്ടികജാതി -പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റുകൾ**

2921 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2023-24 വരെയുള്ള കാലയളവിൽ പ്ലസ് വൺ മുതൽ മുകളിലോട്ടുള്ള വിവിധ കോഴ്സുകൾക്ക് ചേർന്നതിനുശേഷം പഠനം ഉപേക്ഷിച്ച പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ എണ്ണം എത്ര വീതമെന്ന് കോഴ്സ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സംസ്ഥാന ബഡ്ജറ്റിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2023-24 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ പോസ്റ്റ് മെട്രിക്

സ്കോളർഷിപ്പിനത്തിൽ നീക്കിവെച്ചിരുന്ന തുക എത്രയാണെന്നും ഇതിൽ ഓരോ വർഷവും വകുപ്പ് ചെലവഴിച്ച തുക എത്ര വീതമാണെന്നും അറിയിക്കുമോ;

(സി) പ്രസ്തുത തുകയിൽ നിന്നാണോ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഇ-ഗ്രാൻഡ് തുക അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഈ വിദ്യാർഥികൾക്കുള്ള ഇ-ഗ്രാൻഡ് മുടക്കം വന്നിട്ടുള്ളത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഗ്രാന്റ് തുക മുടങ്ങാനിടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) കണ്ണൂർ സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ് പാലയാട് ക്യാമ്പസിലെ രാഹുൽ ജി. എന്ന നിയമ വിദ്യാർത്ഥിയുടെ ഇ-ഗ്രാൻഡ് മുടങ്ങിയത് മൂലം ഫീസ് അടയ്ക്കാനാകാതെ റിസൾട്ട് തടഞ്ഞതായി സമൂഹ മാധ്യമങ്ങളിൽ വന്ന പോസ്റ്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സർക്കാർ ധനസഹായം ഉണ്ടാകുമെന്ന പ്രതീക്ഷയിൽ പഠനം ആരംഭിച്ച ശേഷം ഫീസ് അടയ്ക്കാനും മറ്റു ചെലവുകൾക്ക് പണം കണ്ടെത്താനും കഴിയാതെ സമൂഹത്തിന് മുന്നിൽ തലകുനിക്കേണ്ടി വരികയും സാമ്പത്തികവും മാനസികവുമായ സമ്മർദ്ദത്തിൽപ്പെടുകയും ചെയ്യുന്ന വിദ്യാർത്ഥികൾ ഇ-ഗ്രാൻഡ് മുടങ്ങുന്നതുമൂലം പഠനം അവസാനിപ്പിക്കേണ്ടി വരുന്നത് പരിശോധിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഈ വിദ്യാർത്ഥികളുടെ പഠനം മുടങ്ങുന്നില്ല എന്ന് ഉറപ്പാക്കുന്നതിനും ഗ്രാന്റ് മുടക്കം കൂടാതെ ലഭ്യമാക്കുന്നതിനും എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

## <u>വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി</u>

2922 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) വിദേശ രാജ്യങ്ങളുൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഉന്നത വിദ്യാഭ്യാസം ചെയ്യുന്ന പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ നൽകാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## <u>പട്ടികജാതി -പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്</u>

2923 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തും രാജ്യത്തും വിദേശത്തും പഠനം നടത്തുന്നതിനുള്ള സ്കോളർഷിപ്പിന് എത്ര തുകയാണ് 2022-23,

2023-24 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുള്ളത്; ഇതിൽ പ്രകാരംകേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയാണ്;

(ബി) ആയതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; ചെലവഴിച്ച തുകയിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്രയാണെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## പുതുപ്പണത്തെ പ്രീമെട്രിക്ക് ഹോസ്റ്റൽ നിർമ്മാണം

2924 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജക മണ്ഡലത്തിലെ പുതുപ്പണത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി ജലസേചന വകുപ്പിൽ നിന്നും ഭൂമി കൈമാറി ലഭിച്ചത് എന്നാണ്;വ്യക്തമാക്കാമോ;

(ബി) പദ്ധതിക്കായി ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭ്യമാക്കിയത് എന്നാണ്; അനുമതി ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച ഹോസ്റ്റൽ കെട്ടിട നിർമ്മാണം ഇനിയും ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിനായി പഴയ കെട്ടിടത്തിൽ നിന്നും കുട്ടികളെ വാടക കെട്ടിടത്തിലേക്ക് മാറ്റിയത് എന്നു മുതൽക്കാണ്; പുതിയ വാടക കെട്ടിടത്തിന് വാടക നൽകുന്നതിലുണ്ടായ കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഇ) പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾ താമസിക്കുന്നത് അസൗകര്യങ്ങൾ നിറഞ്ഞ വാടക കെട്ടിടത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) എങ്കിൽ വാടക കെട്ടിടത്തിന്റെ വാടക എത്രയും വേഗം നൽകുന്നതിനും പുതുപ്പണത്ത് നിർദ്ദിഷ്ട ഭൂമിയിൽ പുതിയ ഹോസ്റ്റൽ കെട്ടിടം എത്രയും വേഗം പൂർത്തിയാക്കുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

## പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണം

2925 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നേര്യമംഗലത്തും പിണവൂർകുടിയിലും നിർമ്മിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സാങ്കേതിക തടസ്സം നീക്കി ഹോസ്റ്റലുകളുടെ നിർമ്മാണം വേഗത്തിൽ പൂർത്തികരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സഹായ പദ്ധതികൾ

2926 **ഡോ. എൻ. ജയരാജ്**

**ശ്രീ. പ്രമോദ് നാരായൺ**

**ശ്രീ. ജോബ് മൈക്കിൾ**

**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് തൊഴിൽ നേടുന്നതിന് നൽകി വരുന്ന സഹായ പദ്ധതികളുടെ വിശദാംശം അറിയിക്കാമോ;

(ബി) സാങ്കേതിക/പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് സ്വന്തം സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രത്യേക പാക്കേജ് രൂപീകരിക്കുമോ;

(സി) പ്രസ്തുത വിഭാഗത്തിലുള്ളവർക്ക് മുദ്രാലോൺ മാതൃകയിൽ ധനസഹായ പദ്ധതി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

**മോഡൽ റെസിഡൻഷ്യൽ/പ്രീ മെട്രിക് ഹോസ്റ്റലുകളിലെ കുക്കുമാരുടെ നിയമനം**

2927 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ വയനാട് ജില്ലയിൽ എത്ര മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ഉണ്ട്; ജില്ലയിൽ എത്ര എസ്.ടി. പ്രീ മെട്രിക് ഹോസ്റ്റൽ ഉണ്ട്; മേല്പറഞ്ഞ ഓരോ സ്ഥാപനത്തിലും സ്ഥിരം പാചകത്തൊഴിലാളികളുടെ എത്ര തസ്തികകൾ ഉണ്ട്; ഓരോ സ്ഥാപനങ്ങളിലും നിലവിൽ ഉള്ള ദിവസ വേതന പാചകത്തൊഴിലാളികൾ എത്ര; സ്ഥിരം പാചകത്തൊഴിലാളികളുടെ ഒഴിവിലാണോ ഇവരെ നിയമിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) പി.ടി.എസ്. (പാർട്ട് ടൈം സ്വീപ്പർ) ജീവനക്കാർക്ക് പ്രമോഷൻ നൽകി എത്ര ശതമാനം പാചകത്തൊഴിലാളികളെ നിയമിക്കാമെന്ന് വ്യക്തമാക്കുമോ; അങ്ങനെ നിയമിച്ച പാചകത്തൊഴിലാളികൾക്ക് നിശ്ചിത യോഗ്യത സമയ പരിധിക്കുള്ളിൽ നേടുവാൻ സാധിച്ചില്ല എങ്കിൽ അവർക്കെതിരെ എന്തൊക്കെ നടപടിയാണ് സ്വീകരിക്കാൻ കഴിയുന്നത്; ഇപ്രകാരം ആർക്കെങ്കിലും എതിരെ മുൻ സർക്കാരിന്റെ കാലം മുതൽ ഇതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പി.എസ്.സി. മുഖേനെ പാചകത്തൊഴിലാളികളെ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; ജില്ലയിലെ മേല്പറഞ്ഞ സ്ഥാപനങ്ങളിൽ ദിവസ വേതന പാചകത്തൊഴിലാളികളെ നിയമിക്കുന്നത് ആരാണ്; ഇത്തരത്തിൽ നിയമിച്ചവർക്ക് അതിനുള്ള യോഗ്യത ഉണ്ടോയെന്ന പരിശോധിച്ചിട്ടുണ്ടോ; എല്ലാവരും നിർദിഷ്ട യോഗ്യത ഉള്ളവരാണോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) 2010 ലെ സർക്കാർ ഉത്തരവ് പ്രകാരം പി.ടി.എസ്. ൽ നിന്നും നിയമിച്ചവർ നിശ്ചിത സമയത്തിനുള്ളിൽ യോഗ്യതാ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടോ; സർട്ടിഫിക്കറ്റ് ഹാജരാക്കാത്തവരെ റിവേർഷൻ ചെയ്തിട്ടുണ്ടോ;വിശദമാക്കാമോ?

**വ്യവസായ സംരംഭകത്വ പ്രോത്സാഹന പദ്ധതി**

2928 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ,

പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും ചെറുകിട വ്യവസായ മേഖലയിൽ പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വനിതകൾക്ക് മാത്രമായി എന്തെങ്കിലും പ്രത്യേക വ്യവസായ സംരംഭകത്വ പ്രോത്സാഹന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

**ഉന്നതി വൈജ്ഞാനിക തൊഴിൽ പദ്ധതി**

2929 **ഡോ. കെ. ടി. ജലീൽ**
**ശ്രീ എം എസ് അരുൺ കുമാർ**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നോളജ് ഇക്കണോമി മിഷനും ഉന്നതി കേരള എംപവർമെന്റ് സൊസൈറ്റിയുമായി ചേർന്ന് നടപ്പിലാക്കുന്ന ഉന്നതി വൈജ്ഞാനിക തൊഴിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ പദ്ധതിയിലേക്ക് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഇവർക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിന് റിക്രൂട്ട്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

**കുടുംബി സമുദായത്തെ പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി**

2930 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായും വിദ്യാഭ്യാസപരമായും സാമൂഹികമായും പിന്നാക്കം നിൽക്കുന്ന കുടുംബി സമുദായത്തെ സംസ്ഥാനത്തിന്റെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് കിർത്താർഡ്സ് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെയും കിർത്താർഡ്സ് 1980-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ കുടുംബി സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ചേർക്കുന്നതിന് കേന്ദ്ര സർക്കാരിന് ശിപാർശ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**കുന്നത്തുനാട് മണ്ഡലത്തിലെ കോർപ്പസ് ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ**

2931 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി,

പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ 2023-24 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ പ്രവൃത്തികൾക്കാണ് കോർപ്പസ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

## പാലക്കാട് ജില്ലയിൽ കോർപ്പസ് ഫണ്ട് അനുവദിച്ച പദ്ധതികൾ

2932 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ 2016 മുതൽ നാളിതുവരെ കോർപ്പസ് ഫണ്ട് അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും അനുവദിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവയും ബ്ലോക്കടിസ്ഥാനത്തിൽ വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് പ്രകാരമുള്ള പദ്ധതി പ്രവൃത്തികൾ

2933 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ വിശദാംശം നൽകാമോ; ഓരോ പ്രവൃത്തിക്കും ചെലവഴിക്കുന്ന തുകയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## വർക്കല മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികൾ

2934 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും (2016-2021) ഈ സർക്കാരിന്റെയും കാലയളവിൽ വർക്കല മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിച്ച് ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഓരോന്നിനും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ അനുവദിച്ച ഏതെല്ലാം പ്രവൃത്തികൾ നിർമ്മാണം പൂർത്തീകരിച്ചുവെന്ന് വിശദമാക്കാമോ?

## മലപ്പുറം ജില്ലയിലെ എസ്.ടി. പ്രമോട്ടർ നിയമനം

2935 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ 2024-ൽ നിയമിച്ച എസ്.ടി പ്രൊമോട്ടർമാരുടെ പേര്, വിലാസം, പ്രവർത്തിക്കാൻ അനുവദിച്ച കോളനികളുടെ പേര് എന്നിവ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ 2024-ലെ എസ്.ടി. പ്രൊമോട്ടർ നിയമനത്തിന് വേണ്ടി അഭിമുഖത്തിൽ ഹാജരായവരുടെ പേര്, വിലാസം എന്നിവ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ജില്ലയിൽ 2024-ലെ എസ്.ടി പ്രൊമോട്ടർ നിയമനത്തിന് വേണ്ടി അഭിമുഖത്തിൽ ഹാജരായി 40 വയസ് പിന്നിട്ട കാരണത്താൽ ലിസ്റ്റിൽ നിന്നൊഴിവാക്കിയവരുടെ പേര്, വിലാസം എന്നിവ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ജില്ലയിൽ പട്ടികവർഗ്ഗ മേഖലയിൽ സർക്കാർ വികസന ക്ഷേമ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താൻ എസ്.ടി പ്രൊമോട്ടർമാരുടെ അധിക തസ്തിക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## ഏറനാട് മണ്ഡലത്തിലെ ഗോത്ര സാരഥി പദ്ധതി

2936 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് ഗോത്ര സാരഥി പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളതെന്നും ഓരോ സ്കൂളുകളിലും എത്ര കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ടെന്നും അറിയിക്കാമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്നും എങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കുമോ?

## ആഭ്യന്തര വിജിലൻസ് വിഭാഗം സമർപ്പിച്ച റിപ്പോർട്ടുകൾ

2937 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിലെ ആഭ്യന്തര വിജിലൻസ് വിഭാഗം കഴിഞ്ഞ മൂന്ന് വർഷ കാലയളവിൽ സമർപ്പിച്ച ഏതൊക്കെ റിപ്പോർട്ടുകളിലാണ് ക്രമക്കേടുകൾ കണ്ടെത്തിയത്; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## സി.ആന്റ്.എ.ജി ഓഡിറ്റ് റിപ്പോർട്ട്

2938 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ മൂന്ന് വർഷ കാലയളവിൽ സി.ആന്റ്.എ.ജി. നടത്തിയ ഓഡിറ്റിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഡിറ്റ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**കൊണ്ടോട്ടി ബ്ലോക്കിൽ വെർച്വൽ പി.ഇ.ടി.സി. ആരംഭിക്കുന്നതിൽ നടപടി**

2939 **ശ്രീ. ടി. വി. ഇബ്രാഹിം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി വികസന വകുപ്പിന് കീഴിൽ പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്റർ (പി.ഇ.ടി.സി) ഇല്ലാത്ത ജില്ലകളിൽ വെർച്വൽ പി.ഇ.ടി.സി. ആരംഭിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) പ്രസ്തുത സെന്റർ ആരംഭിക്കാൻ മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി ബ്ലോക്ക് ആവശ്യമുള്ള സ്ഥലം ലഭ്യമാക്കാം എന്ന് രേഖാമൂലം അറിയിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രീ എക്സാമിനേഷൻ ട്രെയിനിങ് സെന്റർ കൊണ്ടോട്ടി ബ്ലോക്കിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ആലത്തൂർ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

2940 **ശ്രീ . കെ .ഡി .പ്രസേനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മുൻ സർക്കാരിന്റെയും (2016-21) നിലവിലെ സർക്കാരിന്റെയും കാലയളവിൽ ഫണ്ട് അനുവദിച്ചത് എത്ര കോളനികൾക്കാണെന്ന് വിശദമാക്കാമോ; കോളനിയുടെ പേര്, അനുവദിച്ച ഫണ്ട്, വർഷം എന്നിവ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പദ്ധതിയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്ത കോളനികൾ ഏതൊക്കെയാണെന്നും പ്രസ്തുത കോളനികൾക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ സേഫ്, പഠനമുറി പദ്ധതികൾ**

2941 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ സേഫ്, പഠനമുറി എന്നീ പദ്ധതികൾ മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര പേർ നിർമ്മാണം പൂർത്തീകരിച്ചു എന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

**വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ**

2942 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി,

പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന 2021 മുതൽ നാളിതുവരെ വടക്കാഞ്ചേരി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വിവിധ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിനായി എത്ര രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

**പട്ടിജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദിച്ച ചികിത്സാ ധനസഹായം**

2943 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മുഖേന പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 2016 മുതൽ ഇന്ന് വരെ എത്ര കോടി രൂപ ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഈ ചികിത്സാ സഹായം കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ മണ്ഡലത്തിൽ എത്രപേർക്ക് അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

**വൈപ്പിൻ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി**

2944 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പട്ടികജാതി കോളനികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിജസ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

**ഇ-ഗ്രാന്റ് നൽകുന്നതിനുള്ള നടപടി**

2945 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സ്വദേശിയായ ആൻസി ഏഞ്ചൽ റോച്ച എന്ന ബാംഗ്ലൂർ നിംഹാൻസ് നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥിക്ക് ഇ-ഗ്രാന്റ് സ്കോളർഷിപ്പ് മൂന്ന്, നാല് വർഷങ്ങളിൽ ലഭിച്ചില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കോളർഷിപ്പ് നൽകാതിരിക്കാൻ എന്തെങ്കിലും കാരണങ്ങളുണ്ടോ; വിശദമാക്കാമോ;

(സി) മേൽ സൂചിപ്പിച്ച വിദ്യാർത്ഥിയുടെ ഇ-ഗ്രാന്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## ആറ്റുമൺപുറം സെറ്റിൽമെന്റിലെ പാലം നിർമ്മാണം

2946 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിൽ വിതുര ഗ്രാമപഞ്ചായത്തിലെ ആറ്റുമൺപുറം സെറ്റിൽമെന്റിലെ പാലം നിർമ്മാണം സംബന്ധിച്ച വിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ?

## സ്റ്റാർട്ട് അപ്പ് ഡ്രീംസ് പദ്ധതി

2947 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽ ഉൾപ്പെട്ട യുവസംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി മുഖ്യധാരയിൽ കൊണ്ടുവരുന്നതിലേക്കുള്ള സ്റ്റാർട്ട് അപ്പ് ഡ്രീംസ് പദ്ധതി പ്രകാരം എത്ര പേർക്ക് ഇതുവരെ പരിശീലനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പരിശീലനം ലഭിച്ചവർ എത്ര പേർ സംരംഭകരായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേർ എന്ന് വിശദമാക്കാമോ?

## പാലക്കാട് കെൽപാം റൈസ് മില്ലിന്റെ പ്രവർത്തനം

2948 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കല്ലേപുള്ളിയിൽ 2021 ഫെബ്രുവരി 13 ന കെട്ടിട ഉദ്ഘാടനം കഴിഞ്ഞ കെൽപാം റൈസ് മിൽ പ്രവർത്തനരഹിതമായി പൂട്ടിക്കിടക്കുന്നതിനുള്ള കാരണം എന്താണെന്നും ഇതിലേയ്ക്കായി വകുപ്പ് എത്ര കോടി രൂപ ചെലവാക്കിയെന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ഇവിടെ സ്ഥിര/താൽക്കാലിക നിയമനം നൽകിയെന്നുമുള്ള വിശദാംശം അറിയിക്കുമോ;

(ബി) പ്രസ്തുത മില്ലിൽ സ്ഥാപിച്ചിട്ടുള്ള യന്ത്രസാമഗ്രികളുടെ വാറന്റി കാലാവധി കഴിഞ്ഞിട്ടുണ്ടോ;

(സി) ഈ കെൽപാം മില്ലിന്റെ നിർമ്മാണത്തിൽ എന്തെങ്കിലും അഴിമതി ആരോപണം ഉന്നയിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത മില്ലിന്റെ പ്രവർത്തനം പട്ടികജാതിവികസന വകുപ്പ് നേരിട്ട് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

2949 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി മണ്ഡലത്തിൽ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മുതലപ്ര, വെള്ളുകുന്ന് എന്നീ കോളനികൾക്ക് അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ വിശദമായ ഡി.പി.ആർ. പട്ടിക ജാതി വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായ തീയതി അറിയിക്കുമോ; ഡി.പി.ആർ. പരിശോധിച്ച് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ചുമതല ഏത് ഏജൻസിയേയാണ് ഏല്പിച്ചിരിക്കുന്നതെന്നും ഡി.പി.ആർ. സമർപ്പിക്കുന്നതിൽ ഏജൻസിയുടെ ഭാഗത്ത് നിന്ന് കാലതാമസം ഉണ്ടായിട്ടുണ്ടോയെന്നും വിശദമാക്കുമോ?

## വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജ് കെട്ടിട നിർമ്മാണം

2950 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള തരൂർ നിയോജക മണ്ഡലത്തിലെ വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണ്;

(ബി) പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കേന്ദ്രാവിഷ്കൃത പദ്ധതികളിൽ അനുവദിച്ച വിഹിതം

2951 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടിക ജാതി പട്ടിക വർഗ്ഗ വകുപ്പിന് 2023-24സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയ പ്ളാൻ ഫണ്ടുതുകയും ആയതിൽ നാളിതുവരെ ചെലവഴിച്ച തുകയും ഇനം തിരിച്ച് അറിയിക്കുമോ;

(ബി) 2023-24 വർഷം പട്ടികജാതി പട്ടികവർഗ്ഗ മേഖലയ്ക്ക് അനുവദിച്ച കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്തൊക്കെയാണെന്നും ഓരോന്നിനും വകയിരുത്തിയിരുന്ന തുകയും 2024 ജനുവരി 31 വരെ ചെലവഴിച്ച തുകയും എത്രയെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ നഴ്സിംഗ് കോളേജുകളിലും, നഴ്സിംഗ് സ്കൂളുകളിലും പഠിക്കുന്ന പ്രസ്തുത വിഭാഗങ്ങൾക്ക് ലഭിക്കാനുള്ള സ്റ്റൈപ്പന്റ് കുടിശ്ശിക എത്രയെന്നും ഇത് എന്നത്തേയ്ക്ക് കൊടുത്തുതീർക്കും എന്നും വ്യക്തമാക്കാമോ;

(ഡി) കെ.ജി.ടി.ഇ , ഫാഷൻ ഡിസൈനിങ് ആൻഡ് ഗാർമെന്റ്സ് ടെക്നോളജി സ്ഥാപനങ്ങളിൽ ഓരോ അധ്യയനവർഷവും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം പഠിതാക്കളെ പഠനത്തിനായി ബ്ലോക്ക് തല പട്ടികജാതി വികസന ഓഫീസുകളിൽ നിന്നും തെരഞ്ഞെടുത്ത് അയച്ചിരുന്നോ; ആയത് 2023-24 സാമ്പത്തികവർഷം നിർത്തൽ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് സർക്കാർ ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ആയത് പുന:പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കൊങ്കിണിഭാഷ സംസാരിക്കുന്ന ലാറ്റിൻ കത്തോലിക്ക വിഭാഗക്കാർക്കുള്ള ജാതി സർട്ടിഫിക്കറ്റ്

2952 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ താലൂക്കുകൾ, മഞ്ചേശ്വരം എന്നിവിടങ്ങളിൽ കൊങ്കിണിഭാഷ സംസാരിക്കുന്ന ലാറ്റിൻ കത്തോലിക്ക വിഭാഗക്കാർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിക്കണമെന്ന വിഷയത്തിൽ എന്തെങ്കിലും തീരുമാനം കൈകൊണ്ടിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) 4.11.2012-ലെ ജി.ഒ(ആർ.ടി) 133/2010/എസ്.സി ആന്റ് എസ്.ടി. ഉത്തരവ് പ്രകാരം ലാറ്റിൻ കത്തോലിക്ക ക്രൈസ്തവ വിഭാഗത്തിന് രൂപതാ ബിഷപ്പിന്റെ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ ജാതി സർട്ടിഫിക്കറ്റ് നൽകാമെന്ന ഉത്തരവ് നിലവിലുണ്ടോ; വിശദാംശം നൽകാമോ;

(സി) ഈ ഉത്തരവ് കാസർഗോഡ് ജില്ലയിലും ബാധകമാക്കുന്നത് പരിഗണിക്കുമോ; വിശദാംശം അറിയിക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ വർഷങ്ങളായി ഈ വിഭാഗത്തിലുള്ളവർ ഉന്നയിക്കുന്ന പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## വിജിലൻസ് പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ

2953 **ശ്രീ. ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ വിജിലൻസ് നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്രമക്കേടുകളിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## മണിമലയിലെ കമ്മ്യൂണിറ്റി ഹാൾ

2954 **ഡോ. എൻ. ജയരാജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി മണിമലയിൽ പണികഴിപ്പിച്ച കമ്മ്യൂണിറ്റി ഹാൾ തുറന്ന് കൊടുക്കാനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പൊതുപ്പണം ഉപയോഗിച്ച് പൂർത്തിയാക്കിയ പ്രസ്തുത ഹാൾ ഉപയോഗിക്കാനാകാതെ ദീർഘകാലമായി അടഞ്ഞ് കിടക്കുന്നത് കണക്കിലെടുത്ത് ആയത് അടിയന്തരമായി തുറന്ന് കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

**അട്ടപ്പാടിയിലെ ശിശുമരണങ്ങൾ**

2955 **ശ്രീ. ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാറിന്റെ (2016 -21) കാലം മുതൽ നാളിതുവരെ അട്ടപ്പാടിയിൽ എത്ര ശിശുമരണങ്ങൾ ഉണ്ടായിട്ടുണ്ട്; വർഷം തിരിച്ചു വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ അട്ടപ്പാടിയിൽ എസ്.സി., എസ്.ടി. വകുപ്പ് മുഖേന സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യപരിപാലനത്തിനും സംരക്ഷണത്തിനുമായി എന്തൊക്കെ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കുമോ; വിശദാംശങ്ങൾ ഇനം തിരിച്ചു ലഭ്യമാക്കുമോ?

**വടക്കാഞ്ചേരി മണ്ഡലത്തിലെ സേഫ് പദ്ധതി**

2956 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സേഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ നാളിതുവരെ ലഭ്യമായിട്ടുണ്ട്;

(ബി) ഈ സാമ്പത്തിക വർഷം എത്ര പേർക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(സി) നിലവിൽ പ്രസ്തുത ആനുകൂല്യത്തിന് അർഹത ലഭിച്ചവർക്ക് എത്ര ഗഡു ധനസാഹയം ലഭ്യമാക്കിയിട്ടുണ്ടെന്നും ഇതിനായി ചെലവാക്കിയ തുക എത്രയെന്നും വിശദമാക്കാമോ?

**കോഴിക്കോട് ജില്ലയിലെ ചക്കിളിയ സമുദായം**

2957 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ചക്കിളിയ സമുദായത്തിനെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നതിന് പ്രത്യേക സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് പ്രായോഗിക തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

**ഭൂരഹിതരായ പട്ടികവർഗ്ഗവിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി**

2958 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ പട്ടികവർഗ്ഗവിഭാഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിപ്രകാരം 04.03.2023-ലെ റവന്യൂ വകുപ്പിന്റെ 1047/2023 നമ്പർ ഉത്തരവ് പ്രകാരം സ്ഥലവില അംഗീകരിച്ച് നൽകിയിട്ടുള്ള വൈപ്പിൻ നിയോജക മണ്ഡലത്തിലെ 32.10 ആർസ് സ്ഥലം ഏറ്റെടുക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുത്ത് അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) രൂക്ഷമായ കടലാക്രമണ ഭീഷണി നേരിടുന്ന വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ ചാപ്പാകടപ്പുറത്ത് താമസിക്കുന്ന എസ്.ടി കുടുംബങ്ങളെ പ്രസ്തുത പദ്ധതിപ്രകാരം പുനരധിവസിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

## <u>നായാടി കോളനിയിൽ ഭവന നിർമ്മാണം</u>

2959 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടവല്ലൂർ പഞ്ചായത്തിലെ നായാടി കോളനിയിൽ വാസയോഗ്യമായ വീടില്ലാത്തവരുടെ ഭവന നിർമ്മാണത്തിന് പ്രത്യേക പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മേൽപ്പറഞ്ഞ കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) നായാടി വിഭാഗക്കാർക്ക് വീട് നിർമ്മിച്ചു നൽകാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## <u>കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലെ വികസന പദ്ധതികൾ</u>

2960 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ പട്ടികജാതി ക്ഷേമവകുപ്പ് 2021 വർഷം മുതൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പുതിയ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>മാവേലിക്കര മണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ ഉന്നമനത്തിനുള്ള നടപടികൾ</u>

2961 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളുടെ ഉന്നമനത്തിനും പുനരുദ്ധാരണത്തിനും സ്വീകരിച്ച നടപടികളും അനുവദിച്ച തുകയും വിശദമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിൽ പ്രസ്തുത മേഖലയിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങളും പദ്ധതികളുടെ തൽസ്ഥിതിയും വിശദമാക്കുമോ;

(സി) പട്ടികജാതി ക്ഷേമവകുപ്പിന്റെ അധീനതയിലുള്ള മാവേലിക്കര പട്ടികജാതി ഐ.ടി.ഐ.യിലെ ബഹുനില കെട്ടിട നിർമ്മാണ പൂർത്തീകരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത ഐ.ടി.ഐ.യുടെ പുരോഗതിയ്ക്കും പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## മണലൂർ പഞ്ചായത്തിലെ എസ്.സി. വ്യവസായ കേന്ദ്രം ആരംഭിക്കാനുള്ള നടപടി

2962 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മണലൂർ പഞ്ചായത്തിൽ അൻപത് സെന്റ് സ്ഥലത്ത് എസ്.സി. വ്യവസായ കേന്ദ്രം ആരംഭിക്കുന്നതിന് കെട്ടിടമടക്കമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയെങ്കിലും നാളിതുവരെ പ്രസ്തുത വ്യവസായ കേന്ദ്രം പ്രവർത്തനമാരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യവസായ മേഖലയിൽ പുതിയ സംരംഭങ്ങൾക്ക് മുൻഗണന നൽകുന്നത് പരിഗണിച്ച് ഇത്തരം വ്യവസായ കേന്ദ്രങ്ങൾ പ്രയോജനപ്പെടുത്തി കൂടുതൽ തൊഴിലവസരങ്ങൾ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) മണലൂർ പഞ്ചായത്തിലെ പ്രസ്തുത എസ്.സി. വ്യവസായ കേന്ദ്രം ആരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

## പട്ടികജാതി-പട്ടികവർഗ വികസന ഫണ്ട് വിനിയോഗത്തിലെ ക്രമക്കേട്

2963 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ വികസന ഫണ്ടിന്റെ വിനിയോഗത്തിൽ കഴിഞ്ഞ സർക്കാരിന്റെ (2016-21) കാലം മുതൽ നാളിതുവരെ എത്ര കോടി രൂപയുടെ അഴിമതി/ ക്രമക്കേട് നടന്നതായാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അഴിമതി/ക്രമക്കേട് കണ്ടെത്തിയത് ഏത് ഏജൻസിയാണെന്നും ഓരോ ക്രമക്കേടിലും ഉത്തരവാദികളായവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വിവിധ പദ്ധതികളിലെ കേന്ദ്ര സഹായം

2964 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ മുൻസർക്കാർ നിലവിൽ വന്ന കാലം മുതൽ നാളിതുവരെ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കായി കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന വിവിധ പദ്ധതികളിൽ കേന്ദ്ര സഹായം നിർത്തലാക്കുകയോ കുറവ് വരുത്തുകയോ ചെയ്തിട്ടുള്ളത് ഏതൊക്കെ പദ്ധതികളിലാണെന്നും എന്തൊക്കെ കുറവുകൾ / നിർത്തലാക്കലുകൾ ആണ് ഉണ്ടായിട്ടുള്ളതെന്നും പദ്ധതി തിരിച്ച് വ്യക്തമാക്കുമോ?

## <u>പട്ടികജാതി വകുപ്പിന്റെ വിവിധ പദ്ധതികളിലെ ക്രമക്കേടുകൾ</u>

2965 **ശ്രീ. യു. എ. ലത്തീഫ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. എ. കെ. എം. അഷ്‌റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെടുന്ന അനർഹരായവർക്ക് മാനദണ്ഡങ്ങൾ ലംഘിച്ച് ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) പട്ടികജാതിക്കാർക്കുള്ള വിവിധ പദ്ധതികളിൽ നടന്നു വരുന്ന ക്രമക്കേടുകളെ സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

## <u>ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന</u>

2966 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അവസാനമായി പരിശോധന നടത്തിയത് എന്നാണ്; പ്രസ്തുത പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## <u>2022-23 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും</u>

2967 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും പ്രസ്തുത ശീർഷകങ്ങളിൽ ചെലവഴിച്ച തുകയും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

## വീട് വയ്ക്കാൻ അനുവദിക്കുന്ന തുക വർദ്ധിപ്പിക്കാൻ നടപടി

2968 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ഷാഫി പറമ്പിൽ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് വയ്ക്കാനായി സർക്കാർ അനുവദിക്കുന്ന തുക പര്യാപ്തമല്ലെന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ഭൂരിഭാഗവും ഉൾപ്രദേശങ്ങളിൽ താമസിക്കുന്നതിനാൽ വീടുകൾ വയ്ക്കുന്നതിന് നിർമ്മാണ സാമഗ്രികൾ എത്തിക്കുന്നതിനുള്ള ചെലവ് മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കൂടുതലായിരിക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീട് വയ്ക്കാനായി അനുവദിക്കുന്ന തുക വർദ്ധിപ്പിക്കാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

## പട്ടികജാതി കുടുംബങ്ങളെ ബിസിനസ് ഭവനങ്ങളും ഉൽപ്പാദന കേന്ദ്രങ്ങളുമായി മാറ്റുന്നതിന് പദ്ധതി

2969 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങളെ ബിസിനസ് ഭവനങ്ങളും ഉൽപ്പാദന കേന്ദ്രങ്ങളുമായി മാറ്റുന്നതിനായി പ്രത്യേകമായ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; പദ്ധതി പ്രാവർത്തികമാക്കുന്നതിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; എത്രത്തോളം നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ;

(ബി) പട്ടികജാതി കുടുംബങ്ങളിലെ ഭിന്നശേഷിക്കാരുടെ സാമൂഹ്യസാമ്പത്തിക ശാക്തീകരണത്തിനായി പ്രത്യേക പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയുടെ വികസനം

2970 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അട്ടപ്പാടി പട്ടികവർഗ്ഗ മേഖലയുടെ വികസനത്തിനായി പട്ടികവർഗ്ഗ വകുപ്പ് മുഖേന എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന്

അറിയിക്കുമോ; എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് പ്രസ്തുത തുക ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

**എസ്.സി ക്ഷേമ പദ്ധതികളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ**

2971 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലം മുതൽ എസ്.സി ക്ഷേമ പദ്ധതികളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ ഏതൊക്കെയാണെന്നും ക്രമക്കേട് കണ്ടെത്തിയ ഏജൻസികൾ ഏതാണെന്നും ഓരോന്നിലും എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

**വാത്സല്യ നിധി പദ്ധതി**

2972 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനത്തിനായി വാത്സല്യ നിധി എന്ന പേരിൽ നടപ്പിലാക്കി വരുന്ന ഇൻഷ്വറൻസ് ബന്ധിത സാമൂഹിക സുരക്ഷ പദ്ധതിയുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ എത്ര പേർക്ക് ഇതിനോടകം ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്ന് വർഷാടിസ്ഥാനത്തിലുള്ള കണക്ക് നൽകുമോ?

**വാമനപുരം മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സങ്കേതങ്ങളുടെ ഉന്നമനം**

2973 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ അധിവസിക്കുന്ന പ്രധാന സങ്കേതങ്ങൾ ഏതെല്ലാമാണെന്ന് പഞ്ചായത്ത് തിരിച്ച് നൽകാമോ;

(ബി) പ്രസ്തുത സങ്കേതങ്ങളിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് മൊബൈൽ ഇന്റർനെറ്റ് സംവിധാനങ്ങളുടെ അപര്യാപ്തത ഉള്ളതെന്ന് വിശദമാക്കാമോ;

(സി) മൊബൈൽ ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**ഹരിത രശ്മി പദ്ധതി**

2974 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ,

പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിന്റെ പരമ്പരാഗത കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ആരംഭിച്ച ഹരിതരശ്മി പദ്ധതി എല്ലാ പട്ടികവർഗ്ഗ ഗ്രാമങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ പദ്ധതിയുടെ ഭാഗമായി ഗോത്രവർഗ്ഗക്കാരുടെ പരമ്പരാഗത ഭക്ഷ്യ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിന് ഏതെല്ലാം സ്ഥാപനങ്ങളുടെ സാങ്കേതിക സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരമുള്ള കാർഷിക പദ്ധതി നടപ്പിലാക്കുന്ന പട്ടികവർഗ്ഗ സൊസൈറ്റികൾക്ക് എന്തെല്ലാം തരത്തിലുള്ള സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദമാക്കുമോ?

## <u>വാത്സല്യനിധി പദ്ധതി</u>

2975 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കുവേണ്ടി ആരംഭിച്ച വാത്സല്യനിധി പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും മാനദണ്ഡങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കൂത്തുപറമ്പ് നിയോജക മണ്ഡലത്തിൽ നിന്നും എത്ര പെൺകുട്ടികൾ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## <u>പൂതേരി വളപ്പ് കോളനിയിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി</u>

2976 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമ വികസന പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത വള്ളിക്കുന്ന് മണ്ഡലത്തിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിൽ പൂതേരി വളപ്പ് കോളനിക്ക് ഫണ്ട് അനുവദിച്ച് നൽകുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനി നവീകരണത്തിന് സാങ്കേതികാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്നും ആയതിന് കാലതാമസം വന്നതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

## <u>എസ്.ടി ക്ഷേമ പദ്ധതികളിൽ കണ്ടെത്തിയ ക്രമക്കേടുകൾ</u>

2977 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം

മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ എസ്.ടി ക്ഷേമ പദ്ധതികളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ ഏന്തൊക്കെയാണെന്നും ക്രമക്കേട് കണ്ടെത്തിയ ഏജൻസികൾ ഏതാണെന്നും ഓരോന്നിലും എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

## സർക്കാർ/അർദ്ധ-സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിലെ പിന്നാക്ക വിഭാഗ പ്രാതിനിധ്യം

2978 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗം, മറ്റ് പിന്നാക്ക വിഭാഗങ്ങൾ എന്നിവയിൽപ്പെട്ടവരുടെ ഉദ്യോഗസ്ഥ പ്രാതിനിധ്യത്തെക്കുറിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാണോ; ഇല്ലെങ്കിൽ ആയത് ശേഖരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ/അർദ്ധ-സർക്കാർ/എയ്ഡഡ്/ സ്വയംഭരണ/പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പിന്നാക്ക വിഭാഗ പ്രാതിനിധ്യം സംബന്ധിച്ച കണക്കുകൾ തയ്യാറാക്കാൻ പിന്നാക്ക വിഭാഗ കമ്മീഷനു കീഴിൽ ഇ.സി ഡെസ്ക് (ഇ - കാസ്റ്റ് ഡാറ്റാബേസ് ഓഫ് എംപ്ലോയീസ് ഇൻ സർവ്വീസ് കേരള) എന്ന പേരിൽ ഒരു വെബ് പോർട്ടൽ പ്രവർത്തിച്ചുവരുന്നുണ്ടോയെന്നും ആയത് പ്രവർത്തനമാരംഭിച്ചിട്ട് എത്ര വർഷമായെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത വെബ് പോർട്ടലിൽ വിവിധ സർക്കാർ/അർദ്ധ-സർക്കാർ/സ്വയംഭരണ/ എയ്ഡഡ്/പൊതുമേഖലാ സ്ഥാപനങ്ങൾ, സർവകലാശാലകൾ, ബോർഡ്/ കോർപ്പറേഷനുകൾ എന്നിവയിൽ നിന്നും അപ് ലോഡ് ചെയ്യപ്പെട്ട ജീവനക്കാരുടെ വിവരങ്ങൾ റിപ്പോർട്ട് രൂപത്തിലാക്കി സൂക്ഷിച്ചിട്ടുണ്ടോയെന്നും കൺസോളിഡേറ്റഡ് റിപ്പോർട്ടുകൾ പ്രസ്തുത വെബ്പോർട്ടലിലോ പിന്നാക്ക വിഭാഗ കമ്മീഷന്റെ വെബ്സൈറ്റിലോ നിലവിൽ ലഭ്യമാണോയെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ/പിന്നാക്ക വിഭാഗ പ്രാതിനിധ്യം വിശദമാക്കുന്ന തരത്തിലുള്ള റിപ്പോർട്ടുകൾ ഇ.സി ഡെസ്ക് വെബ് പോർട്ടൽ, പിന്നാക്ക വിഭാഗ കമ്മീഷന്റെ വെബ്സൈറ്റ് എന്നിവ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ;

(ഇ) പ്രസ്തുത വെബ് പോർട്ടലിലെ തങ്ങളുടെ ലോഗിൻ മുഖേന പിന്നാക്ക വിഭാഗ കമ്മീഷന് സർക്കാർ/മറ്റു വകുപ്പുകളിലെ ജീവനക്കാരുടെ ജാതി, മതം, വകുപ്പ്, നിയമന രീതി, ലിംഗം, കാറ്റഗറി അടിസ്ഥാനത്തിലുള്ള റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്യാമെന്നിരിക്കെ നിലവിൽ ലഭ്യമായ ജീവനക്കാരുടെ ജാതി, മതം, വകുപ്പ് എന്നിവ പ്രകാരമുള്ള റിപ്പോർട്ടുകൾ ജനറേറ്റ് ചെയ്ത് ആയതിന്റെ പി.ഡി.എഫ്. ഫോർമാറ്റ് ലഭ്യമാക്കാമോ?

## കുംഭാര സമുദായക്കാർക്ക് പ്രത്യേക സംവരണം

2979 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ,

പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുംഭാര സമുദായക്കാരുടെ തെറ്റായി ചേർത്ത ജാതിപ്പേര് തിരുത്തൽ, അവർക്ക് പ്രത്യേക സംവരണം ഏർപ്പെടുത്തൽ തുടങ്ങിയവ സംബന്ധിച്ച് കേരള പിന്നോക്കവിഭാഗ കമ്മീഷൻ നടത്തിയ സിറ്റിംഗുകളുടെ ഭാഗമായുള്ള റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കുംഭാര സമുദായക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>**ദളിത് ക്രൈസ്തവർ അനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം**</u>

2980 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദളിത് ക്രൈസ്തവർക്ക് പരിവർത്തിത ക്രൈസ്തവ കോർപ്പറേഷൻ അനുവദിക്കുന്ന വായ്പകൾക്കുള്ള വാർഷിക വരുമാന പരിധിയായ തൊണ്ണൂറ്റിയാറായിരം എന്നത് അടിയന്തരമായി ഉയർത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഭാഗത്തിന് വീടും സ്ഥലവും ലഭ്യമാക്കുന്നതിന് കൂടുതൽ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന്റെ പ്രവർത്തനത്തിന് ബജറ്റിൽ കൂടുതൽ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ഇതര സമുദായ കോർപ്പറേഷനുകൾക്ക് സർക്കാർ അനുവദിക്കുന്നതിന് തുല്യമായ തുക പരിവർത്തിത ക്രൈസ്തവ കോർപ്പറേഷന് അനുവദിക്കുന്നതിനും വിവിധ സഹായങ്ങൾക്കുള്ള തുക ഗ്രാന്റ് ആയി നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) ദളിത് ക്രൈസ്തവരായ കുട്ടികൾക്കുള്ള എൻട്രൻസ് കോച്ചിംഗ് ധനസഹായം ലഭിക്കുന്നതിന് വാർഷിക വരുമാന പരിധി ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(എഫ്) പ്രസ്തുത വിഭാഗത്തിന് പരിവർത്തിത ക്രൈസ്തവ കോർപ്പറേഷൻ അനുവദിക്കുന്ന വായ്പകൾക്ക് ജാമ്യവ്യവസ്ഥയിൽ ഇളവ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ജി) കുടുംബത്തിലെ ഏക വരുമാനദായകൻ മരണപ്പെട്ടാൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് രണ്ടു ലക്ഷം രൂപ ധനസഹായം നൽകുന്നത് പോലെയുള്ള ധനസഹായം പരിവർത്തത ക്രൈസ്തവർക്ക് കൂടി ബാധകമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>**കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ നൽകുന്ന സ്റ്റാർട്ട് അപ്പ് ലോണുകൾ**</u>

2981 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നാക്ക വികസന കോർപ്പറേഷൻ വ്യക്തികൾക്കോ സ്ഥാപങ്ങൾക്കോ സ്റ്റാർട്ട് അപ്പ് ലോണുകൾ നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) 2016 ജനുവരി മുതൽ 2023 ഡിസംബർ വരെ എത്ര പേർക്ക് പ്രസ്തുത ലോൺ നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) 2023 ന ശേഷം നാളിതു വരെ എത്ര പേർക്ക് പ്രസ്തുത ലോൺ നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

## <u>പിന്നാക്ക സമുദായാംഗങ്ങൾക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ</u>

2982 **ശ്രീ. എച്ച്. സലാം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നാക്കസമുദായക്ഷേമ വകുപ്പ് രൂപീകരിച്ചത് എന്നാണ്; പിന്നാക്ക സമുദായാംഗങ്ങൾക്കായി നടപ്പാക്കുന്ന വിവിധ വിദ്യാഭ്യാസ, തൊഴിൽ, സാമൂഹ്യക്ഷേമ പദ്ധതികളും അവയുടെ ആനുകൂല്യങ്ങളും മാനദണ്ഡങ്ങളും ഇനം തിരിച്ച് ലഭ്യമാക്കാമോ; ഇവയോടൊപ്പമുള്ള അപേക്ഷയുടെ മാതൃക ഉണ്ടെങ്കിൽ ഓരോന്നിന്റെയും കോപ്പി ലഭ്യമാക്കാമോ;

(ബി) 2016 മുതൽ പ്രസ്തുത വിഭാഗത്തിനായി നൽകിയ വിവിധ ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രവിഹിതം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക വീതം എന്ന് വെളിപ്പെടുത്താമോ?

## <u>ദേവസ്വം ബോർഡുകളുടെ കാലാവധി ഏകീകരിക്കാൻ നടപടി</u>

2983 **ഡോ. എൻ. ജയരാജ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകളുടെ കാലാവധി എത്രയെന്ന് അറിയിക്കാമോ;

(ബി) എല്ലാ ദേവസ്വം ബോർഡുകളുടെയും കാലാവധി ഏകീകരിക്കാൻ നടപടി സ്വീകരിക്കാമോ?

## <u>സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ</u>

2984 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള അഴിക്കോട് മണ്ഡലത്തിലെ

ചിറക്കലിലുള്ള സ്ഥലത്ത്, പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം ദേവസ്വം ബോർഡിൽ തന്നെ നിലനിർത്തി സാംസ്കാരിക വകുപ്പിന്റെ നിയന്ത്രണത്തിൽ സാംസ്കാരിക സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) സ്മാരകം നിർമ്മിക്കാൻ ദേവസ്വം ബോർഡിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് മാത്രം മതിയാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>ദേവസ്വം ബോർഡുകൾക്ക് നൽകിയ സാമ്പത്തിക സഹായം</u>**

2985 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകൾക്ക് 2016 മുതൽ സർക്കാർ നൽകിയിട്ടുള്ള സാമ്പത്തിക സഹായത്തിന്റെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഇക്കാലയളവിൽ വിവിധ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് നടപ്പാക്കിയ പദ്ധതികൾ ക്ഷേത്രം, തുക, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കാമോ; 2011 മുതൽ 2016 വരെയുള്ള കാലയളവിൽ ഇപ്രകാരം വിവിധ ക്ഷേത്രങ്ങളിൽ നടപ്പാക്കിയ പദ്ധതികളും തുകയും വർഷം തിരിച്ച് ലഭ്യമാക്കാമോ;

(സി) ക്ഷേത്രങ്ങളുടെ വരുമാനം സർക്കാർ എടുക്കുന്നു എന്ന തരത്തിലുള്ള വ്യാപകമായ പ്രചാരണത്തിന്റെ യാഥാർത്ഥ്യം വ്യക്തമാക്കാമോ?

**<u>മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>**

2986 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ബി) ശമ്പള പരിഷ്കരണം ഏത് വർഷം ഏത് മാസം മുതൽ നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ</u>**

2987 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ എത്ര ക്ഷേത്രങ്ങളുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളിൽ സ്ഥാനികന്മാരടക്കം എത്ര ജീവനക്കാരുണ്ടെന്ന് ക്ഷേത്രം, തസ്തിക എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാരുടെ വേതന നിരക്ക് എത്രയാണെന്നും വേതനയിനത്തിൽ കുടിശ്ശികയുണ്ടോയെന്നും എങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്നും

വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ മറ്റ് ദേവസ്വം ബോർഡുകളുടെ കീഴിലുള്ള സ്ഥാനികന്മാരുടെയും ജീവനക്കാരുടെയും വേതനം സംബന്ധിച്ച വിശദാംശം നൽകാമോ; പ്രസ്തുത ജീവനക്കാർക്ക് വേതനയിനത്തിൽ കുടിശ്ശികയുണ്ടോയെന്ന് വിശദമാക്കാമോ?

## ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം

2988 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ബോർഡ് ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) വിവിധ ദേവസ്വം ബോർഡുകളിലെ ജീവനക്കാരുടെ നിയമനരീതി വിശദമാക്കാമോ?

## ദേവസ്വം ബോർഡിലെ നിയമനങ്ങളുടെ റൊട്ടേഷൻ സംവിധാനം

2989 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിലെ നിയമനങ്ങൾക്ക് ദേവസ്വം റിക്രൂട്ട്മെൻറ് ബോർഡ് നൽകുന്ന ശിപാർശയിലെ റൊട്ടേഷൻ സംവിധാനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റൊട്ടേഷൻ പ്രകാരം അഞ്ചിൽ താഴെ ഒഴിവുകളുള്ള തസ്തികകളിൽ നിയമനം നടത്തുമ്പോൾ എസ്.സി. വിഭാഗങ്ങൾക്ക് ഉൾപ്പെടെ സംവരണക്രമം പാലിക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ?

## ദേവസ്വം ബോർഡുകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ

2990 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകളുടെ അക്കാദമിക മികവിനും പശ്ചാത്തല വികസനത്തിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പാക്കി വരുന്നതെന്ന് അറിയിക്കാമോ;

(സി) ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള വസ്തുവകകൾ പ്രയോജനപ്പെടുത്തി വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും വൈവിധ്യവും കാലിക പ്രസക്തവുമായ കോഴ്സുകൾ നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കുറ്റ്യാടി മണ്ഡലത്തിൽ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ

2991 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ വന്യമൃഗപ്രതിരോധ സംവിധാനങ്ങൾ

2992 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ വന്യമൃഗാക്രമണത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി വനമേഖലയുമായി അതിർത്തി പങ്കിടുന്ന ജനവാസകേന്ദ്രങ്ങളിൽ സമ്പൂർണ്ണ വന്യമൃഗപ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

## വനപരിപാലന പദ്ധതികളിലെ ക്രമക്കേടുകൾ തടയാൻ നടപടി

2993 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വികസന ഏജൻസികളിലും ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും വ്യാപകമായ അഴിമതി നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വനപരിപാലനത്തിനായി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകൾ വഴി അനുവദിക്കുന്ന വിവിധ പദ്ധതികളിലെ ക്രമക്കേടുകൾ തടയാൻ സ്വീകരിച്ച നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) വനം വകുപ്പിന്റെ കാർബൺ ക്രെഡിറ്റ് ഫണ്ട് ചെലവഴിച്ചതിലെ ക്രമക്കേടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## വർക്കല മണ്ഡലത്തിൽ കാട്ടുപന്നികൾ മൂലമുള്ള കൃഷിനാശം

2994 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ എത്ര ഹെക്ടർ വനപ്രദേശമുള്ളതായി കണക്കാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വനമേഖലയിൽ നിന്നുമുള്ള കാട്ടുപന്നികൾ പരിസര പ്രദേശങ്ങളിലെ കൃഷി നശിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ?

## മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നടപടി

2995 **ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. പി. കെ. ബഷീർ**
**ശ്രീ. എൻ. ഷംസുദ്ദീൻ**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ നാട്ടിലിറങ്ങി കാർഷികോത്പന്നങ്ങൾ നശിപ്പിക്കുന്നത് തടയാൻ അവയ്ക്ക് ഇഷ്ടപ്പെട്ട ഫലവൃക്ഷങ്ങൾ കാട്ടിൽ വച്ച് പിടിപ്പിക്കണം എന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) വേനൽകാലത്ത് കാട്ടിനുള്ളിൽ ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) കാടുകളിൽ നിന്നും വിദേശയിനം വൃക്ഷങ്ങളെ നീക്കം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

## വയനാട്ടിൽ കടുവ ആക്രമണം

2996 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്, പ്രത്യേകിച്ച് വയനാട്ടിൽ കടുവ ആക്രമണം രൂക്ഷമായതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) അസുഖം ബാധിച്ചതും പരിക്ക് പറ്റിയതും ഇര തേടാനാവാത്തതുമായ കടുവകളാണ് കൂടുതലായി നാട്ടിലേക്ക് ഇറങ്ങുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ള കടുവകളെ നിരീക്ഷിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

## തിരുവനന്തപുരം ജില്ലയിലെ സംരക്ഷിത കാവുകൾ

2997 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വനം വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത കാവുകളുടെ പ്രത്യേകതകൾ എന്തെല്ലാമാണെന്നും അവ സംരക്ഷിക്കാൻ എടുത്ത നടപടികളും വിശദമാക്കാമോ?

## വന്യമൃഗാക്രമണത്തിന് ശാശ്വത പരിഹാരം

2998 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കർണ്ണാടക വനാതിർത്തി പങ്കിടുന്ന പാലവയലിലും

സമീപ വില്ലേജുകളിലും നിത്യേനയുള്ള വന്യമൃഗാക്രമണം ശാശ്വതമായി പരിഹരിക്കാനും കർഷകരുടെ സ്വൈര്യ ജീവിതത്തിനും സ്വത്തിനും സംരക്ഷണം നൽകാനും പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; 2016 മുതൽ നാളിതുവരെ പ്രസ്തുത സ്ഥലത്ത് ഈ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## വനം സർവ്വേ

2999 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം സർവ്വേ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത സർവ്വേ പ്രകാരം സംസ്ഥാനത്തെ വനമേഖലയുടെ വിസ്തൃതി എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വേ പ്രകാരമുള്ള സ്വാഭാവിക വനത്തിന്റെയും വച്ചുപിടിപ്പിച്ച വനത്തിന്റെയും കണക്ക് തരം തിരിച്ച് ലഭ്യമാക്കുമോ;

(ഡി) പ്ലാന്റേഷൻ കോർപ്പറേഷൻ മരം വച്ചു പിടിപ്പിച്ച ഭാഗം സർവ്വേയിൽ ഉൾപ്പെടുന്നുണ്ടോ; എങ്കിൽ അതെത്രയാണെന്ന് വ്യക്തമാക്കുമോ?

## കാർബൺ സംഭരണം മെച്ചപ്പെടുത്തുന്നതിന് കർമ്മപരിപാടികൾ

3000 **ശ്രീമതി സി. കെ. ആശ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ വി ശശി**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിരവനപരിപാലന പ്രവർത്തനങ്ങളുടെ ഭാഗമായി വനമേഖലയിൽ ഉൾപ്പെടെ കാർബൺ സംഭരണം മെച്ചപ്പെടുത്തുന്നതിന് കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) അന്തരീക്ഷത്തിലെ കാർബൺ സംയുക്തങ്ങളിൽ നിന്നും ഉയർന്ന അളവിൽ കാർബൺ വേർതിരിക്കുന്നതിനു ശേഷിയുള്ള വൃക്ഷ ഇനങ്ങളെ സംബന്ധിച്ച് സമഗ്ര പഠനങ്ങൾ നടത്തുന്നതിന് മുൻകൈയ്യെടുക്കുമോ; വിശദീകരിക്കുമോ;

(സി) സാമൂഹ്യവനവല്ക്കരണ പരിപാടിയുടെ ഭാഗമായി ഉയർന്ന അളവിൽ കാർബൺ വേർതിരിക്കുന്നതിനു ശേഷിയുള്ള വൃക്ഷ ഇനങ്ങളെ വലിയതോതിൽ നട്ടു വളർത്തുന്നതിനും സംരക്ഷിക്കുന്നതിനും കൂടുതൽ പ്രാമുഖ്യം നൽകുമോ; വിശദീകരിക്കുമോ;

(ഡി) ആഫ്രിക്കൻ രാജ്യമായ മൊസാംബിക്കിലെ നംബീറ്റ മേഖലയിൽ നടപ്പിലാക്കിയ പദ്ധതിയായ പേയ്മെന്റ് ഫോർ എൻവയോൺമെന്റൽ സർവീസ്(പി.ഇ.എസ്) മാതൃകയിലുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

## സ്വകാര്യ കണ്ടൽക്കാടുകളെ ഏറ്റെടുക്കൽ

3001 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ്

മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ ഏറ്റെടുക്കുന്നതിനായി നാളിതുവരെ എത്ര തുക നീക്കിവെച്ചിട്ടുണ്ട്; ഇതിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചു; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നിലവിൽ മരവിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; പാരിസ്ഥിതിക പ്രാധാന്യമുള്ള ഈ പദ്ധതി നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിയ്ക്കുമോ; വിശദമാക്കാമോ ?

## റോഡുകളുടെ വികസനത്തിന് വനഭൂമി ലഭ്യമാക്കൽ

3002 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോരഹൈവേ ഉൾപ്പെടെയുള്ള വിവിധ റോഡുകളുടെ വികസനാവശ്യങ്ങൾക്കായി വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) മലയോരഹൈവേ നിർമ്മാണം, പുതുക്കാട്-മുപ്ലിയം- കോടാലി സ്കൂൾ റോഡ്, പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡ് എന്നീ പുതുക്കാട് മണ്ഡലത്തിൽ ഉൾപ്പെടുന്ന റോഡുകളുടെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കായി വനഭൂമി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

## വനമേഖലയോട് ചേർന്ന് കിടക്കുന്ന ഭൂമി ഏറ്റെടുക്കൽ

3003 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വന്യമൃഗാക്രമണം രൂക്ഷമായ വനമേഖലയോട് ചേർന്ന് കിടക്കുന്ന കൃഷിസ്ഥലം, വാസസ്ഥലം എന്നിവ നഷ്ടപരിഹാരം നൽകി ഉടമസ്ഥരിൽ നിന്നും വനം വകുപ്പ് ഏറ്റെടുക്കുന്ന പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ ഏതൊക്കെ മേഖലയിലെ ഭൂമിയാണ് ഈ പദ്ധതി പ്രകാരം ഏറ്റെടുത്തതെന്ന് അറിയിക്കാമോ?

## പുറക്കാട് സ്മൃതി വനം

3004 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ ഉൾപ്പെടുന്ന പുറക്കാട് സ്മൃതി വനം എത്ര ഏക്കർ ഭൂമിയാണ്; ഇത് എന്നാണ് വനം വകുപ്പിന് ലഭിച്ചത്;

(ബി) പ്രസ്തുത ഭൂമിയിൽ എന്തെങ്കിലും വികസന പദ്ധതികൾ നടപ്പാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നോ; എങ്കിൽ അവയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(സി) വലിയ മരങ്ങളുടെ വളർച്ചയ്ക്ക് സാധ്യമല്ലാത്ത പ്രസ്തുത ഭൂമിയിൽ ടൂറിസം, കായികം, കൃഷി തുടങ്ങിയ വകുപ്പുകളുമായി ചേർന്ന് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് വനം വകുപ്പ് മുൻകൈയെടുക്കുമോ?

## വനത്തെ ആശ്രയിക്കുന്ന ആദിവാസി സമൂഹങ്ങളുടെ ഉപജീവന മാർഗ്ഗം

3005 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തെ ആശ്രയിച്ച് ജീവിക്കുന്ന ആദിവാസി സമൂഹങ്ങളുടെ ഉപജീവന മാർഗ്ഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വനം വകുപ്പും ബന്ധപ്പെട്ട വകുപ്പുകളുമായും ഏജൻസികളുമായും സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൻ പ്രകാരം 2022, 2023 കാലയളവിൽ കേരളത്തിൽ ആദിവാസി വിഭാഗങ്ങൾക്ക് ലഭിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

## കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷൻ

3006 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നോർത്ത് ഡി. എഫ്. ഒ. യുടെ കീഴിലുള്ള കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന വനമേഖലയിൽ നിന്നും വന്യജീവികൾ കൃഷി ഭൂമിയിലേക്ക് ഇറങ്ങി കൃഷി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ കീഴിൽ വനംവകുപ്പ് തയ്യാറാക്കിയ 1977ന് മുമ്പുള്ള വനം വകുപ്പിന്റെ കൈവശമുള്ള ഭൂമിയുടെ ഒറിജിനൽ സ്കെച്ച് ഏത് ഓഫീസിലാണ് നിലവിലുള്ളത്; ആയതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ലഭ്യമാക്കാമോ; സ്കെച്ച് തയ്യാറാക്കിയ ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ 1977 ജനുവരി ഒന്നിന് മുമ്പ് വിളക്കണ്ണൻപാറ, മേരിലാൻഡ്, മലാംകുണ്ട്, പാതാർ, കുവക്കോൽ, ഭൂദാനം എന്നിവിടങ്ങളിൽ വനം വകുപ്പ് പാറമാർക്കുള്ള അതിരടയാളങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ അളവുകൾ സഹിതം, മാസം, വർഷം എന്നിവ രേഖപ്പെടുത്തിയ റിപ്പോർട്ടുകൾ ലഭ്യമാക്കാമോ; ടി മേഖലകളുടെ അതാത് മാസത്തെ സർവേ റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷന്റെ പരിധിയിൽ 1977-ന് മുൻപോ ശേഷമോ കർഷകരുടെ കുടിയേറ്റവുമായി ബന്ധപ്പെട്ട് വനപാലകർക്കെതിരെ കൃത്യവിലോപം നടത്തിയെന്ന കുറ്റത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കാമോ?

## വനം കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി

3007 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിലവിലുള്ള വനവിസ്തൃതി എത്രയെന്നും ആയത് ദേശീയ ശരാശരിയെക്കാൾ കൂടുതലാണോയെന്നും വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട് ; ഈ സർക്കാർ നാളിതുവരെ എത്ര ഹെക്ടർ വനം കയ്യേറ്റം ഒഴിപ്പിച്ചെടുത്തു ; നിലവിൽ എത്ര ഹെക്ടർ

വനം കയ്യേറ്റം ഒഴിപ്പിക്കാനുണ്ട്; വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് നിലവിൽ എത്ര കേസുകൾ തീർപ്പാക്കാനുണ്ട്; ഇത്തരം കേസുകൾ തീർപ്പാക്കുന്നതിനും കയ്യേറ്റക്കാരെ കർശന ശിക്ഷയ്ക്ക് വിധേയമാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## വയലട റോഡിന്റെ നവീകരണം

3008 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വയലടയിൽ ടൂറിസം പ്രദേശത്തേക്ക് കടന്നു പോവുന്ന പ്രധാന റോഡിന്റെ ചെറിയ ഭാഗം വനം വകുപ്പിന്റെ അധീനതയിലായതിനാൽ നവീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വനം വകുപ്പിന്റെ കൈവശമുള്ള പ്രസ്തുത റോഡ് നവീകരിക്കുന്നതിന് പനങ്ങാട് ഗ്രാമപഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) പ്രസ്തുത റോഡ് നവീകരിക്കുന്നതിനുള്ള അനുമതി നൽകുന്നതിന് അടിയന്തര പരിഗണന നൽകാമോ?

## ഇക്കോ ടൂറിസം കേന്ദ്രങ്ങൾ

3009 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനംവകുപ്പിന്റെ അധീനതയിൽ എത്ര ഇക്കോ ടൂറിസം കേന്ദ്രങ്ങളാണ് ഉള്ളത്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ വനം വകുപ്പിന്റെ ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ നിന്നും എത്ര രൂപയുടെ വരുമാനം ലഭിച്ചു എന്നത് സംബന്ധിച്ച ഡിവിഷൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; കൂടുതൽ വരുമാനം ലഭിച്ച ഡിവിഷൻ ഏതെന്നു വ്യക്തമാക്കാമോ;

(സി) ഇക്കോ ടൂറിസം കേന്ദ്രങ്ങളുടെ നവീകരണത്തിനും ആധുനികവൽക്കരണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്നു വിശദമാക്കാമോ?

## വനം വകുപ്പിന്റെ അധീനതയിലുള്ള ടൂറിസം സെന്ററുകൾ

3010 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ അധീനതയിലുള്ള ടൂറിസം സെന്ററുകൾ ഏതെല്ലാമാണ്;

(ബി) വനം വകുപ്പിന്റെ ഐ.ബി, റിസോർട്ട്, റസ്റ്റ് ഹൗസുകൾ എന്നിവ നിലവിൽ എവിടെയെല്ലാമുണ്ട്; പ്രസ്തുത സ്ഥലങ്ങളിൽ താമസത്തിനുള്ള ബുക്കിംഗ് ഏതു രീതിയിലാണ്; പ്രസ്തുത ഐ.ബി, റിസോർട്ട്, റെസ്റ്റ് ഹൗസുകൾ എന്നിവയുമായി ബന്ധപ്പെടുവാൻ ഫോൺ നമ്പർ നിലവിലുണ്ടോ; എങ്കിൽ ആയത് നൽകാമോ;

(സി) വനം വകുപ്പിന്റെ ഒരോ ടൂറിസം സെന്ററുകളിലും 2023-2024 വർഷത്തിൽ ലഭിച്ച മൊത്തം വരുമാനത്തിന്റെ ഇനവും സെന്ററും തിരിച്ചുള്ള വിവരങ്ങൾ നൽകുമോ?

## ഇക്കോ ടൂറിസം സർക്യൂട്ട്

3011 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ കീഴിലുള്ള ഇക്കോ ടൂറിസം കേന്ദ്രങ്ങളെ കോർത്തിണക്കി ഇക്കോ ടൂറിസം സർക്യൂട്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

## ബീറ്റ്ഫോറസ്റ്റ് ഓഫീസർമാരുടെ ഒഴിവുകൾ

3012 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബീറ്റ്ഫോറസ്റ്റ് ഓഫീസർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ എത്ര എണ്ണം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

## പുനലൂർ മണ്ഡലത്തിൽ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി

3013 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന്റെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം പുനലൂർ മണ്ഡലത്തിലെ റോസ് മലയിൽ, പുനരധിവാസത്തിനായി ലഭിച്ച ഒന്നാം ഘട്ട തുക കൈപ്പറ്റി താമസിച്ചിരുന്ന വീട് പൊളിച്ചു മാറ്റുകയും ലഭിച്ച തുക കൊണ്ട് പുതിയ ഭൂമിയ്ക്ക് അഡ്വാൻസ് നൽകി കാത്തിരിക്കുകയും ചെയ്യുന്ന കുടുംബങ്ങൾക്ക് നാളിതുവരെയും രണ്ടാം ഗഡു ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇവർക്ക് രണ്ടാം ഗഡു തുക സമയബന്ധിതമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത തുക എപ്പോൾ നൽകാനാകും എന്ന് വിശദമാക്കാമോ;

(സി) ചെന്തുരുണി വന്യജീവി സങ്കേതത്തിനുള്ളിലെ എംപോങ് വനമേഖലയിലെ സ്വകാര്യ ഭൂമിയിൽ താമസിക്കുന്ന പട്ടിക വർഗ്ഗേതര കുടുംബങ്ങളുടെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ; ആയത് എപ്പോഴേയ്ക്ക് പരിഹരിയ്ക്കാനാകുമെന്നും വിശദമാക്കാമോ;

(ഡി) കൈവശഭൂമിയ്ക്ക് പട്ടയം ലഭിച്ചിട്ടില്ലാത്തവർക്ക് ഉടമസ്ഥാവകാശ സാക്ഷ്യപത്രമോ നിലവിലുള്ള കൈവശാവകാശമോ പരിഗണിച്ച് ഇവരുടെ സ്ഥലത്തിനും കെട്ടിടത്തിനും നഷ്ടപരിഹാരം നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## വനം വകുപ്പിന് അനുവദിച്ചിരുന്ന തുകയും ചെലവഴിച്ച തുകയും

3014 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം വനം വകുപ്പിന് വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും പ്രസ്തുത ശീർഷകങ്ങളിൽ ചെലവഴിച്ച തുകയും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

**<u>വനമേഖലയിലെ മാലിന്യനിക്ഷേപം</u>**

3015 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനമേഖലയിൽ മാലിന്യം നിക്ഷേപിക്കുന്നത് തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) വനത്തിന് സമീപത്തിലെ പാതയോരങ്ങളിലും വനമേഖലയിലും രാത്രികാലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

**<u>വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ജീവനക്കാരുടെ ജീവൻ സംരക്ഷിക്കാനും കേന്ദ്ര സേന</u>**

3016 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും ജീവനക്കാരുടെ ജീവൻ സംരക്ഷിക്കാനും സി.ആർ.പി.എഫ്. പോലുള്ള കേന്ദ്ര സേനയെ ചുമതലപ്പെടുത്തണം എന്ന് ജീവനക്കാരുടെ സംഘടന ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ ആവശ്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള സംവിധാനങ്ങൾ കാര്യക്ഷമമല്ലാത്ത സാഹചര്യത്തിലാണോ ജീവനക്കാരുടെ സംഘടന ഈ ആവശ്യം ഉന്നയിച്ചതെന്ന് വ്യക്തമാക്കാമോ?

**<u>അരുവിക്കര മണ്ഡലത്തിലെ വന്യമൃഗാക്രമണങ്ങൾ</u>**

3017 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വർദ്ധിച്ചു വരുന്ന വന്യമൃഗാക്രമണത്തിന് പരിഹാരം കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇതിലേക്കായി നടപ്പുവർഷം നടത്തുന്ന പദ്ധതികൾ ഏതെല്ലാമെന്നും ഫണ്ട് വിവരങ്ങളും വ്യക്തമാക്കാമോ?

## സ്നേഹഹസ്തം പദ്ധതി

3018 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ഊരുകളിൽ വനംവകുപ്പ് നടപ്പിലാക്കുന്ന സ്നേഹഹസ്തം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതി എത്ര കേന്ദ്രങ്ങളിലാണ് നടപ്പിലാക്കുന്നത്?

## വനം വിജിലൻസ് നടത്തിയ പരിശോധന

3019 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ വനം വിജിലൻസ് നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത ക്രമക്കേടുകളിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## എലിഫന്റ് ഡാറ്റാബുക്ക്

3020 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാട്ടാനകളുടെ വിവരങ്ങൾ അടങ്ങുന്ന എലിഫന്റ് ഡാറ്റാ ബുക്ക് വനം വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോയെന്നും എന്തൊക്കെ വിവരങ്ങളാണ് ഇതിൽ രേഖപ്പെടുത്തുന്നതെന്നും വിശദീകരിക്കുമോ;

(ബി) ആനകളുടെ വളർച്ച സംബന്ധിച്ച എന്തെങ്കിലും വിവരം ഡാറ്റാ ബുക്കിൽ രേഖപ്പെടുത്തുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര വർഷത്തിലൊരിക്കലാണ് പ്രസ്തുത പരിശോധന നടത്തുന്നതെന്നും അറിയിക്കുമോ;

(സി) നിലവിലുള്ള എലിഫന്റ് ഡേറ്റാ ബുക്കിൽ ഏതു വർഷത്തെ അളവുകളാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) എലിഫന്റ് ഡേറ്റാ ബുക്കിലെ അളവുകൾ പുനർനിർണ്ണയിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന വ്യക്തമാക്കാമോ?

## ഗ്രാമീണ കാർഷിക മേഖലയിലെ വന്യമൃഗാക്രമണം

3021 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു വന മേഖലയോട് ചേർന്ന സ്ഥലങ്ങളിലും, ഗ്രാമീണ മേഖലയിലെ കൃഷി സ്ഥലങ്ങളിലും വന്യമൃഗാക്രമണം വർധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇത്തരം സ്ഥലങ്ങളിൽ സോളാർ വേലികൾ ഉൾപ്പെടെയുള്ള പ്രതിരോധ

മാർഗങ്ങൾചെയ്യുന്നതിനു കർഷകരെ സഹായിക്കുന്ന എന്തൊക്കെ പദ്ധതികളാണ് വനംവകുപ്പിനുള്ളതെന്ന് അറിയിക്കാമോ?

**<u>പുനലൂർ മണ്ഡലത്തിൽ ക്ലിയർ ഫെല്ലിംഗ് നടത്താനുള്ള തോട്ടങ്ങൾ</u>**

3022 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ ക്ലിയർ ഫെല്ലിംഗ് നടത്തി ഒഴിച്ചിട്ടിരിക്കുന്ന എത്ര തേക്ക്, പൾപ്പ് വുഡ് തോട്ടങ്ങൾ ഉണ്ടെന്നും അവ എവിടെയൊക്കെയാണെന്നും ഇനിയും പുനരുജ്ജീവന നടപടി ആരംഭിയ്ക്കാത്ത പ്ലാന്റേഷനുകൾ ഉണ്ടെങ്കിൽ എവിടെയൊക്കെ ആണെന്നും അറിയിക്കുമോ;

(ബി) പുനലൂർ മണ്ഡലത്തിൽ റൊട്ടേഷൻ പൂർത്തിയായ (മച്വർ ആയ) എത്ര തേക്ക്, പൾപ്പ് വുഡ് തോട്ടങ്ങൾ ഉണ്ടെന്നും അവയിൽ ഇനി ക്ലിയർ ഫെല്ലിങ് നടത്താനുള്ള തോട്ടങ്ങൾ എത്ര എണ്ണമെന്നും എവിടെയൊക്കെയാണെന്നും എന്നത്തേയ്ക്ക് ക്ലിയർ ഫെല്ലിങ് നടത്താൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) റൊട്ടേഷൻ പൂർത്തിയാക്കി മുറിക്കാനുള്ള പൾപ്പ് വുഡ് തോട്ടങ്ങളിൽ ഇനിയും വർക്കിംഗ് പ്ലാൻ അംഗീകരിക്കാനുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ?

**<u>ബളാൽ പഞ്ചായത്തിലെ അത്തിയടുക്കത്തെ പട്ടയഭൂമി</u>**

3023 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബളാൽ പഞ്ചായത്തിലെ അത്തിയടുക്കത്തെ വനം വകുപ്പ് ഏറ്റെടുത്ത പട്ടയഭൂമി കൈവശക്കാർക്ക് തിരിച്ചു നൽകാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ?

**<u>വനം വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ഓഡിറ്റ്</u>**

3024 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ നാല് വർഷ കാലയളവിൽ സി. ആന്റ്.എ.ജി. നടത്തിയ ഓഡിറ്റിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഡിറ്റ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന</u>**

3025 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അവസാനമായി പരിശോധന നടത്തിയത് എന്നാണ്; പ്രസ്തുത പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള

ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## വന്യജീവി ആക്രമണം

3026 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനവാസ മേഖലയിൽ വന്യജീവികളുടെ ആക്രമണങ്ങൾ വർധിച്ചുവരുന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ജനവാസ മേഖലയിലെ കാട്ടാനകൾ

3027 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ മേഖലയിലെ കാട്ടാനസാന്നിധ്യം ഒഴിവാക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്തു നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതം ചെലവഴിച്ചു; വിശദാംശം ഇനം തിരിച്ചു വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ ജനവാസ മേഖലയിൽ ഇറങ്ങിയ കാട്ടാനകളെ തിരികെ അയക്കുന്നതിനുള്ള നടപടികൾക്കായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ?

## തണ്ണീർ കൊമ്പനെ പിടിച്ചതിലെ വീഴ്ചകൾ

3028 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ മേഖലയിൽ ഇറങ്ങുന്ന കാട്ടാനകൾ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളെ തിരികെ കാട്ടിലേക്ക് അയയ്ക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണ്;

(ബി) മാനന്തവാടിയിൽ തണ്ണീർ കൊമ്പനെ മയക്കുവെടിവെച്ച് പിടിച്ച സംഭവത്തിൽ മേല്പറഞ്ഞ നടപടിക്രമങ്ങളിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

## ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെ പ്രവർത്തന അവലോകനം

3029 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം സംരക്ഷിക്കുന്നതിനായി രൂപീകരിച്ച വനസംരക്ഷണ സമിതികളുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും പ്രവർത്തനങ്ങൾ ഫലപ്രദമാണോ എന്നു വിലയിരുത്തുന്നതിനും വരവു ചെലവു കണക്കുകൾ പരിശോധിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; ഇത് സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടോ;

(ബി) വനസംരക്ഷണ സമിതികളിൽ നിന്നും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളിൽ

നിന്നും 2023 വർഷത്തിൽ സർക്കാരിലേക്ക് ലഭിച്ച തുകയെത്ര; വരവിന്റെ എത്ര ശതമാനമാണ് ലാഭവിഹിതമായി പ്രസ്തുത കമ്മിറ്റികൾക്ക് ലഭിക്കുന്നത്; ഈ തുക പ്രസ്തുത കമ്മിറ്റികളുടെ അക്കൗണ്ടുകളിൽ വന്നിട്ടുണ്ടോ എന്ന് പരിശോധിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഈ സമിതികളുടെ വരവു ചെലവു കണക്കുകളിൽ വ്യാപകമായ ക്രമക്കേടുകൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

## ബ്ലാവന കടവ് പാലം നിർമ്മാണം

3030 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടമ്പുഴ-ബ്ലാവന കടവിൽ പാലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിന്റെ അപേക്ഷയിന്മേൽ വനം വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ കാട്ടുപന്നി ആക്രമണം

3031 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട്, പാലമേൽ, വള്ളികുന്ന്, താമരക്കുളം ഗ്രാമപഞ്ചായത്തുകളിൽ കാട്ടുപന്നികളുടെ ആക്രമണവും അതുമൂലമുള്ള കൃഷിനാശവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാട്ടുപന്നികളുടെ ആക്രമണത്തിൽ നിന്നും ഈ പ്രദേശങ്ങളിലെ ജനങ്ങളെയും കാർഷികവിളകളെയും സംരക്ഷിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിൽ വന്യജീവി ആക്രമണത്തിനിരയായവർ

3032 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ ആലത്തൂർ മണ്ഡലത്തിൽ വന്യ ജീവികളുടെ ആക്രമണം, വിഷജീവികളുടെ ആക്രമണം എന്നിവ മൂലം മരണപ്പെടുകയോ പരിക്കേൽക്കുകയോ ചെയ്ത എത്ര പേരുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ വന്യജീവി ആക്രമണത്തിനുള്ള ധനസഹായം എത്ര പേർക്ക് നൽകിയെന്നും എത്ര രൂപ വിതരണം നടത്തിയെന്നും വിശദമാക്കാമോ; ധനസഹായം ഇനി എത്ര പേർക്ക് ലഭിക്കാനുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

## കുനത്താൽ ബെന്നി വർഗ്ഗീസിനുള്ള സാമ്പത്തിക സഹായം

3033 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂയംകുട്ടിയിൽ കാട്ടാന ആക്രമത്തിന് ഇരയായ കൂനത്താൽ ബെന്നി വർഗ്ഗീസിന് നൽകിയ സാമ്പത്തിക സഹായം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഗുരുതരമായി പരുക്കേറ്റ പ്രസ്തുത വ്യക്തിയുടെ ചികിത്സാ ചെലവ് പൂർണ്ണമായും നൽകുന്നതിനും ഇതിനു പുറമേ പ്രത്യേക സാമ്പത്തിക സഹായം നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

**ഉമയംചാലിൽ സോളാർ ഹാംഗിംഗ് ഫെൻസിംഗ്**

3034 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ കർണാടക വനാതിർത്തിയിലുള്ള ചെറുപുഴ ഗ്രാമപഞ്ചായത്തിലെ ഉമയംചാലിൽ വന്യമൃഗങ്ങളെ തടയുന്നതിന് സോളാർ ഹാംഗിംഗ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലത്ത് സോളാർ ഹാംഗിംഗ് ഫെൻസിംഗ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

**ദ്രുതകർമ്മ സേനയുടെ പ്രവർത്തനം**

3035 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം തടയാൻ രൂപീകരിച്ച ദ്രുതകർമ്മ സേനയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് വന്യജീവി ആക്രമണം രൂക്ഷമായത് ദ്രുതകർമ്മ സേനയുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തത് കൊണ്ടാണെന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ;

(സി) ദ്രുതകർമ്മ സേനയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

**മനുഷ്യ-വന്യജീവി സംഘർഷം തടയാൻ നടപടി**

3036 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനവാസമേഖലകളിൽ വന്യജീവികളുടെ ആക്രമണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്തെല്ലാം കാരണങ്ങൾ കൊണ്ടാണ് വന്യജീവികൾ ജനവാസ മേഖലകളിലേക്ക് എത്തുന്നത് എന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വനത്തിനുള്ളിൽ തന്നെ അവ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വനാതിർത്തിയോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിൽ മനുഷ്യ-വന്യമൃഗ സംഘർഷം ഫലവത്തായും ശാശ്വതമായും ഇല്ലായ്മ ചെയ്യുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**<u>വന്യജീവി ആക്രമണത്തിന് ഇൻഷുറൻസ് പദ്ധതി</u>**

3037 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനു പുറത്ത് വന്യജീവി ആക്രമണത്തിൽ ജീവഹാനി നേരിടുന്നവരുടെ ആശ്രിതർക്ക് വനം വകുപ്പ് നൽകി വരുന്ന നഷ്ടപരിഹാര തുക ഇൻഷുറൻസ് പദ്ധതി മുഖേനയാക്കി നടപ്പിലാക്കുന്നതിന് ശ്രമിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ആശ്രിതർക്ക് നിലവിൽ വിവിധ നഷ്ടപരിഹാര ഇനങ്ങളിലായി എത്ര തുക വിതരണം ചെയ്യാനുണ്ടെന്ന് വിശദമാക്കാമോ; ഇത് എന്നത്തേക്ക് വിതരണം ചെയ്യാനാകും;

(സി) ഇൻഷുറൻസ് കമ്പനികളെ ഇതിന്റെ നടത്തിപ്പിനായി നിയോഗിച്ചാൽ ക്ലെയിം നൽകുന്നതിനുള്ള നടപടികൾ സങ്കീർണ്ണമാകുമെന്ന് വിലയിരുത്തുന്നുണ്ടോ?

**<u>കുമ്പള പഞ്ചായത്തിലെ കാട്ടുപന്നി ഭീഷണി</u>**

3038 **ശ്രീ. എ. കെ. എം. അഷ്റഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള പഞ്ചായത്തിലെ ബംബ്രാണ, കൊടിയമ്മ, ആരിക്കാടി എന്നീ പ്രദേശങ്ങളിൽ കാട്ടുപന്നി സാന്നിധ്യം കർഷകരും സ്കൂൾ വിദ്യാർത്ഥികളും ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് ഭീഷണിയാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ നടപടി ആവശ്യപ്പെട്ട് മഞ്ചേശ്വരം എം. എൽ. എ. വനം വകുപ്പ് മന്ത്രിക്ക് നൽകിയ കത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) കാട്ടുപന്നികളുടെ ആവാസ കേന്ദ്രമായ ആരിക്കാടി വില്ലേജിലെ സാമൂഹ്യ വനവൽക്കരണ വിഭാഗത്തിന്റെ കാറ്റാടി തോട്ടത്തിലെ പാകമായ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>വന്യജീവി ആക്രമണം തടയാൻ വിവര സാങ്കേതിക വിദ്യയുടെ സഹായം</u>**

3039 **ശ്രീ. സണ്ണി ജോസഫ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വനം-വന്യജീവി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി ആക്രമണം തടയാനും ജനങ്ങളെ സംരക്ഷിക്കുവാനും വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി രൂപീകരിച്ച പദ്ധതികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ;

(ബി) വന്യജീവികൾ നാട്ടിലിറങ്ങുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾക്ക് മുന്നറിപ്പ് നൽകുന്നതിനായി ഏർപ്പെടുത്തിയ ഏർളി വാർണിംഗ് സിസ്റ്റം കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തികൊണ്ട് സംസ്ഥാനത്ത് വന്യജീവി ആക്രമണങ്ങളെ പ്രതിരോധിക്കുവാൻ കൂടുതൽ പദ്ധതികൾ രൂപീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## <u>തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>

3040 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നിർമ്മാണം ഏതു ഘട്ടത്തിലാണെന്നും പദ്ധതി എന്നത്തേക്ക് പ്രവർത്തനസജ്ജമാക്കാൻ കഴിയുമെന്നും അറിയിക്കാമോ;

(ബി) തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് അനുമതി ലഭ്യമാക്കി പദ്ധതി പൂർണ്ണമായും പ്രയോജനകരമാക്കി മാറ്റാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## <u>വടകര ആർ.ഡി.ഒ. ഓഫീസിന് ജലവിഭവ വകുപ്പിന്റെ ഭൂമി ലഭ്യമാക്കുന്നതിന് നടപടി</u>

3041 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര ആർ.ഡി.ഒ. ഓഫീസിന് പുതുപ്പണത്ത് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ജലവിഭവ വകുപ്പിന്റെ ഭൂമി ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചത് എന്നാണെന്നും പ്രസ്തുത അപേക്ഷയിന്മേൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ നടപടി സ്വീകരിക്കുന്നതിൽ ഉണ്ടായ കാലതാമസത്തിനുള്ള കാരണങ്ങൾ അറിയിക്കുമോ;

(സി) പുതുപ്പണത്ത് ആർ.ഡി.ഒ. ഓഫീസിനായി പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിയുടെ നിർമ്മാണോദ്ഘാടനം 5.02.2021-ൽ നടത്തിയിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പ്രവൃത്തിക്കായി ഫണ്ട് വകയിരുത്തി ഭരണാനുമതി ലഭ്യമായിട്ടും ഭൂമി കൈമാറി ലഭിച്ചിട്ടില്ല എന്ന കാരണത്താൽ പദ്ധതി നടപ്പാക്കാൻ കഴിയാത്ത സാഹചര്യം പരിശോധിക്കുമോ; ഇതുമൂലം ഈ പ്രവൃത്തിക്കായി നീക്കിവച്ചിട്ടുള്ള തുക നഷ്ടമാകുമെന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ പദ്ധതിക്കായി ഭൂമി കൈമാറുന്നതിനും ഫയൽ നടപടികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

## <u>ജലവിഭവ വകുപ്പിന് 2022-23 ൽ അനുവദിച്ചിരുന്ന തുകയും ചെലവഴിച്ച തുകയും</u>

3042 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം ജലവിഭവ വകുപ്പിന് വിവിധ ബജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും പ്രസ്തുത ശീർഷകങ്ങളിൽ ചെലവഴിച്ച തുകയും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

## ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ നടപടി

3043 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നെൽകൃഷിക്കുള്ള ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) വ്യാപകമായ തോതിൽ നെൽപ്പാടങ്ങളിലേയ്ക്ക് ഉപ്പു വെള്ളം കയറുന്നത് തടയുന്നതിനായി ഉളിയം കടവ് റെഗുലേറ്റർ എന്ന് പ്രാവർത്തികമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## വള്ളിക്കുന്ന് മണ്ഡലത്തിലെ പ്രവൃത്തികൾ

3044 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വള്ളിക്കുന്ന് മണ്ഡലത്തിൽ മേജർ/ മൈനർ ഇറിഗേഷൻ വകുപ്പുകൾ, കേരള വാട്ടർ അതോറിറ്റി/ ജല ജീവൻ മിഷൻ തുടങ്ങിയവ മുഖേന നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കടലാക്രമണം മൂലം തീരം കടലെടുക്കുന്നത് തടയുന്നതിനും തീരസംരക്ഷണത്തിനുമായി വള്ളിക്കുന്ന് മണ്ഡലത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കൂടി കടന്നു പോകുന്ന പുഴകളുടെ വശങ്ങൾ തകർന്നത് നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് ലഭിച്ച അപേക്ഷകളിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ വ്യവസായ പാർക്ക് നിർമ്മാണം

3045 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ വ്യവസായ പാർക്ക് നിർമ്മിക്കുന്നതിന് ഇറിഗേഷൻ വകുപ്പിന്റെ കൈവശമുള്ള ഭൂമിയിൽ നിന്നും രണ്ട് ഏക്കർ സ്ഥലം വ്യവസായ വകുപ്പിന് കൈമാറി കിട്ടുന്നതിന് അപേക്ഷ ലഭിച്ചിരുന്നോ;

(ബി) പ്രസ്തുത അപേക്ഷയുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യകതമാക്കുമോ?

## ഇരിക്കൂർ മണ്ഡലത്തിലെ പ്രവൃത്തികൾ

3046 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ 2021-22, 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ മൈനർ, മേജർ ഇറിഗേഷൻ വകുപ്പുകൾ മുഖേന ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## തിരുവമ്പാടി മണ്ഡലത്തിലെ പ്രവൃത്തികൾ

3047 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 വർഷത്തിൽ തിരുവമ്പാടി മണ്ഡലത്തിൽ ജലസേചനവകുപ്പ് മുഖേന ഭരണാനുമതിക്കായി എത്ര പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) ഇതിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

## ജലസ്രോതസ്സുകളുടെ മലിനീകരണം തടയാൻ നടപടി

3048 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളും ജലസ്രോതസ്സുകളും മലിനമാക്കുന്നതു തടയാൻ എന്തെങ്കിലും കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ജലസ്രോതസ്സുകളിലേക്ക് മാലിന്യം തള്ളുന്നവർക്കെതിരെ എന്തെല്ലാം നിയമ നടപടികളാണ് സ്വീകരിച്ചു വരുന്നത്; അറിയിക്കുമോ;

(സി) ജലസംരക്ഷണം കർശനമായി ഉറപ്പാക്കാനും മാലിന്യം വലിച്ചെറിയുന്നവർക്കെതിരെ മാതൃകാപരമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ആയതിന് തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് പുതിയ കർമ്മപദ്ധതികൾ പരിഗണിക്കുമോ?

## ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന മേജർ/മൈനർ ഇറിഗേഷൻ പദ്ധതികൾ

3049 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന മേജർ/മൈനർ ഇറിഗേഷൻ പദ്ധതികൾ ഏതെല്ലാമാണ്; അവയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

**കുന്നത്തുനാട് മണ്ഡലത്തിൽ ഇറിഗേഷൻ വകുപ്പിന്റെ പദ്ധതികൾ**

3050 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ 2020-21 മുതൽ 2023-24 വരെയുള്ള കാലയളവിൽ മൈനർ, മേജർ ഇറിഗേഷൻ വകുപ്പുകൾ മുഖേന ഭരണാനുമതി ലഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

**മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

3051 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പിറവം മണ്ഡലത്തിൽ നടപ്പിലാക്കിയ മൈനർ ഇറിഗേഷൻ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രവൃത്തി ആരംഭിച്ചതും എന്നാൽ പൂർത്തീകരിക്കാനുള്ളതുമായ എത്ര പദ്ധതികളാണ് നിലവിലുള്ളത്; ആയതിന്റെ ലിസ്റ്റ് ലഭ്യമാക്കാമോ;

(സി) പുതിയ ഏതെല്ലാം പദ്ധതികളാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**കുട്ടനാട് പാക്കേജിൽ കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്താൻ നടപടി**

3052 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ കൂടുതൽ പദ്ധതികൾ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) മടവീഴ്ചയ്ക്ക് കൂടുതൽ സാദ്ധ്യത ഉള്ള പാടശേഖരങ്ങളുടെ പുറം ബണ്ടുകൾ ബലപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) കുട്ടനാട്ടിലെ പാടശേഖരങ്ങളുടെ പുറം ബണ്ടുകൾ ബലപ്പെടുത്തുമ്പോൾ ട്രാക്ടർ റോഡുകൾ കൂടി ഉൾപ്പെടുത്തി നിർമ്മിച്ചാൽ മടവീഴ്ച ഒഴിവാക്കുവാനും കാർഷിക മെഷീനുകളും കാർഷിക ഉൽപ്പന്നങ്ങളും യഥേഷ്ടം കൊണ്ടുപോകുന്നതിന് കഴിയുമെന്ന കാര്യം പരിഗണിച്ച് അത്തരത്തിൽ നിർമ്മാണം ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**മൈക്രോ ഇറിഗേഷൻ പദ്ധതിയുടെ വിശദാംശം**

3053 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ മൈക്രോ ഇറിഗേഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് കർഷകർക്ക് ജലസേചനത്തിന് സ്പ്രിങ്ക്ലർ സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള മൊത്തം ചെലവിൽ എത്ര രൂപയാണ് സബ്സിഡിയായി ലഭിക്കുന്നത്; വിശദമാക്കാമോ;

(ബി) ടി പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട തുക പൂർണ്ണമായും കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## പുറമറ്റം കുടിവെള്ള പദ്ധതി

3054 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറമറ്റം കുടിവെള്ള പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

## വൻകിട ജലസേചന വിഭാഗം പ്രവൃത്തികൾ

3055 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം മണ്ഡല പരിധിയിൽ മേജർ ഇറിഗേഷൻ വിഭാഗം മുഖാന്തിരം നടപ്പാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ?

## കാസർഗോഡ് മണ്ഡലത്തിലെ ജലവിഭവ വകുപ്പിന്റെ പദ്ധതികൾ

3056 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിൽ കഴിഞ്ഞ ഏഴ് വർഷത്തിനിടയിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ ചെറുതും വലുതുമായ എത്ര പദ്ധതികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് പദ്ധതിയും തുകയും തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; സാങ്കേതികാനുമതി ലഭിച്ചതും ടെണ്ടർ ചെയ്തതും പ്രവൃത്തി തുടങ്ങിയതും പൂർത്തീകരിച്ചതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) എസ്റ്റിമേറ്റ് തയ്യാറാക്കിയതിനു ശേഷം ഭരണാനുമതിക്കായി കാത്തിരിക്കുന്ന ചെറുതും വലുതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; എസ്റ്റിമേറ്റ് തയ്യാറാക്കിയ തീയതി,പ്രവൃത്തി എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി ലഭിക്കാത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ?

## ഇറിഗേഷൻ വകുപ്പ് കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

3057 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ ഇറിഗേഷൻ വകുപ്പ് കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്;വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പുതുതായി പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**തിരുവമ്പാടി മണ്ഡലത്തിലെ ചെറുകിട ജലസേചന പദ്ധതികൾ**

3058 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24-ൽ തിരുവമ്പാടി മണ്ഡലത്തിൽ ചെറുകിട ജലസേചന വകുപ്പ് മുഖേന ഭരണാനുമതിക്കായി എത്ര പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും തുക എത്ര വീതമെന്നും വിശദമാക്കുമോ;

(ബി) ഇതിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

**കാഞ്ഞിരമൂഴി ഡ്രിപ്പ് ഇറിഗേഷൻ പദ്ധതി**

3059 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുക്കം നഗരസഭയിലെ കാഞ്ഞിരമൂഴിയിൽ നടപ്പിലാക്കുന്ന ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണുള്ളതെന്നും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

**കുടിവെള്ള പദ്ധതി**

3060 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം പാലായി റെഗുലേറ്ററിലെ ശുദ്ധജല ലഭ്യത ഉപയോഗിച്ച് കുടിവെള്ള പദ്ധതി വിഭാവനം ചെയ്തു നടപ്പിലാക്കാൻ വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; ഈ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; വ്യക്തമാക്കാമോ?

**നദികളിലെ മലിനീകരണം തടയാൻ നടപടി**

3061 **ശ്രീ. നജീബ് കാന്തപുരം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലേക്ക് വൻതോതിൽ മാംസ മാലിന്യങ്ങൾ തള്ളുന്നത് മൂലവും ഓടകൾ തുറന്നു വിടുന്നതിനാലും നദികളിൽ മലിനീകരണം കൂടുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നദികളിലെ മലിനീകരണം തടയുന്നതിനായി സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) നദികളിലെ മലിനീകരണം തടയുന്നതു സംബന്ധിച്ച് ദേശീയ ഹരിത ട്രിബ്യൂണലിൽ നിന്നും നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) മാലിന്യങ്ങൾ നീക്കം ചെയ്ത് നദികൾ ശുചീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

## പരവൂർ കായലിലെ മൺകൂനകൾ നീക്കം ചെയ്യുന്ന പ്രവൃത്തി

3062 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പരവൂർ കായലിൽ അടിഞ്ഞു കൂടിയിട്ടുള്ള വലിയ മൺകൂനകൾ നീക്കം ചെയ്യുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; പ്രസ്തുത മൺകൂനകൾ വരുന്ന മഴക്കാലത്തിനു മുൻപ് നീക്കം ചെയ്ത് പരിസരത്തുണ്ടാകുന്ന വെള്ളപ്പൊക്കത്തിന് പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

## വടക്കാഞ്ചേരി പുഴ സംരക്ഷണ പദ്ധതിയുടെ നിലവിലെ സ്ഥിതി

3063 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പാക്കുന്ന വടക്കാഞ്ചേരി പുഴ സംരക്ഷണ പദ്ധതി എന്ന പ്രവൃത്തിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) വകുപ്പ് ഭരണാനുമതി നൽകിയ ഈ പദ്ധതിക്ക് കിഫ്ബി അനുമതി ലഭ്യമാക്കാൻ ഉണ്ടായ കാലതാമസത്തിന് കാരണമെന്താണ്;

(സി) ചുമതലപ്പെടുത്തിയ എസ്.പി.വി ഇക്കാര്യത്തിൽ കാലതാമസം വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) മുട്ടിക്കൽച്ചിറ റഗുലേറ്റർ തകർച്ചയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതും പുഴ സംരക്ഷണ പദ്ധതിയിൽപ്പെട്ടതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കിഫ്ബിയുടെ അനുമതി ലഭ്യമാക്കി പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

## നദികളിലെ മാലിന്യ നിക്ഷേപം തടയുന്നതിനുള്ള നടപടി

3064 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളിലെ മാലിന്യ നിക്ഷേപം തടയേണ്ടതിന്റെയും ഇതു സംബന്ധിച്ച് ബോധവൽക്കരണം നടത്തേണ്ടതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതിനായി നടപ്പുവർഷം എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നദികളിൽ മാലിന്യ നിക്ഷേപം നടത്തുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിക്കാറുണ്ടോ; എങ്കിൽ ഇത്തരത്തിൽ മാലിന്യം നിക്ഷേപിച്ച എത്ര പേർക്കെതിരെ/എത്ര സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവെന്നും അവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) ഹരിതകേരള മിഷൻ, ജലവിഭവ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തത്തോടെ പുഴകളെയും തണ്ണീർത്തടങ്ങളെയും കുളങ്ങളെയും വീണ്ടെടുക്കുവാൻ ആവിഷ്കരിച്ച പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്താമോ?

## <u>തോട് നവീകരണം</u>

3065 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണടിഞ്ഞുകൂടി നീരൊഴുക്ക് തടസ്സപ്പെട്ടു കിടക്കുന്ന തിരൂരങ്ങാടി മണ്ഡലത്തിലെ തോടുകളിലെ മണ്ണ് നീക്കം ചെയ്ത് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ഇത്തരം പ്രവൃത്തികൾ നടത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം ഉണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരത്തിലുള്ള തോടുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

## <u>മാവേലിക്കര മണ്ഡലത്തിലെ ക്ഷേത്രക്കുളങ്ങളുടെ നവീകരണം</u>

3066 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ മാവേലിക്കര ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ വലിയകുളം , കണ്ടിയൂർ മഹാദേവ ക്ഷേത്രക്കുളം എന്നിവ നവീകരിക്കുന്നതിന് ബജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിക്ക് ഇറിഗേഷൻ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തികൾ വേഗത്തിൽ ആരംഭിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>വട്ടോളി ദേവീക്ഷേത്രക്കുളം നവീകരണം</u>

3067 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ വട്ടോളി ദേവീക്ഷേത്രക്കുളം നവീകരണത്തിന് ജലസേചന വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## <u>കനാൽ സൈഫൺ പദ്ധതി</u>

3068 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബജറ്റിൽ ഉൾപ്പെടുത്തിയ ജി.എച്ച്.എസ്.എസ്. കോട്ടായിക്ക് മുൻവശം

കനാൽ സൈഫൺ നിർമ്മിക്കുന്ന (എം പി3/55/23 ) പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണ് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>അയ്യംകുളം നവീകരണം</u>**

3069 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയ തരൂർ മണ്ഡലത്തിലെ അയ്യംകുളം നവീകരണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>കടൽ ഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി</u>**

3070 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ കടലോര മേഖലയിൽ കടൽ ഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) കല്ലായിപ്പുഴയിൽ നിന്ന് ചെളി നീക്കം ചെയ്യുന്ന പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) ജില്ലയിലെ തോടുകൾ നവീകരിക്കുന്നതിന് അനുവദിച്ച തുകയുടെ കണക്ക് വ്യക്തമാക്കാമോ?

**<u>വളാഞ്ചേരി നഗരസഭയിലെ കാട്ടിപ്പരുത്തിയിൽ പറളിപ്പാടം വി.സി.ബി. നിർമ്മാണം</u>**

3071 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി നഗരസഭയിലെ കാട്ടിപ്പരുത്തിയിൽ പറളിപ്പാടം വി.സി.ബി.നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

**<u>കോട്ടക്കൽ മണ്ഡലത്തിലെ ഒടുങ്ങാട്ടുകുളം നവീകരണം</u>**

3072 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ എടയൂർ പഞ്ചായത്തിലെ ഒടുങ്ങാട്ടുകുളം നവീകരിക്കുന്നതിനായി പ്രൊപ്പോസലും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ആയത് സംബന്ധിച്ച പ്രൊപ്പോസൽ ചീഫ് എഞ്ചിനീയറുടെ (ഇറിഗേഷൻ) ഓഫീസിൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി സംബന്ധിച്ച് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ഉള്ള ഫയലിന്റെ നിലവിലെ സ്ഥിതിയും വിശദ വിവരവും ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കുളത്തിന്റെ ആഴം കൂട്ടി സംരക്ഷണ ഭിത്തി നിർമ്മിച്ച് കുളം നവീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## തോടുകൾ വൃത്തിയാക്കുന്നതിന് നടപടി

3073 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ആറുകളിലും തോടുകളിലും നീരൊഴുക്ക് കുറയുന്നത് മൂലം ജലം മലിനമാകുകയും രോഗങ്ങൾ പടർന്നു പിടിക്കുകയും ചെയ്യുന്ന പ്രത്യേക സാഹചര്യം പരിഹരിക്കാൻ പുതുതായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ തോടുകൾ വൃത്തിയാക്കുന്ന ജോലികൾ ചെയ്യുന്നതിന് പഞ്ചായത്തുകൾക്ക് പ്രത്യേക ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കുറ്റ്യാടി ഇറിഗേഷൻ പദ്ധതി

3074 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായി കൂട്ടാലിട അങ്ങാടിയിലൂടെ കടന്നു പോവുന്ന കനാൽ കാട് മൂടിയും പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറഞ്ഞും മലിനമാവുന്നത് തടയാൻ നടപടി സ്വീകരിക്കാമോ;

(ബി) കൂട്ടാലിട അങ്ങാടിയുടെ ഹൃദയഭാഗത്തുള്ള കനാൽ സംരക്ഷിക്കുന്നതോടൊപ്പം അങ്ങാടി സൗന്ദര്യവൽക്കരിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 2022-23 വർഷത്തിൽ കൂട്ടാലിട നഗര സൗന്ദര്യവൽക്കരണത്തിനും കനാൽ സംരക്ഷിക്കുന്നതിനുമായി ഒരു കോടി രൂപ അനുവദിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത പദ്ധതിയുടെ ഫയൽ അനുമതിക്കായി സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വാളയാർ ഡാം കനാലുകളുടെ നവീകരണം

3075 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാളയാർ ഡാം കനാലുകളുടെ നവീകരണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പുരോഗതി ശതമാന കണക്കിൽ അറിയിക്കാമോ; പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ സാധിക്കും എന്ന് അറിയിക്കാമോ?

**<u>കാവശ്ശേരി അയ്യപ്പൻകുടം ഡാം</u>**

3076 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കാവശ്ശേരി അയ്യപ്പൻകുടം ഡാമിന്റെ ചോർച്ച പരിഹരിക്കുന്നതിന് നൽകിയ അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**<u>മംഗലം ഡാമിലെ ചെളി നീക്കം ചെയ്യൽ</u>**

3077 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലെ മംഗലം ഡാമിലെ ചെളി നീക്കം ചെയ്യുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നിലവിൽ തടസ്സപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം എന്തെന്ന് വിശദമാക്കാമോ;

(സി) പ്രവൃത്തിക്കുള്ള തടസ്സങ്ങൾ നീക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

**<u>കാഞ്ഞിരപ്പുഴ ഡാം</u>**

3078 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പുഴ ഡാമിലും പുഴയിലും അടിഞ്ഞു കൂടിയ മണ്ണും എക്കലും നീക്കം ചെയ്യുന്നതിനു നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>പുളിക്കൂൽ കക്കംവെള്ളി പുഴയുടെ സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കാൻ നടപടി.</u>**

3079 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ പുളിക്കൂൽ കക്കംവെള്ളി പുഴയുടെ സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കുവാൻ (സി.ഇ.(ഐ&എ)6365/വി.ഐ.പി. എം(ഡബ്ല്യൂ.ആർ.)2021) നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

**<u>കൊളാവിപ്പാലം പുലിമുട്ട് നിർമ്മാണം</u>**

3080 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ കൊളാവിപ്പാലം പുലിമുട്ട് നിർമ്മാണത്തിനായുള്ള ഡിസൈനും തുടർന്നുള്ള വിശദമായ പദ്ധതി രേഖയും ലഭിച്ചിട്ടുണ്ടോ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## ടെട്രാപോഡ് കടൽ ഭിത്തി നിർമാണം

3081 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം മണ്ഡലത്തിലെ എടവിലങ്ങ്-എറിയാട് ഗ്രാമപഞ്ചായത്തുകളെ ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുത്തിയതിനാൽ ഇവിടങ്ങളിലെ തീരപ്രദേശങ്ങളിലെ ടെട്രാപോഡ് കടൽഭിത്തി നിർമ്മാണം വേഗത്തിൽ പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## മഞ്ചേശ്വരം ഹൊസബെട്ടു കടൽഭിത്തി നിർമ്മാണം

3082 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഹൊസബെട്ടു കടൽഭിത്തി നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് എപ്പോൾ ഭരണാനുമതി നൽകുമെന്ന് വ്യക്തമാക്കുമോ?

## കാസർഗോഡ് ജില്ലയിൽ കടൽഭിത്തി നിർമ്മാണം

3083 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കടലാക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങൾ ഏതൊക്കെയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രദേശങ്ങളിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

## ഫൈബർ ഷട്ടറുകൾ സ്ഥാപിക്കുന്ന പ്രവൃത്തി

3084 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ മങ്കട വലിയ തോടിൽ നിർമ്മിച്ചിട്ടുള്ള അരുതിരിത്തി തടയണയുടെ ഷട്ടറുകളും കുട്ടപ്പാല വി.സി.ബി.യുടെ മരഷട്ടറുകളും കാലപ്പഴക്കത്താൽ ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വി.സി.ബി.യിലും തടയണയിലും ഫൈബർ ഷട്ടറുകൾ സ്ഥാപിക്കുന്നതിനും നിലവിലെ കരിങ്കൽ പാർശ്വഭിത്തി പൊളിച്ചുമാറ്റി കോൺക്രീറ്റ് പാർശ്വഭിത്തി നിർമ്മിയ്ക്കുന്നതിനുമുള്ള പ്രവൃത്തിയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടും നാളിതുവരെ ഭരണാനുമതി നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തിയ്ക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നിർദ്ദേശം നൽകുമോ?

## ചെരണ്ടത്തൂർ ചിറയിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ കെട്ടിടം

3085 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയൂർ ഗ്രാമപഞ്ചായത്തിലെ ചെരണ്ടത്തൂർ ചിറയിലെ വെള്ളക്കെട്ട് തടയുന്നതിനായി മോട്ടോർ സ്ഥാപിച്ചിട്ടുള്ള കെട്ടിടം കാലപ്പഴക്കത്താൽ ദുർബലമായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കെട്ടിടം നവീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കാമോ?

**മൂക്കില പീടിക റോഡിന്റെ റെസ്റ്റോറേഷൻ ചാർജ്ജ് അനുവദിക്കുന്നതിന് നടപടി**

3086 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച് സെന്റർ - മുക്കില പീടിക റോഡിന്റെ റെസ്റ്റോറേഷൻ (4/600-7/000) പ്രവൃത്തിയുടെ ചാർജ്ജ് ഒടുക്കുന്നതിന് വേണ്ട ഫണ്ട് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ വാട്ടർ അതോറിറ്റിയിൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) റെസ്റ്റോറേഷൻ ചാർജ്ജ് അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**പൂഞ്ഞാർ മണ്ഡലത്തിലെ തീക്കോയി ആറിൽ റെഗുലേറ്റർ കം ബ്രിഡ്ജ്**

3087 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ തീക്കോയി പഞ്ചായത്തിലെ പതിമൂന്നാം വാർഡിൽ ചേരിപ്പാട്-മക്കൊള്ളി-രണ്ടാറ്റുമുന്നിയിൽ റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിനായുള്ള ഡിസൈൻ ഐ.ഡി.ആർ.ബി. (ഇറിഗേഷൻ ഡിസൈൻ ആൻഡ് റിസർച്ച് ബോർഡ്) -ൽ നിന്നും ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കാൻ നടപടി**

3088 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുമ്പള പഞ്ചായത്തിൽ കുമ്പള പുഴയ്ക്ക് കുറുകെയുള്ള ചെക്ക് ഡാം കം ബ്രിഡ്ജ് കാലപ്പഴക്കത്താൽ അപകടാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥലത്ത് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി പൂർത്തിയാകുന്നതോടെ കൈവരിക്കാനാകുന്ന ഭൗതിക നേട്ടങ്ങൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് എപ്പോൾ ഭരണാനുമതി നൽകുമെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കുമോ?

## കാസർഗോഡ് ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം

3089 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ചിത്താരി റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണ പുരോഗതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നാണ് ആരംഭിച്ചതെന്നും നിലവിൽ എത്ര ശതമാനത്തോളം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം നൽകാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ സംബന്ധമായ സാങ്കേതികത മൂലം പ്രവൃത്തി നിർത്തിവെച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ഡി) എങ്കിൽ ഐ.ഡി.ആർ.ബി.യിലെ വിദഗ്ധ സംഘം അടിയന്തരമായി സ്ഥലം സന്ദർശിച്ച് തടസ്സങ്ങൾ നീക്കി പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) കോവളം-ബേക്കൽ ദേശീയ ജലപാതയുടെ ഭാഗമായി വരുന്ന ഈ പദ്ധതി പൂർത്തീകരണ കാലാവധിക്കുള്ളിൽ തന്നെ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## കല്ല്യാശ്ശേരി മണ്ഡലത്തിൽ മുട്ടിൽകാപ്പ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം

3090 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ മുട്ടിൽകാപ്പ് റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തി ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## കരീച്ചാൽക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണം

3091 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരീച്ചാൽക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മാണത്തിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ കാലതാമസത്തിന് കാരണക്കാരനായ മുൻ കരാറുകാരനെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ;

(ഡി) പുതിയ കരാറുകാരൻ പ്രസ്തുത പ്രവൃത്തി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നത് ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

## കറ്റോട് പാലം റെഗുലേറ്റർ നിർമ്മാണം

3092 **ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കറ്റോട് പാലം റെഗുലേറ്റർ നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**തേജസ്വിനി പുഴയിൽ കോല്യവള്ളി റഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതി**

3093 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ ചെറുപ്പുഴ ഗ്രാമപഞ്ചായത്തിനെയും കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് ഏളേരി ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിച്ചുകൊണ്ട് തേജസ്വിനി പുഴയിൽ കോല്യവള്ളി റഗുലേറ്റർ കം ബ്രിഡ്ജ് എന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഇൻവെസ്റ്റിഗേഷൻ നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

**ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിലെ പ്രമോഷൻ നടപടികൾ**

3094 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ ഡിപ്പാർട്ട്മെന്റിൽ ഒന്നാം ഗ്രേഡ് ഓവർസീയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പ്രമോഷന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പ്രമോഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിൽ ഒന്നാം ഗ്രേഡ് ഓവർസീയർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്കുള്ള പ്രമോഷൻ മുടങ്ങിയതിന് ആധാരമായ നമ്പർ ഒ.എ.965/2021 പ്രകാരമുള്ള കേസിന്റെ നിജസ്ഥിതി എന്താണെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത കേസ് നിലവിൽ വന്നതിന് ശേഷം ഇതുവരെ പ്രമോഷൻ നൽകാൻ കഴിയാത്ത എത്ര തസ്തികകൾ നിലവിലുണ്ടെന്ന് അറിയിക്കാമോ;

(സി) രണ്ടും മൂന്നും ഗ്രേഡ് ഓവർസീയർ തസ്തികയിൽ നിന്നും യഥാക്രമം ഒന്നും രണ്ടും ഗ്രേഡ് ഓവർസീയർ തസ്തികയിലേക്ക് പ്രമോഷൻ നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് പരിശോധിച്ച് ഉടൻ പ്രമോഷൻ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**വേലുത്തി തോട്ടിൽ പമ്പ് ഹൗസ് നിർമ്മാണം**

3095 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ മോര്യ കാപ്പ് വേലുത്തി തോട്ടിൽ പുതിയ പമ്പ് ഹൗസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ

പ്രവൃത്തിയുടെ ഫയൽ ഏത് ഓഫീസിലാണുള്ളത്; എസ്റ്റിമേറ്റ് തുക എത്രയാണ്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) തിരൂരങ്ങാടി മണ്ഡലത്തിലെ മോര്യാ കാപ്പ്, തിരുത്തി, കുറൂൽ പാടശേഖരങ്ങളിൽ കൃഷിയിറക്കണമെങ്കിൽ ഈ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കേണ്ടതുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ;

(ഡി) ഈ മൂന്ന് പാടശേഖരങ്ങളിലും അമിതമായുള്ള വെള്ളം ഒഴിവാക്കേണ്ടി വരുന്നതിനാലും കൃഷിയുടെ അവസാന സമയങ്ങളിൽ വെള്ളം ലഭ്യമല്ലാത്തതു മൂലവും കൃഷി ഇറക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) വേലുത്തി തോട്ടിൽ പമ്പ് ഹൗസ് നിർമ്മിക്കുന്നതോടു കൂടി മേൽ സൂചിപ്പിച്ച പ്രശ്നങ്ങൾക്ക് പരിഹാരമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ കോട്ടത്തോടിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ

3096 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വെട്ടിയാർ പഞ്ചായത്തിൽ പാടത്തേക്കു വെള്ളം കയറ്റിയിറക്കുന്ന ചീപ്പ് നിർമ്മാണത്തിന് ബജറ്റിൽ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) മാവേലിക്കര മണ്ഡലത്തിൽ മാവേലിക്കര മുൻസിപ്പാലിറ്റിയിൽ സ്ഥിതി ചെയ്യുന്ന കോട്ടത്തോടിന്റെ പുനരുദ്ധാരണത്തിന് 2016-17 മുതൽ 2023 ഡിസംബർ വരെ ഏതെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും നടപ്പിലാക്കിയ പദ്ധതികളുടെ തൽസ്ഥിതി അടക്കം വിശദമാക്കുമോ?

## മങ്കട മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ

3097 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പ് മങ്കട മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഏതെല്ലാം, ഓരോന്നിന്റെയും നിലവിലെ സ്ഥിതി മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ എന്നിങ്ങനെ തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കേരള വാട്ടർ അതോറിറ്റി മങ്കട മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പ്രവൃത്തികൾ ഏതെല്ലാം; ഓരോന്നിന്റെയും നിലവിലെ സ്ഥിതി അറിയിക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ ഏറ്റവും അടിയന്തരമായി നടപ്പിലാക്കേണ്ടതാണെന്ന് ജലവിഭവ വകുപ്പും കേരള വാട്ടർ അതോറിറ്റിയും വിലയിരുത്തിയിട്ടുള്ളതും എന്നാൽ നാളിതുവരെ ഏറ്റെടുത്തിട്ടില്ലാത്തതുമായ പ്രവൃത്തികൾ ഏതെല്ലാം; വിശദവിവരം ലഭ്യമാക്കുമോ?

## പ്ലാൻ, നോൺ പ്ലാൻ ഫണ്ട് വിനിയോഗം

3098 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ അരൂർ മണ്ഡലത്തിലും മറ്റ് മണ്ഡലങ്ങളിലും 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിൽ മൈനർ, മേജർ വിഭാഗത്തിൽ പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശം മണ്ഡലം തിരിച്ച് ഇനം തിരിച്ച് ലഭ്യമാക്കാമോ?

## ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

3099 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുമായി ബന്ധപ്പെട്ട് മോട്ടോർ സപ്ലൈ ചെയ്യുന്ന കരാറുകളിൽ മോട്ടോർ പ്രവർത്തിപ്പിച്ച് നോക്കാതെതന്നെ തൊണ്ണൂറ് ശതമാനം തുക നൽകാമെന്ന വ്യവസ്ഥ മൂലം ഭാവിയിൽ മോട്ടോർ പ്രവർത്തിച്ചില്ലെങ്കിൽ സർക്കാരിന് നഷ്ടം വരാൻ ഇടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം വ്യവസ്ഥകൾ കരാറിൽ നിന്നും ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മോട്ടോർ സപ്ലൈയോടൊപ്പം ഇൻസ്റ്റലേഷന് കൂടി ഒന്നിച്ച് കരാർ നൽകാത്തതിനാൽ പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന തടസ്സങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് ഇവയ്ക്ക് ഒന്നിച്ച് കരാർ നൽകാനുള്ള നടപടി സ്വീകരിക്കുമോ?

## രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികൾ

3100 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ രണ്ടാം കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി അനുവദിച്ചിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

## കുഴൽക്കിണർ കുഴിക്കുന്നതിന് നിയന്ത്രണങ്ങൾ

3101 **ഡോ. എം. കെ. മുനീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുഴൽക്കിണർ കുഴിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഭൂഗർഭ ജലത്തിന്റെ അമിതമായ ചൂഷണം തടയുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കുഴൽക്കിണർ കുഴിക്കുന്ന യന്ത്രങ്ങൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ;

(ഡി) അനധികൃതമായി കുഴൽ കിണർ നിർമ്മാണം നടത്തുന്നവരെ നിയന്ത്രിക്കുന്നതിന്

നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**ഭൂജല വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലമാറ്റം**

3102 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ പൊതുസ്ഥലമാറ്റം സംബന്ധിച്ച് 25.02.2017- തീയതിയിലെ ജി ഒ (പി) 03/2017/പി.ആന്റ് എ.ആർ.ഡി. നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മാനദണ്ഡങ്ങൾ ഭൂജല വകുപ്പിൽ നടപ്പിലാക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; നടപ്പാക്കിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണോ നിലവിൽ ഭൂജല വകുപ്പിൽ മിനിസ്റ്റീരിയൽ ജീവനക്കാരുടെ സ്ഥലംമാറ്റം നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ ഭൂജല വകുപ്പിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയത് എന്നത്തേക്ക് നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

**ഭൂജല വകുപ്പിന്റെ ആധുനികവൽക്കരണം**

3103 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭൂജല വകുപ്പിന്റെ ആധുനികവത്ക്കരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ ഭൂജല വകുപ്പിന്റെ പദ്ധതികൾ**

3104 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2023-24 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള കുഴൽകിണറുകളുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഏതൊക്കെ ഫണ്ട് ഉപയോഗിച്ചാണെന്നും എന്ത് തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) കൃത്രിമ ഭൂജലസംപോഷണ പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

**കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി**

3105 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ ജല ലഭ്യത കുറവുള്ള പ്രദേശങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുമോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിന് സർക്കാർ പദ്ധതികൾ നിലവിലുണ്ടോ; അറിയിക്കുമോ?

**<u>ജലവിഭവ വകുപ്പിൽ വിജിലൻസ് നടത്തിയ പരിശോധന</u>**

3106 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ ജലവിഭവ വകുപ്പിൽ വിജിലൻസ് നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ക്രമക്കേടുകളിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**<u>കല്ല്യാശ്ശേരി മണ്ഡലത്തിലെ ഉപ്പ് വെള്ള പ്രതിരോധ ബണ്ട്</u>**

3107 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഉപ്പ് വെള്ള പ്രതിരോധബണ്ട് നിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ?

**<u>ജലവിഭവ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ സി.ആന്റ്.എ.ജി. നടത്തിയ ഓഡിറ്റ്</u>**

3108 **ശ്രീമതി ഉമ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ നാലു വർഷ കാലയളവിൽ സി.ആന്റ്.എ.ജി. നടത്തിയ ഓഡിറ്റിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഡിറ്റ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകളിലെ നിയമനം</u>**

3109 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ഡിസ്ട്രിബ്യൂഷൻ I, ഡിസ്ട്രിബ്യൂഷൻ II എന്നിവയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഒഴിവുള്ള പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>ജലവിഭവ വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധന</u>**

3110 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അവസാനമായി പരിശോധന നടത്തിയത് എന്നാണ്; പ്രസ്തുത പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**ഞാങ്കടവ് കുടിവെള്ള പദ്ധതി**

3111 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നഗരത്തിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി നടപ്പാക്കി വരുന്ന ഞാങ്കടവ് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

**വേലൂർ പഞ്ചായത്തിലെ കീടായിച്ചിറ പദ്ധതി**

3112 **ശ്രീ. എ. സി. മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേലൂർ പഞ്ചായത്തിലെ കീടായിച്ചിറ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനോടനുബന്ധിച്ച് എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

**വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ജല ജീവൻ പദ്ധതി**

3113 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ജല ജീവൻ പദ്ധതികൾക്കായി നിലവിൽ എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

**മലമ്പുഴ മണ്ഡലത്തിൽ കുടിവെള്ള കണക്ഷൻ എത്തിക്കുന്ന പദ്ധതി**

3114 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല ജീവൻ മിഷൻ പ്രകാരം മലമ്പുഴ മണ്ഡലത്തിലെ മലമ്പുഴ പഞ്ചായത്തിലെ കവ, ആനക്കൽ, തെക്കേ മലമ്പുഴ എന്നീ പ്രദേശങ്ങളിലേക്ക് കുടിവെള്ള കണക്ഷൻ എത്തിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**ചവറ മണ്ഡലത്തിലെ ജല ജീവൻ പദ്ധതി**

3115 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിൽ ജല ജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പിടാനായി കുഴിക്കേണ്ട പി.ഡബ്ല്യു.ഡി. റോഡുകൾ ഏതൊക്കെയാണ്; ഇതിന് അനുമതി കിട്ടിയിട്ടുണ്ടോ; പൈപ്പിടൽ പൂർത്തിയായാലുടൻ തന്നെ റോഡ് പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## കാരോട് കുടിവെള്ള പദ്ധതി

3116 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോട് കുടിവെള്ള പദ്ധതിയുടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന്റെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ?

## ജലക്ഷാമം പരിഹരിക്കുന്നതിനും ജല വിതരണം മെച്ചപ്പെടുത്തുന്നതിനും നടപടി

3117 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വിവിധ കാരണങ്ങൾ മൂലം കുടിവെള്ളം മുടങ്ങുന്ന അവസ്ഥ ഇല്ലായ്മ ചെയ്യുന്നതിനായി മാസം തോറും റിവ്യൂ മീറ്റിങ്ങുകൾ നടത്താനും ഇതിനെ ശക്തമായി മോണിറ്റർ ചെയ്യാനും നോഡൽ ഓഫീസറെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കയ്പമംഗലം നിയോജകമണ്ഡലത്തിലെ ജല ജീവൻ മിഷന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(സി) മണ്ഡലത്തിൽ ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി എത്ര വീടുകൾക്ക് കുടിവെള്ള കണക്ഷൻ നൽകി എന്നും ഇനി എത്ര വീടുകൾക്ക് നൽകാനുണ്ട് എന്നും വ്യക്തമാക്കുമോ?

## നിലമ്പൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

3118 **ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ നിലമ്പൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് മുഖാന്തിരം നടപ്പാക്കിയ പദ്ധതികളും അടങ്കൽ തുകയും പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതി നിർദ്ദേശങ്ങളാണ് ഭരണാനുമതിയ്ക്കായി സർക്കാരിന്റെ പരിഗണനയിലുള്ളതെന്ന് പദ്ധതികളുടെ പേരും മതിപ്പുതുകയും അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

## ജല ജീവൻ പദ്ധതി

3119 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ ജല ജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര രൂപയുടെ

പ്രവൃത്തി നിർവ്വഹിച്ചുവെന്ന് വിശദമാക്കാമോ;

(ബി) ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വിശദമാക്കാമോ?

**ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ താന്നിക്കോട് മല കേന്ദ്രമാക്കി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി**

3120 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ താന്നിക്കോട് മല കേന്ദ്രമാക്കി നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയ്ക്കായി ടാങ്ക് നിർമ്മാണത്തിന് ഏറ്റെടുക്കുന്ന സ്ഥലത്തിന് ഉടമയ്ക്ക് നൽകേണ്ട തുക എത്രയാണെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആകെ എത്ര രൂപയാണ് ആയതിന് നൽകേണ്ടതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിന് ചെലവാകുന്ന തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ വഹിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകൾ എത്ര രൂപ വീതം നൽകണമെന്നാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

**ജൽ ജീവൻ മിഷനിലൂടെ ജനങ്ങൾക്ക് നൽകിയ സേവനങ്ങൾ**

3121 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വീടുകളിലും ശുദ്ധജലം എത്തിക്കുവാനുള്ള ജൽ ജീവൻ മിഷനിലൂടെ ജനങ്ങൾക്ക് നൽകിയ സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ജല വിതരണം കാര്യക്ഷമമാക്കാനും ജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനും താലൂക്ക് തലത്തിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന മൊബൈൽ ടീമുകളെ സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) അധികമായ വെള്ളക്കരം വരുന്നു എന്ന പരാതികൾ അടിയന്തരമായി പരിഹരിക്കുന്നതിന് ജില്ലാ ആസ്ഥാനങ്ങളിലും സംസ്ഥാന തലത്തിലും പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**പേരാമ്പ്ര മണ്ഡലത്തിലെ ജല ജീവൻ പദ്ധതി**

3122 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ കൊല്ലം - നെല്ല്യാടി - മേപ്പയ്യൂർ റോഡിൽ നെല്ല്യാടി മുതൽ മേപ്പയ്യൂർ വരെയുള്ള ഭാഗത്ത് ജല ജീവൻ പദ്ധതിയുടെ പൈപ്പ് ലൈൻ പ്രവൃത്തി പൂർത്തിയാക്കാമോ;

(ബി) പി.ഡബ്ലിയു.ഡി. നിർദ്ദേശ പ്രകാരമുള്ള റീസ്റ്റോറേഷൻ പ്രവൃത്തി ഈ റോഡിൽ

പൂർത്തിയായിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രവൃത്തി പൂർത്തീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) 06.01.2024-ന് എം.എൽ.എ.യുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ തീരുമാനമനുസരിച്ച് ഈ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോയെന്ന് പരിശോധിക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാകാത്തതുകൊണ്ട് പി.ഡബ്ലിയു.ഡി.യുടെ റോഡ് പുനരുദ്ധാരണത്തിനുള്ള ഫണ്ട് നഷ്ടപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## ജലജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി

3123 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ പതിനൊന്ന് പഞ്ചായത്തുകളിലായി ജല ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ഭാഗമായ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെയും വാട്ടർ ടാങ്കുകളുടെയും നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

## ജലജീവൻ മിഷൻ പ്രവൃത്തിയുടെ ഭാഗമായുള്ള പൈപ്പിടൽ

3124 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷൻ പ്രവൃത്തിയുടെ ഭാഗമായി പൈപ്പിടുന്ന റോഡുകൾ തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് പൂർവ്വസ്ഥിതിയിലാക്കാൻ ജലജീവൻ മിഷൻ കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ?

## കൊയിലാണ്ടി മണ്ഡലത്തിൽ ജല ജീവൻ പദ്ധതി

3125 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ജല ജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് കുഴിയെടുത്തതിന്റെ ഭാഗമായി തകർന്ന റോഡുകളുടെ പുനഃരുദ്ധാരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ടോ;

(സി) റോഡുകളുടെ റിസ്റ്റോറേഷൻ എന്നത്തേക്ക് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ?

## ജല ജീവൻ മിഷൻ പ്രവൃത്തികളുടെ വിശദാംശങ്ങൾ

3126 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജല ജീവൻ മിഷന്റെ

ഭാഗമായുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഓരോഘട്ടത്തിലും മണ്ഡലത്തിലെ പഞ്ചായത്തിൽ/നഗരസഭയിൽ നൽകിയ ഭരണാനുമതിയുടെയും ഗുണഭോക്താക്കളുടെയും പദ്ധതി നിർവഹണത്തിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

## സംസ്ഥാനത്ത് കുടിവെള്ള പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ

3127 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗോള താപനത്തിന്റെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഭാഗമായി സംസ്ഥാനത്ത് കടുത്ത വേനൽച്ചൂട് ആരംഭിച്ചിട്ടുള്ളതിനാൽ കുടിവെള്ള പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനും കുടിവെള്ളക്ഷാമം മുൻകൂട്ടി കണ്ട് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ നദികളിലും മറ്റു ജലാശയങ്ങളിലും മണലും ചെളിയും അടിഞ്ഞു കൂടി ആഴം കുറഞ്ഞതിനാൽ ജലസംഭരണ ശേഷി കുറഞ്ഞിട്ടുള്ളത് കണക്കിലെടുത്ത് ജലസേചന പദ്ധതികളിൽ ആവശ്യമായ പുന: ക്രമീകരണങ്ങൾ വരുത്തുന്നതിനും കാർഷിക മേഖലയിലെ ജലസേചന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## ജല ജീവൻ മിഷൻ പദ്ധതി

3128 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല ജീവൻ മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകൾക്ക് റോഡ് റീസ്റ്റോറേഷന് തുക ലഭിക്കാത്തത് മൂലം പ്രസ്തുത റോഡുകൾ തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട പഞ്ചായത്തുകൾക്ക് കൂടി റോഡ് റീസ്റ്റോറേഷന് തുക അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ?

## ശുദ്ധജല വിതരണം പൂർത്തിയാക്കുന്നതിന് നടപടി

3129 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരവാളൂർ പഞ്ചായത്തിൽ ആറായിരത്തിലധികം ശുദ്ധജല പൈപ്പ് കണക്ഷനുകൾ ഇനിയും നൽകാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി എത്ര സമയത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന അറിയിക്കുമോ; വിശദമാക്കാമോ;

(ബി) വെഞ്ചേമ്പ് ഹൈസ്കൂൾ ജംഗ്ഷൻ മുതൽ ചേറ്റുകുഴി വാർഡ് വരെ ശുദ്ധജലക്ഷാമം നേരിടുന്ന ഭാഗങ്ങളിൽ ശുദ്ധജല വിതരണം ആരംഭിക്കുന്നതിനു നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി

3130 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ നഗരസഭയിലെയും പൂതക്കുളം ഗ്രാമപഞ്ചായത്തിലെയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് അവശേഷിക്കുന്നതെന്നും കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും വിശദമാക്കാമോ?

## കായംകുളം മണ്ഡലത്തിലെ ജല ജീവൻ മിഷൻ പ്രവൃത്തികൾ

3131 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ ജല ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ?

## കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതി

3132 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ജല ജീവൻ പദ്ധതി പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ഉൾപ്പടെയുള്ള ഏതെല്ലാം ഏജൻസികളുടെ ഏതെല്ലാം റോഡുകളിലാണ് അനുമതിക്കായി അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അനുമതി ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം സംബന്ധിച്ച് ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് ഏതെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വാട്ടർ ടാങ്കുകളുടെ സുരക്ഷ

3133 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല ജീവൻ മിഷന്റേതടക്കം വിവിധ കുടിവെള്ള പദ്ധതികൾക്ക് വിശാലമായ ജലസംഭരണികൾ നിർമ്മിക്കുമ്പോൾ ഇവ സമയബന്ധിതമായി വൃത്തിയാക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇത്തരം ടാങ്കുകളിലേക്ക് ജീവനക്കാരല്ലാത്തവരും സാമൂഹ്യ വിരുദ്ധരും പ്രവേശിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കുന്നത്; ഇതിനു വേണ്ടി പ്രത്യേക നിർദ്ദേശങ്ങൾ പുറപ്പെടുവിപ്പിക്കുമോ; വിശദമാക്കുമോ?

## വാമനപുരം നിയോജകമണ്ഡലത്തിലെ സമ്പൂർണ്ണ കുടിവെള്ള പദ്ധതി

3134 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിലുമായി ഏതെല്ലാം പദ്ധതികൾ മുഖേനയാണ് സമ്പൂർണ്ണ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി അറിയിക്കാമോ?

## റോഡുകളുടെ അറ്റകുറ്റ പണികൾ

3135 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് പണിയുടെ ഭാഗമായി കുടിവെള്ള പൈപ്പ് പൊട്ടി റോഡിലൂടെ വെള്ളം ഒഴുകിപ്പോകുന്നതു വഴി ജല അതോറിറ്റിക്ക് നഷ്ടം സംഭവിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പൈപ്പുകൾ പൊട്ടുന്ന സാഹചര്യത്തിൽ റോഡുകൾ വെട്ടിപ്പൊളിക്കുന്നത് ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) കുഴിച്ച റോഡുകളുടെ അറ്റകുറ്റ പണികളുടെ ചുമതല ഏത് വകുപ്പിനാണ് എന്ന് വിശദമാക്കാമോ; ഇത്തരം റോഡുകളുടെ അറ്റകുറ്റ പണികൾ യുദ്ധകാല അടിസ്ഥാനത്തിൽ തീർക്കുന്നതിന് പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് എന്തെങ്കിലും നടപടികൾ കൈക്കൊള്ളുമോ; വിശദാംശം നൽകാമോ?

## അരുവിക്കര നിയോജകമണ്ഡലത്തിലെ റോഡുകളിൽ പൈപ്പ് ലൈൻ

3136 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര നിയോജകമണ്ഡലത്തിലെ വിവിധ റോഡുകളിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി പി.ഡബ്ള്യൂ.ഡി., ആർ.ഐ.സി.കെ. എന്നീ വകുപ്പ്/ ഏജൻസികളിൽ നിന്നും ഇനി ലഭിക്കേണ്ട അനുമതികൾ ഏതൊക്കെയാണെന്ന് റോഡിന്റെ പേര്, ദൂരം, പ്രസ്തുത അനുമതികൾക്കായി അപേക്ഷ സമർപ്പിച്ച തീയതി എന്നിവയുൾപ്പെടെയുള്ള വിവരങ്ങൾ സഹിതം അറിയിക്കുമോ; വിശദമാക്കാമോ?

## സംസ്ഥാനത്തെ ശുദ്ധജല വിതരണം

3137 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. ആന്റണി ജോൺ**
**ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നഗര ഗ്രാമീണ മേഖലകളിലെ ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ഉറപ്പുവരുത്തുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; തുടർ പദ്ധതികളായി നടന്നുവരുന്ന പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ശുദ്ധജല ദുരുപയോഗവും ജലമോഷണവും തടയുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ടോ; ജലദൗർലഭ്യം നേരിടുന്ന ഇക്കാലത്ത് ഇത്തരം നടപടികൾക്കെതിരെ സാമൂഹ്യ അവബോധം സൃഷ്ടിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

<u>**കുടിവെള്ളമെത്താത്ത പ്രദേശങ്ങളിൽ പൊതുടാപ്പുകൾ പുനഃസ്ഥാപിക്കൽ**</u>

3138 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ളമെത്താത്ത എത്ര വീടുകൾ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ 2016 ലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാത്രം എത്ര പൊതുടാപ്പുകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പൊതുടാപ്പുകൾ നിർത്തലാക്കിയതുമൂലം കുടിവെള്ളമെത്താത്ത വീടുകളിലുള്ളവർ പ്രയാസമനുഭവിക്കുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ പൊതുടാപ്പുകളെ ആശ്രയിച്ചിരുന്നതും എന്നാൽ നാളിതുവരെ കുടിവെള്ളമെത്തിയ്ക്കുന്നതിന് കഴിയാത്തതുമായ പ്രദേശങ്ങളിൽ പൊതുടാപ്പുകൾ പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണിയ്ക്കുമോ; വ്യക്തമാക്കാമോ?

<u>**വാട്ടർ അതോറിറ്റി പുതിയ പൈപ്പിടുന്നതിനായി കുഴിച്ച റോഡുകൾ**</u>

3139 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പി.ഡബ്ല്യൂ.ഡി. റോഡുകൾ പുതിയ പൈപ്പിടുന്നതിനായി വാട്ടർ അതോറിറ്റി കുഴിച്ചിട്ടുണ്ട്; അവ ഏതൊക്കെ റോഡുകളാണെന്നും എത്ര കിലോമീറ്റർ ദൂരമാണ് അപ്രകാരം കുഴി എടുത്തിട്ടുള്ളതെന്നും വിശദമാക്കുമോ;

(ബി) മേൽ പ്രസ്താവിച്ചതിൽ എത്ര റോഡുകൾ കുഴിയടച്ച് പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്; റോഡുകൾ പൂർവസ്ഥിതിയിലാക്കുന്നതിന് ഉൾപ്പെടെയുള്ള തുകയാണോ പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ചു നൽകിയിട്ടുള്ളത്; അറിയിക്കുമോ;

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേൽപ്പറഞ്ഞ പ്രവൃത്തികൾക്കായി നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും അതിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

<u>**ജലചോർച്ച തടയുവാൻ നടപടി**</u>

3140 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. യു. എ. ലത്തീഫ്**

**ശ്രീ. നജീബ് കാന്തപുരം**

**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയുടെ നഷ്ടം നികത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വാട്ടർ അതോറിറ്റിയുടെ വരുമാന നഷ്ടത്തിന്റെ പ്രധാന കാരണം വിതരണം ചെയ്യുന്ന ജലത്തിന്റെ ചോർച്ചയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ വിതരണശൃംഖല പുനരുദ്ധരിച്ച് ജലചോർച്ച തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>കേരള വാട്ടർ അതോറിറ്റിയിലെ കുടിശികകളുടെ വിശദാംശം</u>

3141 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയ്ക്ക് 31.12.2023 വരെ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക എത്രയാണ്; വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ കമ്പനികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ പേരുവിവരങ്ങൾ ഉൾപ്പെടെ അവർ വരുത്തിയിട്ടുള്ള കുടിശ്ശികയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) കേരള വാട്ടർ അതോറിറ്റിയ്ക്ക് സ്വകാര്യ വ്യക്തികളിൽ നിന്നും കുടിശ്ശിക ഇനത്തിൽ എന്തു തുക പിരിഞ്ഞു കിട്ടാനുണ്ട്; കണക്ക് ലഭ്യമാക്കുമോ;

(സി) വെള്ളക്കരം വർദ്ധിപ്പിച്ചത് വഴി മാത്രം കഴിഞ്ഞ സാമ്പത്തിക വർഷം കേരള വാട്ടർ അതോറിറ്റി എത്ര തുക അധികം സമാഹരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## <u>കിഫ്ബി പദ്ധതിയിലുൾപ്പെട്ട മഞ്ചേരി കുടിവെള്ള പദ്ധതി</u>

3142 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെട്ട മഞ്ചേരി കുടിവെള്ള പദ്ധതിയിൽ ചെരണിയിലേക്കുള്ള പമ്പിംഗ് ലൈൻ സ്ഥാപിക്കൽ, പഴയ എ.സി. പൈപ്പുകൾ മാറ്റൽ എന്നീ പ്രവൃത്തികളുടെ കരാർതുക, കാലാവധി, പൂർത്തിയാക്കേണ്ട പ്രവൃത്തികളുടെ വിശദാംശം എന്നിവ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എത്രത്തോളം പൂർത്തിയായിട്ടുണ്ടെന്നും ബാക്കി എന്നത്തേക്ക് പൂർത്തിയാവുമെന്നും വ്യക്തമാക്കുമോ; മാറ്റിസ്ഥാപിച്ച പൈപ്പുകളിലൂടെ ജലവിതരണം ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പൂർത്തീകരിച്ച പ്രവൃത്തിക്കുള്ള പാർട്ട് ബിൽ തുക കരാറുകാരന് നൽകിയിട്ടുണ്ടോയെന്നും എങ്കിൽ എത്ര തുകയാണ് നൽകിയതെന്നും വിശദമാക്കുമോ;

(ഡി) കരാറുപ്രകാരമുള്ള പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കരാറുകാരന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കരാറുകാരനെതിരെ നിയമ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## പുനലൂർ മണ്ഡലത്തിലെ ജല ജീവൻ മിഷൻ പദ്ധതി

3143 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഞ്ചൽ ബ്ലോക്ക് പഞ്ചായത്ത് പട്ടികജാതി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, പുനലൂർ മണ്ഡലത്തിലെ ചോഴിയക്കോട് പത്തേക്കറിൽ പുനരധിവസിപ്പിച്ച പട്ടികജാതി കുടുംബങ്ങൾക്ക് ജല ജീവൻ മിഷൻ പദ്ധതിയിലൂടെ പൈപ്പ് കണക്ഷൻ നൽകിയിരുന്നെങ്കിലും മാസങ്ങളായി ഈ പ്രദേശത്ത് കുടിവെള്ളം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉയർന്ന വനമേഖലാ പ്രദേശമായ ഇവിടെ താമസിക്കുന്നവർക്ക് കുടിവെള്ളത്തിനായി കുന്നിറങ്ങി കിലോമീറ്ററോളം സഞ്ചരിക്കേണ്ടി വരുന്ന സാഹചര്യത്തിൽ ഇവർക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; എത്രനാൾക്കകം കുടിവെള്ളം പുനസ്ഥാപിക്കാനാകുമെന്ന് വിശദമാക്കാമോ;

(സി) മാസങ്ങളായി കുടിവെള്ളം ലഭിക്കാത്ത ഇവർക്ക് പണമടക്കുന്നതിനായി ബില്ല് നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുമോ; വിശദമാക്കുമോ?

## പ്ലംബിംഗ് കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുക

3144 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന പ്ലംബിംഗ് കരാറുകാർക്ക് കരാറെടുത്തതിന്റെ കുടിശ്ശിക തുക ഏത് മാസം വരെ നൽകാനുണ്ടെന്ന് വിശദമാക്കാമോ;

(ബി) ജോലി ചെയ്യുന്ന ലൈസൻസ്ഡ് പ്ലംബർമാർക്ക് കൊടുക്കാനുള്ള തുക ഗുണഭോക്താക്കളിൽ നിന്ന് തന്നെ വാട്ടർ അതോറിറ്റി വാങ്ങിയതിന് ശേഷം ഏത് കാരണത്താലാണ് അത് പ്ലംബർമാർക്ക് നല്കാത്തത് എന്ന് വിശദമാക്കാമോ;

(സി) ഇത്തരത്തിൽ എത്ര രൂപയാണ് ലൈസൻസ്ഡ് പ്ലംബർമാർക്ക് നാളിതുവരെ കൊടുക്കാനുള്ളത് എന്ന് വിശദമാക്കാമോ?

## കുടിവെള്ള പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനുള്ള നടപടി

3145 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ കുടിവെള്ള പ്രശനങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നതിനായി വാട്ടർ അതോറിറ്റി ഏതെങ്കിലും പദ്ധതി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് ഭരണാനുമതി നല്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത മണ്ഡലത്തിൽ സംസ്ഥാന ബജറ്റിൽ ഇരുപത് ശതമാനം ഫണ്ട് വകയിരുത്തിട്ടുള്ള ഏതെങ്കിലും പദ്ധതിക്ക് ഭരണാനുമതി ആവശ്യപ്പെട്ട് വാട്ടർ അതോറിറ്റി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന് അടിയന്തരമായി ഭരണാനുമതി നൽകുമോ; വിശദമാക്കുമോ?

## <u>വളപട്ടണം പഞ്ചായത്തിലെ പ്ലാന്റ് നിർമ്മാണം</u>

3146 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല ജീവൻ മിഷന്റെ ഭാഗമായി വളപട്ടണം പഞ്ചായത്തിൽ ഉൾപ്പെടുന്ന വഖഫ് ഭൂമിയിൽ ജല വിതരണ പ്ലാന്റ് നിർമ്മിക്കാൻ അനുമതിക്കായി പഞ്ചായത്ത് സമർപ്പിച്ച അപേക്ഷയുടെ നിജസ്ഥിതി അറിയിക്കാമോ;

(ബി) ഉടമസ്ഥാവകാശം വഖഫിൽ നിലനിർത്തി പ്ലാന്റ് നിർമ്മിക്കുന്നതിന് തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

## <u>കുടുംബ പെൻഷൻ</u>

3147 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി, മുൻപ് കേരള പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് ആയിരുന്ന കാലത്ത് ഓപ്പറേറ്ററായി സേവനം അനുഷ്ഠിച്ചിരുന്ന പരമു.പി.ജി.യുടെ അവിവാഹിതയായ മകൾ വൈപ്പിൻ മണ്ഡലത്തിലെ ഞാറക്കൽ പഞ്ചായത്ത് വെങ്ങോലപറമ്പിൽ റോഡ് പാലമിറ്റത്ത് വീട്ടിൽ കുമാരി ഗിരിജ.പി.പി.യ്ക്ക് 2013ൽ വാട്ടർ അതോറിറ്റി അനുവദിച്ചതും 06.10.2022-ൽ 55/2022/WRD നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയതുമായ കുടുംബപെൻഷൻ നാളിതുവരെയായിട്ടും ടിയാൾക്ക് ലഭ്യമാകാത്തതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത കുടുംബപെൻഷൻ എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## <u>ജല ജീവൻ മിഷന്റെ ഭാഗമായ വെട്ടിപ്പൊളിച്ച റോഡുകളുടെ റീസ്റ്റോറേഷൻ</u>

3148 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷന്റെ ഭാഗമായി പുതുപ്പള്ളി നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി വെട്ടിപ്പൊളിച്ച പൊതുമരാമത്ത് റോഡുകളുടെ റീസ്റ്റോറേഷന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; ഇതിൽ കേരള വാട്ടർ അതോറിറ്റിയുടെ ഫണ്ടുപയോഗിച്ച് റീസ്റ്റോറേഷൻ നടത്താനുള്ള റോഡുകൾ ഏതൊക്കെയാണെന്നും ഇതിനായുള്ള ഫണ്ടിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കുമോ;

(ബി) ഇപ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ ഫണ്ടുപയോഗിച്ച് റീസ്റ്റോറേഷൻ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ; റീസ്റ്റോറേഷൻ നടത്താൻ ഫണ്ട് അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പുതുപ്പള്ളി മണ്ഡലത്തിലെ ഏതൊക്കെ റോഡുകളിൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയെന്നും ഇനി പൂർത്തിയാകാനുള്ളവ ഏതൊക്കെയെന്നും അറിയിക്കുമോ; പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാൻ നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ;

(ഡി) പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കിയ ഏതൊക്കെ റോഡുകളുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകാനുണ്ട്; കേരള വാട്ടർ അതോറിറ്റിയുടെ മുഴുവൻ പ്രവൃത്തികളും പൂർത്തിയാക്കി കൈമാറിയ റോഡുകൾ ഏതൊക്കെയാണ്; വിശദമാക്കുമോ?

**<u>പാലാ നിയോജക മണ്ഡലത്തിലെ ജൽ ജീവൻ പദ്ധതി</u>**

3149 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിൽ ജൽ ജീവൻ പദ്ധതി പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ജൽ ജീവൻ പദ്ധതി പ്രകാരം പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി</u>**

3150 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 കാലയളവിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം തുക പാസ്സാക്കുകയും ഇതിന്റെ ഭാഗമായി രണ്ടു ഗഡു തുക കൈപ്പറ്റുകയും ചെയ്ത ശേഷം സാമ്പത്തിക പ്രയാസത്താൽ വീടുപണി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്ത കുടുംബങ്ങൾക്ക് അവരുടെ വസ്തുവിന്റെ ആധാരം തിരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യഭവൻ നിർമ്മിക്കുന്നതിന് നടപടി</u>**

3151 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ കായംകുളം നഗരസഭ പരിധിയിലുള്ള മത്സ്യഭവന്റെ കെട്ടിടം ജീർണ്ണാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ മത്സ്യഭവൻ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

**<u>മാവേലിക്കര മണ്ഡലത്തിലെ ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>**

3152 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ മാവേലിക്കര മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരങ്ങളും അനുവദിച്ച തുകയും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ തൽസ്ഥിതി വിശദമാക്കുമോ;

(സി) 2016 മുതൽ മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ തൽസ്ഥിതി വിശദമാക്കുമോ?

## <u>ആധുനിക ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പുരോഗതി</u>

3153 **ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ കലഞ്ഞൂർ പഞ്ചായത്തിലെ കൂടൽ ആധുനിക ഫിഷ് മാർക്കറ്റിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## <u>പുനർഗേഹം പദ്ധതി</u>

3154 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ 2020 മുതൽ 2023 വരെ റോഡ് വികസനം ഉൾപ്പെടെ, ഫിഷറീസ് വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പുനർഗേഹം പദ്ധതി പ്രകാരം മണ്ഡലത്തിൽ നടന്നുവരുന്ന ഫ്ലാറ്റ്/വീട് നിർമ്മാണങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

## <u>ടൂറിസ്റ്റ് ബോട്ടുകൾ പോകുന്നതിനും മത്സ്യബന്ധനത്തിനും തടസ്സം നേരിടുന്നത്</u>

3155 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ജലപാത കടന്നുപോകുന്ന വൈപ്പിൻ ദ്വീപിലെ മത്തനക്കാട്, നെടുങ്ങാട്, ഞാറക്കൽ എന്നീ പ്രദേശങ്ങൾ മുതൽ ഏഴിക്കര വരെയുള്ള ഭാഗങ്ങളിൽ എക്കലും ചെളിയും അടിഞ്ഞ് കിടക്കുന്നതുമൂലം ടൂറിസ്റ്റ് ബോട്ടുകൾക്ക് പോകുന്നതിനും മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനത്തിനും തടസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ ഭാഗങ്ങളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്നതിന് കായലിൽ ഡ്രഡ്ജിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>പാലക്കോട് ഫിഷ് ലാന്റിംഗ് സെന്ററിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം</u>

3156 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പാലക്കോട് ഫിഷ് ലാന്റിംഗ് സെന്ററിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഫിഷ് ലാന്റിംഗ് സെന്ററിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ?

## <u>ആലപ്പുഴയിൽ മത്സ്യത്തൊഴിലാളികൾക്കായി റസ്ക്യൂ സംവിധാനം</u>

3157 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം,

യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനുള്ള രക്ഷാ ബോട്ടുകളോ, റസ്ക്യൂ സംവിധാനങ്ങളോ ആലപ്പുഴയിൽ ഇല്ല എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രക്ഷാപ്രവർത്തനത്തിന് ബോട്ടുകളും മറ്റ് റസ്ക്യൂ സംവിധാനങ്ങളും നിലവിൽ ജില്ലയിലേക്ക് എത്തിക്കുന്നത് എവിടെ നിന്നാണെന്ന് അറിയിക്കുമോ;

(സി) രക്ഷാപ്രവർത്തനത്തിന് മറ്റ് സ്ഥലങ്ങളിൽ നിന്നും ബോട്ടുകൾ എത്തിക്കുന്നതിൽ കലതാമസം ഉണ്ടാകുന്നതിനാൽ ആലപ്പുഴയിൽ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു റസ്ക്യൂ സംവിധാനം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ?

## <u>മത്സ്യത്തൊഴിലാളികൾക്കായി ഭവന നിർമ്മാണം</u>

3158 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. ജെ. വിനോദ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്കായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള സാമൂഹ്യസുരക്ഷ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഉപ്പു കാറ്റടക്കമുള്ള പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കാൻ മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വീടിനു പ്രത്യേക നിർമ്മാണം ആവശ്യമായിരിക്കെ ലൈഫ് മിഷൻ പദ്ധതി വഴി നൽകുന്ന തുക പര്യാപ്തമല്ല എന്നത് വസ്തുതയല്ലേ; വിശദമാക്കാമോ;

(സി) ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീടുവയ്ക്കാൻ നൽകുന്ന തുക വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>യന്ത്രവൽകൃത ബോട്ടുകൾ</u>

3159 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിന്റേയും മണ്ണെണ്ണയുടേയും ചെലവ് കുറക്കുന്നതിന് സഹായകരമാകുന്ന പുതു തലമുറ യന്ത്ര സംവിധാനങ്ങൾ ഉള്ള ബോട്ടുകൾ ഏർപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്ത് ഇൻഷുറൻസ് എടുക്കാത്ത യന്ത്രവൽകൃത ബോട്ടുകളുടേയും വള്ളങ്ങളുടേയും കണക്കുകൾ ലഭ്യമാണോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

## <u>തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതി</u>

3160 **ശ്രീ. മുരളി പെരുനെല്ലി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ തീരദേശ പഞ്ചായത്തായ വാടനപ്പള്ളിയിലെ വാർഡ് 8-ലെ തൃത്തല്ലൂർ ഹെൽത്ത് സെന്റർ റോഡ്, മേപ്രങ്ങാട്ട്-ഗണേശമംഗലം റോഡ് എന്നിവ

തീരദേശ റോഡുകളുടെ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചെങ്കിലും ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ സത്വര നടപടി സ്വീകരിക്കുമോ?

## മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടെ സുരക്ഷ

3161 **ശ്രീ. പി.പി. ചിത്തരഞ്ജൻ**
**ശ്രീ വി ജോയി**
**ശ്രീ. എം.വിജിൻ**
**ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരുടെ സുരക്ഷയ്ക്കായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) തീരദേശത്ത് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്ക് പരസ്പര ആശയ വിനിമയം നടത്തുവാൻ കഴിയുന്ന വിധത്തിൽ പരമ്പരാഗത യാനങ്ങൾക്ക് വി.എച്ച്.എഫ് അനുവദിക്കുന്ന പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(സി) 2011-2016 കാലഘട്ടത്തിൽ കടൽ സുരക്ഷയ്ക്കായി നടപ്പാക്കിയ പദ്ധതിയുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) 2016 മുതൽ നാളിതുവരെ മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; കടൽ സുരക്ഷയ്ക്കായി എന്തെങ്കിലും നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

## അക്വാടൂറിസം പദ്ധതി

3162 **ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. എ. രാജ**
**ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യകൃഷി വ്യാപനത്തിനും അക്വാടൂറിസത്തിനുമായി അഡാക്ക് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾഎന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അഡാക്കിന്റെ ഫാമുകളിൽ അക്വാടൂറിസം പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കൊല്ലം ജില്ലയിലെ ആയിരംതെങ്ങ് ഫാമുമായി ചേർന്നുള്ള കണ്ടൽക്കാടുകളെ ടൂറിസത്തിനായി പ്രയോജനപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

## നബാർഡ് ആർ.ഐ.ഡി.എഫ്. ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾ

3163 **ശ്രീ കടകംപള്ളി സുരേന്ദ്രൻ**

**ശ്രീ എം മുകേഷ്**

**ശ്രീ. പി. നന്ദകുമാർ**

**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിൽ ആർ.ഐ.ഡി.എഫ്. ഉപയോഗിച്ച് നബാർഡ് നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയാണ്; അവയുടെ പുരോഗതി വിശദമാക്കാമോ;

(ബി) ട്രാഞ്ചേ-29ൽ ഉൾപ്പെടുത്തി ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്; ഈ പദ്ധതികൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) മത്സ്യക്കുഞ്ഞ് ഉൽപ്പാദന വർദ്ധനവിനായി ഏതെല്ലാം പദ്ധതികളാണ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്നതെന്ന് വ്യക്താമാക്കാമോ?

## <u>മത്സ്യത്തൊഴിലാളികളുടെ സർവ്വേ</u>

3164 **ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ. കെ. പ്രേംകുമാർ**

**ശ്രീ വി കെ പ്രശാന്ത്**

**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി മനസ്സിലാക്കുന്നതിനായി സർവ്വേ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ സർവ്വേ എന്നത്തേക്ക് ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(സി) എന്തെല്ലാം സാമ്പത്തിക-സാമൂഹിക ഘടകങ്ങളാണ് പഠനത്തിനായി ശേഖരിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

## <u>കൂട് മത്സ്യകൃഷി</u>

3165 **ശ്രീ. എം. എം. മണി**

**ശ്രീ ഒ . ആർ. കേളു**

**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുകളിലും വളപ്പുകളിലും മത്സ്യം വളർത്തുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കൂട് മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഏതെല്ലാം ഇനം മത്സ്യങ്ങളാണ് കൂട് മത്സ്യകൃഷിയ്ക്ക് അനുയോജ്യമായിട്ടുള്ളത്; അവയുടെ കുഞ്ഞുങ്ങളെ സംസ്ഥാനത്തുതന്നെ ഉത്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>മീൻപിടിത്തം, സംസ്കരണം, വിപണനം എന്നിവ ആദായകരമാക്കാൻ നടപടി</u>

3166 **ശ്രീ. എ. കെ. എം. അഷ്റഫ്**

**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആഭ്യന്തര ഉപയോഗത്തിന് ആവശ്യമായ മത്സ്യം തദ്ദേശീയമായി ലഭിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിൽ പങ്കാളിയാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) മീൻപിടിത്തം, സംസ്കരണം, വിപണനം എന്നിവ ആദായകരമാക്കാൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

**<u>ഫിഷറീസ് വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം നടത്തിയ പരിശോധന</u>**

3167 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് വകുപ്പിൽ ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം അവസാനമായി പരിശോധന നടത്തിയത് എന്നാണ്; പ്രസ്തുത പരിശോധനയിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ; പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>മത്സ്യബന്ധന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച സി.ആന്റ്.എ.ജി ഓഡിറ്റ് റിപ്പോർട്ട്</u>**

3168 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ നാല് വർഷ കാലയളവിൽ സി.ആന്റ്.എ.ജി. നടത്തിയ ഓഡിറ്റിൽ എന്തൊക്കെ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഡിറ്റ് സംബന്ധിച്ച അന്തിമ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>കാഞ്ഞങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**

3169 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഞ്ഞങ്ങാട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

**<u>മൽസ്യബന്ധന യാനങ്ങളിലെ മണ്ണെണ്ണ എൻജിനുകൾ എൽ.പി.ജി.യിലേക്ക് മാറ്റാൻ നടപടി</u>**

3170 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണയ്ക്ക് വില വർധിക്കുകയും അതിന്മേലുള്ള സബ്സിഡി തുക ഉയർത്താത്തിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മൽസ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) മൽസ്യബന്ധന യാനങ്ങളിലെ മണ്ണെണ്ണ എൻജിനുകൾ എൽ.പി.ജി.യിലേക്ക് മാറ്റുന്നതിനായി നടപ്പിലാക്കിയ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; നാളിതുവരെ എത്ര എൻജിനുകൾ ഇപ്രകാരം മാറ്റിയെന്നും ഈ വകയിൽ എത്ര തുക ചെലവഴിച്ചെന്നും അറിയിക്കുമോ; വിശദാംശം നൽകുമോ?

## ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ

3171 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര നയത്തിന്റെ ഭാഗമായി ഫിഷ് ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ഫിഷറീസ് വകുപ്പിൽ വിജിലൻസ് നടത്തിയ പരിശോധന

3172 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചു വർഷ കാലയളവിൽ ഫിഷറീസ് വകുപ്പിൽ വിജിലൻസ് നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ ഏതൊക്കെയാണെന്ന വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ക്രമക്കേടുകളിൽ കുറ്റക്കാരായി കണ്ടെത്തിയവർക്കെതിരെ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

## മുഖദാർ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം

3173 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖദാർ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) കോഴിക്കോട് ജില്ലയിൽ മത്സ്യതൊഴിലാളികൾക്ക് വേണ്ടി നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ, ആനുകൂല്യങ്ങൾ വെളിപ്പെടുത്താമോ;

(സി) കോഴിക്കോട് ജില്ലയിലെ ഫിഷറീസ് സ്കൂളുകളുടെ നവീകരണ പ്രവൃത്തികളുടെ സ്ഥിതി അറിയിക്കാമോ?

## മത്സ്യതൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

3174 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**

**ശ്രീ. കെ.പി.മോഹനൻ**

**ശ്രീ മാത്യു ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ അവസരങ്ങളും സൗകര്യങ്ങളും നൽകുന്നതിന് പ്രത്യേക നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>അഴീക്കോട് മണ്ഡലത്തിലെ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികൾ</u>**

3175 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും അറിയിക്കാമോ?

**<u>ഫിഷറീസ് വകുപ്പിന് 2022-23 സാമ്പത്തിക വർഷം അനുവദിച്ചിരുന്ന തുകയും ചെലവഴിച്ച തുകയും</u>**

3176 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം ഫിഷറീസ് വകുപ്പിന് വിവിധ ബഡ്ജറ്റ് ശീർഷകങ്ങളിൽ അനുവദിച്ചിരുന്ന തുകയും പ്രസ്തുത ശീർഷകങ്ങളിൽ ചെലവഴിച്ച തുകയും പ്ലാൻ, നോൺ പ്ലാൻ ഇനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ?

**<u>പൊഴിയൂരിലെ പുനർഗേഹം പദ്ധതിയുടെ നിലവിലെ സ്ഥിതി</u>**

3177 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊഴിയൂരിൽ പുനർഗേഹം പദ്ധതി പ്രകാരം 3 വർഷം മുൻപ് പ്രഖ്യാപിച്ച 24 ഫ്ലാറ്റുകളുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഫ്ലാറ്റ് നിർമ്മാണത്തിന് എത്ര കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് അറിയിക്കുമോ; ഇതിനായുള്ള ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ഫ്ളാറ്റുകളുടെ നിർമ്മാണ പ്രവൃത്തികൾ എപ്പോൾ പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ;

(ഡി) പൊഴിയൂരിലെ പുനർഗേഹം പദ്ധതിയിൽ പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ള 185 കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിക്കാൻ സ്ഥലം ഏറ്റെടുക്കുന്നതിന്റെ നടപടി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; എത്ര സ്ഥലമാണ് ഫ്ലാറ്റ് നിർമ്മാണത്തിന് ഏറ്റെടുക്കുന്നതെന്ന് അറിയിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

## കല്ലുമ്മക്കായ-കടൽമത്സ്യ വിത്തുല്പാദന കേന്ദ്രം

3178 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടിയിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേനയുള്ള കല്ലുമ്മക്കായ-കടൽമത്സ്യ വിത്തുല്പാദന കേന്ദ്രത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

## ഫിഷിംഗ് ഹാർബറുകളുടെ നിലവാരം ഉയർത്തുവാൻ പദ്ധതി

3179 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. എൻ. കെ. അക്ബർ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫിഷിംഗ് ഹാർബറുകളുടെ നിലവാരം ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) നിർമ്മാണം പൂർത്തീകരിച്ച ഏതെല്ലാം ഫിഷിംഗ് ഹാർബറുകളിലാണ് ഇനിയും അടിസ്ഥാന സൗകര്യ ന്യൂനതകൾ ഉള്ളതായി കണ്ടെത്തിയിട്ടുള്ളത്;

(സി) കൊല്ലം, പൊന്നാനി, ബേപ്പൂർ ഫിഷിംഗ് ഹാർബറുകൾ അടിസ്ഥാന സൗകര്യ പരിമിതി നേരിടുന്നവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് പരിഹാരമായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ ഒരു ഫിഷിംഗ് ഹാർബർ എങ്കിലും അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## പൊഴിയൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണം

3180 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊഴിയൂർ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) തുറമുഖ നിർമ്മാണത്തിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; ഡി.പി.ആർ. പ്രകാരം തുറമുഖ നിർമ്മാണത്തിന് വിനിയോഗിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ?

## ബേക്കൽ-കോട്ടിക്കുളം പ്രദേശത്ത് മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നത്

3181 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ബേക്കൽ-കോട്ടിക്കുളം പ്രദേശത്ത് മത്സ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ എന്തൊക്കെ നടപടികൾ പൂർത്തിയാക്കി; ഇനി എന്തൊക്കെ നടപടികളാണ് പൂർത്തിയാക്കാനുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

## മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം

3182 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം പൂർണ്ണതോതിൽ സജ്ജമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുറമുഖത്തിന്റെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള ഫയൽ ഏത് ഓഫീസിലാണ് ഉള്ളതെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് എപ്പോൾ ഭരണാനുമതി ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

## മത്സ്യബന്ധന തുറമുഖങ്ങളുടെ സമഗ്ര വികസനം

3183 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീ എം നൗഷാദ്**
**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യബന്ധന തുറമുഖങ്ങളുടെ സമഗ്ര വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്;

(സി) കേന്ദ്രസർക്കാർ എത്ര പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്; അംഗീകാരം ലഭിച്ച പദ്ധതികളുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

## മലമ്പുഴ മണ്ഡലത്തിലെ റോഡ് നവീകരണം

3184 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലമ്പുഴ മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾ നവീകരിക്കുന്നതിനാണ് ഫിഷറീസ് വകുപ്പിന്റെ ഫണ്ട് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

## തീരദേശ റോഡിന്റെ മാനദണ്ഡം

3185 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു റോഡ് തീരദേശ റോഡായി കണക്കാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് ജില്ലയിലെ തീരദേശ റോഡുകൾ ഏതൊക്കെയാണെന്ന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ച് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ എട്ട് വർഷം ഈ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിക്ക് അനുവദിച്ച തുക, റോഡ്, പഞ്ചായത്ത്/മുനിസിപ്പാലിറ്റി, വർഷം എന്നിവയുടെ വിശദാംശം പട്ടിക തിരിച്ച് ലഭ്യമാക്കാമോ;

(ഡി) തീരദേശ റോഡുകളുടെ പുനർനിർമ്മാണ രീതി പൊതുമരാമത്ത് റോഡുകളുടേതിൽ നിന്ന് വ്യത്യസ്തമാണോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകുമോ?

## <u>തീരദേശ റോഡുകളുടെ നവീകരണം</u>

3186 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി വള്ളിക്കുന്ന് മണ്ഡലത്തിൽ നടപ്പ് സാമ്പത്തിക വർഷം എത്ര ഫണ്ട് അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

(ബി) വള്ളിക്കുന്ന് കോന്നംകുഴി വാടി റോഡ്, കടലുണ്ടി നഗരം ഹിറോസ് നഗർ ചാമ്പ്രയിൽ റോഡ് എന്നീ 2 തീരദേശ റോഡുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത റോഡുകൾ നവീകരിക്കുന്നതിന് ഫണ്ട് അനുവദിക്കുമോ; വിശദമാക്കാമോ;

(സി) കടലുണ്ടികടവ് ബോട്ട് ജെട്ടി നീളം കൂട്ടി നിർമ്മിക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കി സമർപ്പിച്ച എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിനായി ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

## <u>മത്സ്യഫെഡിലെ വിവിധ തസ്തികയിലുള്ള ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യുന്നത്</u>

3187 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിൽ പി.എസ്.സി. മുഖേന പ്രോജക്ട് ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കുമോ; പ്രോജക്ട് ഓഫീസർമാരുടെ എത്ര സ്ഥിരം തസ്തികകൾ മത്സ്യഫെഡിൽ ഉണ്ടെന്നും അതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നിയമന നടപടികൾ തുടങ്ങിയിട്ടുണ്ടോയെന്നും അറിയിക്കുമോ;

(ബി) പ്രോജക്ട് ഓഫീസർമാരുടെ മുഴുവൻ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാതെ തസ്തികകൾ തരം മാറ്റി ആയതിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കാനുള്ള നടപടികൾ എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പി.എസ്.സി വഴി നിയമനം നടക്കുന്ന എത്ര തസ്തികകൾ മത്സ്യഫെഡിൽ ഉണ്ട്; മത്സ്യഫെഡിൽ പി.എസ്.സി വഴിയല്ലാതെ വിവിധ തസ്തികകളിലായി ജോലി

ലഭിച്ച ആകെയെത്ര ജീവനക്കാരുണ്ട്; അതിൽ കരാർ, ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്ത് വരുന്നവർ എത്ര;

(ഡി) പ്രൊമോഷൻ തസ്തികയായ അസിസ്റ്റന്റ് മാനേജർ തസ്തികയിൽ എത്ര ഒഴിവുണ്ട്; പ്രോജക്ട് ഓഫീസർമാരുടെ പ്രൊമോഷൻ തസ്തികയായ അസിസ്റ്റന്റ് മാനേജർ തസ്തികയിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നേരിട്ട് നിയമിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; ഇത് പി.എസ്.സി. വഴി ജോലിയിൽ പ്രവേശിക്കുന്നവരുടെ അർഹമായ പ്രൊമോഷനെ ബാധിക്കുകയില്ലേ;വ്യക്തമാക്കുമോ?

**കാസർഗോഡ് ജില്ലയിലെ ഉൾനാടൻ ജലാശയങ്ങളിലും നദികളിലുമുള്ള മത്സ്യ സമ്പത്തുകൾ**

3188 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉൾനാടൻ ജലാശയങ്ങളിലും നദികളിലും കണ്ടുവരുന്ന അപൂർവ്വങ്ങളായതും അന്യം നിന്ന് പോകുന്നതുമായ മത്സ്യ സമ്പത്തുകൾ സംരക്ഷിക്കാനും ഇവയുടെ ഉല്പാദനം വർദ്ധിപ്പിക്കാനും എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

**ശുദ്ധജല മത്സ്യോല്പാദനം വർദ്ധിപ്പിക്കാൻ നടപടി**

3189 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശുദ്ധജല മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഫലമായി ശുദ്ധജല മത്സ്യോല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

**മത്സ്യ ലഭ്യതയിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ നടപടി**

3190 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷം കഴിയുമ്പോഴും മത്സ്യലഭ്യതയിലുണ്ടാകുന്ന ഇടിവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും എന്തൊക്കെ നൂതനമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ദൈനംദിനം ആവശ്യമായ മത്സ്യത്തിന്റെ അളവ് എത്രയാണെന്നും നിലവിലെ മത്സ്യലഭ്യതയുടെ അളവ് എത്രയാണെന്നും വിശദമാക്കുമോ; ഇതര സംസ്ഥാനങ്ങളിൽ നിന്നും ദൈനംദിനം കേരളത്തിലേക്ക് എത്തിക്കുന്ന മത്സ്യത്തിന്റെ അളവ് എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) മത്സ്യ ലഭ്യതയിൽ എന്നത്തേക്ക് സ്വയംപര്യാപ്തത കൈവരിക്കുവാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്; വ്യക്തമാക്കുമോ?

## ഉൾനാടൻ മത്സ്യകൃഷി ഉൽപാദനം

3191 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി ഉൽപാദനം വർധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

## കയ്പമംഗലം മണ്ഡലത്തിൽ കടലിൽ കൃത്രിമപ്പാര് നിക്ഷേപിക്കുന്നതിനുള്ള പദ്ധതി

3192 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശമണ്ഡലമായ കൈപ്പമംഗലത്തിലെ പെരിഞ്ഞനം ഗ്രാമപഞ്ചായത്തിലെ തീരപ്രദേശം കേന്ദ്രീകരിച്ച് കൃത്രിമപ്പാര് നിക്ഷേപിക്കുന്നതിനുള്ള പദ്ധതിയ്ക്കായി തുടർ പഠനത്തിനും ഇതിന്റെ നടത്തിപ്പിനുമായി എന്തെങ്കിലും പരിപാടികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## പയ്യന്നൂർ നഗരസഭയിൽ ആധുനിക മത്സ്യ മാർക്കറ്റ്

3193 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭയിൽ ആധുനിക മത്സ്യ മാർക്കറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ;

(ബി) മത്സ്യ മാർക്കറ്റ് നിർമ്മിക്കുന്നതിനായി നഗരസഭ സ്ഥലം കണ്ടെത്തി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ചാത്തന്നൂർ മണ്ഡലത്തിലെ മത്സ്യ മാർക്കറ്റുകളുടെ നവീകരണം

3194 **ശ്രീ ജി എസ് ജയലാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡിന്റെ ചുമതലയിൽ ചാത്തന്നൂർ മണ്ഡലത്തിലെ പരവൂർ, ചാത്തന്നൂർ, കൊട്ടിയം, പാരിപ്പള്ളി എന്നീ മത്സ്യ മാർക്കറ്റുകൾ നവീകരിക്കുന്നതിനായി നടന്നുവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പരവൂർ മത്സ്യ മാർക്കറ്റിന്റെ നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തി ആരംഭിക്കുന്നതിന് ഇനി എന്തെല്ലാം നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും ആയത് പൂർത്തീകരിച്ച് പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നും അറിയിക്കാമോ?

## കുറ്റ്യാടിയിൽ ആധുനിക മത്സ്യ മാർക്കറ്റ്

3195 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടിയിൽ ആധുനിക മത്സ്യ മാർക്കറ്റ് നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**മത്സ്യ മാർക്കറ്റുകളുടെ നവീകരണം**

3196 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി 2405-00-105-96-(01) എന്ന ശീർഷകത്തിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട്; എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത ശീർഷകത്തിൽ 2011 മെയ് മുതൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ഡി) മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി പുതിയ എന്തെല്ലാം പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

**ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ കരിപ്പുഴ ഫിഷ്മാർക്കറ്റിന്റെ നിർമ്മാണ പുരോഗതി**

3197 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ കരിപ്പുഴ ഫിഷ്മാർക്കറ്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

**സംസ്ഥാനത്തിന്റെ തീരങ്ങളിൽ ഇതര സംസ്ഥാനക്കാരുടെ മത്സ്യബന്ധനം**

3198 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരങ്ങളിൽ ഇതര സംസ്ഥാനക്കാർ മത്സ്യബന്ധനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഇതര സംസ്ഥാന മത്സ്യബന്ധന ബോട്ടുകളിൽ നിന്നും യൂസേഴ്സ് ഫീ ഈടാക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) ഈ ബോട്ടുകളിൽ നിന്നും നിരോധിത വലകൾ ഉപയോഗിച്ച് കേരള സംസ്ഥാനതീരങ്ങളിലെ മത്സ്യസമ്പത്ത് കൊള്ളയടിക്കുന്നത് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കൊല്ലം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ**

3199 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മത്സ്യബന്ധനം, സാംസ്കാരികം,

യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ പദ്ധതി-പദ്ധതിയേതര വിഭാഗങ്ങളിലായി ഭരണാനുമതി ലഭിച്ചതും നടപ്പിലാക്കി വരുന്നതുമായ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ?

**കുര്യാടി ഹാർബർ**

3200 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിലെ കുരിയാടിയിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) കുരിയാടിയിൽ ഹാർബർ നിർമ്മിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) കുരിയാടിയിൽ ഹാർബർ നിർമിക്കുന്നത് സംബന്ധിച്ച പഠനത്തിനായി എത്ര രൂപയാണ് നാളിതുവരെ ചെലവഴിച്ചിട്ടുള്ളതെന്നും ഇതിനായി നീക്കിവെച്ച ആകെ തുക എത്രയാണെന്നും അറിയിക്കുമോ; പ്രസ്തുത തുക അനുവദിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത പഠനം നടത്തുന്നതിന് ഏത് സ്ഥാപനത്തിനെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്നും പഠനത്തിനായി മാത്രം എത്ര രൂപയാണ് അനുവദിച്ചിരുന്നതെന്നും അറിയിക്കുമോ; പ്രസ്തുത പഠനം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായോ; ഇല്ലെങ്കിൽ പഠനം പൂർത്തിയാകാതിരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത പഠനം എത്രയും വേഗം പൂർത്തിയാക്കി കുരിയാടിയിൽ ഒരു മത്സ്യബന്ധന ഹാർബർ യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ പുലിമുട്ട് നിർമ്മാണം**

3201 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 28.60 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ പുലിമുട്ട് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**പിറവം നിയോജകമണ്ഡലത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ**

3202 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ സാംസ്കാരിക സ്ഥാപനങ്ങളെ സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിച്ച് പ്രവർത്തിക്കുന്ന എത്ര സാംസ്കാരിക സ്ഥാപനങ്ങൾ മണ്ഡലത്തിൽ ഉണ്ടെന്ന് വിശദമാക്കാമോ;

(സി) പുതിയ ഏതെല്ലാം സാംസ്കാരിക സ്ഥാപനങ്ങൾക്ക് അംഗീകാരവും ധനസഹായവും ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) അപേക്ഷ നൽകിയ എത്ര സ്ഥാപനങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംഗീകാരവും ധനസഹായവും നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

## <u>കലാ നൈപുണ്യ വികസനം</u>

3203 **ശ്രീ. പ്രമോദ് നാരായൺ**
**ഡോ. എൻ. ജയരാജ്**
**ശ്രീ. ജോബ് മൈക്കിൾ**
**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കലാകാരൻമാരുടെ കലാവാസനയും നൈപുണ്യവും പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) കലാനൈപുണ്യം വികസിപ്പിക്കുന്നതിന് ആർട്ട് ഹബ്ബുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇവയിൽ എന്തൊക്കെ ലക്ഷ്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും എവിടെയൊക്കെ ആരംഭിച്ചുവെന്നും വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ പ്രധാന വീഥികളും പൊതു ഇടങ്ങളും സാംസ്കാരിക ഇടങ്ങളാക്കുന്നതിന് കർമ്മപദ്ധതി രൂപീകരിക്കാമോ;

(ഡി) ഓരോ പ്രദേശത്തെ കലാരൂപങ്ങൾക്ക് അനുസൃതമായി കലാസ്നേഹികൾക്ക് ഒത്തുചേരുന്നതിനും കലാരൂപങ്ങളിൽ പരിശീലനം നേടുന്നതിനും ആസ്വാദനത്തിനും പ്രാദേശിക കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കാമോ?

## <u>സാംസ്കാരിക വകുപ്പിന് കീഴിലെ സ്വയംപര്യാപ്തമാക്കാൻ കഴിയുന്ന സ്ഥാപനങ്ങൾ</u>

3204 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക വകുപ്പിന് കീഴിൽ സ്വയംപര്യാപ്തമാക്കാൻ കഴിയുന്ന സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റ തവണ സർക്കാർ ധനസഹായം നൽകിയാൽ സ്വയംപര്യാപ്തതയിൽ എത്താൻ കഴിയുന്ന സാംസ്കാരിക സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(സി) സാംസ്കാരിക സ്ഥാപനങ്ങൾക്ക് സ്വയംപര്യാപ്തമാകാൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാംസ്കാരിക പ്രവർത്തകർക്കും ഗ്രാമീണ കലാകാരന്മാർക്കും ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണെന്ന്

വിശദമാക്കുമോ?

**കാസർഗോഡ് ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ**

3205 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സാംസ്കാരിക വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന എത്ര സ്ഥാപനങ്ങൾ നിലവിലുണ്ട്; വിശദാംശം അറിയിക്കാമോ;

(ബി) 2023-24 സാമ്പത്തിക വർഷത്തിൽ ഈ ഓരോ സ്ഥാപനത്തിനും എത്ര തുക ബജറ്റിൽ നീക്കിവെച്ചിട്ടുണ്ട്; പ്രത്യേകം വിശദമാക്കാമോ;

(സി) ബജറ്റിൽ നീക്കിവെച്ച തുക ഈ വർഷം സാംസ്കാരിക സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കാലാകാലങ്ങളിൽ പരിശോധിക്കാൻ നടപടികൾ സ്വീകരിക്കാറുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

**കേളപ്പജി സ്മാരക നിർമ്മാണം**

3206 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ കേളപ്പജി സ്മാരക നിർമ്മാണത്തിനായി ഒന്നര കോടി രൂപയുടെ ഭരണാനുമതിയായിട്ടും പദ്ധതി ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി ആരംഭിക്കുന്നതിന് നിലനിൽക്കുന്ന തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പദ്ധതി ഉടൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

**മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമിയുടെ വാർഷിക ഗ്രാന്റ്**

3207 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും സാംസ്കാരിക സ്ഥാപനത്തിന് 2016-നു മുമ്പ് അനുവദിച്ചിരുന്ന വാർഷിക ഗ്രാന്റ് (നോൺ പ്ലാൻ) ഈ സർക്കാരിന്റെ കാലത്ത് ബജറ്റിൽ വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ ഏതു സാംസ്കാരിക സ്ഥാപനത്തിനാണ് ഗ്രാന്റിൽ കുറവ് വരുത്തിയത് എന്ന് വിശദമാക്കുമോ;

(ബി) കൊണ്ടോട്ടിയിലെ മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമിക്ക് 2013 -14 സാമ്പത്തിക വർഷം മുതൽ 2023- 24 വരെ വാർഷിക ഗ്രാന്റ് (നോൺ പ്ലാൻ) എത്രയാണ് ബജറ്റിൽ അനുവദിച്ചത് എന്നും ഓരോ വർഷവും എത്ര തുക നൽകി എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സാംസ്കാരിക സ്ഥാപനത്തിന് മാത്രമാണ് ഇങ്ങനെ വാർഷിക ഗ്രാന്റിൽ വെട്ടിക്കുറവ് സംഭവിച്ചിട്ടുള്ളത് എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിന് പഴയതുപോലെ വാർഷിക ഗ്രാന്റ് അനുവദിക്കുന്നതിന്

നടപടി സ്വീകരിക്കുമോ?

**തോപ്പിൽ ഭാസി സ്മാരക ഓഡിറ്റോറിയത്തിന്റെ നിർമ്മാണ പുരോഗതി**

3208 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരം തോപ്പിൽ ഭാസി സ്മാരക ഓഡിറ്റോറിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

**കന്നഡ മഹാകവി കയ്യാർ കിഞ്ഞണ്ണറൈ സ്മാരകം**

3209 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിൽ സാംസ്കാരിക വകുപ്പിന്റെ കീഴിൽ കന്നഡ മഹാകവി കയ്യാർ കിഞ്ഞണ്ണറൈയുടെ പേരിൽ സ്മാരകം പണിയുന്നതിന് ഏത് വർഷമാണ് ബജറ്റിൽ തുക വകയിരുത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര തുകയാണ് വകയിരുത്തിയതെന്നും തുക ഉപയോഗിച്ച് എന്തെങ്കിലും പ്രവർത്തനം തുടങ്ങിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ബജറ്റിൽ വകയിരുത്തിയ തുക വിനിയോഗിക്കാൻ ഇതുവരെ നടപടികൾ സ്വീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

**ശ്രീനാരായണ ഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയം**

3210 **ശ്രീ എം മുകേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ശ്രീനാരായണ ഗുരു നവോത്ഥാന സാംസ്കാരിക സമുച്ചയത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും നടത്തിപ്പിനുമായി കാര്യനിർവ്വഹണ സമിതി രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) സാംസ്കാരിക സമുച്ചയത്തിലെ കലാസാംസ്കാരിക പ്രവർത്തനങ്ങളുടെ ഉള്ളടക്കം നിശ്ചയിക്കുന്നതിനും അവയുടെ തുടർച്ച സാധ്യമാക്കുന്നതിനും ക്യൂറേറ്റർ സംവിധാനം കൂടി ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ച് വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

**കയ്പമംഗലം മുനയ്ക്കൽ ബീച്ചിൽ സ്കൾപ്ച്ചർ ഫെസ്റ്റിവൽ ആരംഭിക്കുവാൻ പദ്ധതി**

3211 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിലെ മുനയ്ക്കൽ അഴീക്കോട് ബീച്ചിൽ സ്കൾപ്ച്ചർ ഫെസ്റ്റിവൽ നടത്താനുള്ള പദ്ധതി ആവിഷ്കരിക്കാമോ?

**കായംകുളം മണ്ഡലത്തിലെ മൾട്ടിപ്ലക്സ് തിയേറ്ററിന്റെ നിർമ്മാണ പുരോഗതി**

3212 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം,

സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ അനുവദിച്ച മൾട്ടിപ്ലക്സ് തിയേറ്ററിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**<u>സിനിമ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ നടപടി</u>**

3213 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സിനിമ വ്യവസായം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) സാമൂഹിക പ്രതിബദ്ധതയുള്ള കൂടുതൽ സിനിമകൾ നിർമ്മിക്കുന്നതിനായി സഹായങ്ങൾ നൽകുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ മേഖലയുടെ സമഗ്ര വളർച്ചക്ക് സർക്കാർ തലത്തിൽ കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**<u>കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സ്</u>**

3214 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങളെ നേരിടാൻ യുവ സന്നദ്ധ പ്രവർത്തകരെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെ രൂപീകരിച്ച കേരള വോളന്റിയർ യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനം വിശദമാക്കാമോ; ഇപ്രകാരം സംസ്ഥാനത്തെ ഓരോ ജില്ലയിലും രൂപീകരിച്ച ഫോഴ്സിന്റെ വോളന്റീയർ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; 2022-23 കാലയളവിൽ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**<u>യുവജനകാര്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>**

3215 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിൽ യുവജനകാര്യ വകുപ്പ് വഴി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) യുവജനകാര്യ വകുപ്പ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദവിവരം ലഭ്യമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദവിവരം ലഭ്യമാക്കാമോ?

**<u>കേരള സംസ്ഥാന യുവജന കമ്മീഷൻ നടത്തിയ പഠനം</u>**

3216 **ശ്രീ ജി എസ് ജയലാൽ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യുവജനങ്ങളുടെ മാനസികശേഷി സംബന്ധിച്ച് കേരള സംസ്ഥാന യുവജന കമ്മീഷൻ നടത്തിയ പഠനത്തിന്റെ വിലയിരുത്തലുകൾ വിശദീകരിക്കുമോ;

(ബി) 36നും 40നും ഇടയിൽ പ്രായമുള്ളവരിൽ ആത്മഹത്യാ പ്രവണത വർദ്ധിച്ചു വരുന്നതായുള്ള യുവജന കമ്മീഷന്റെ കണ്ടെത്തലുകൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) യുവജനങ്ങളുടെ മാനസികശേഷി വർദ്ധിപ്പിക്കുന്നതിനുള്ള കൗൺസിലിംഗുകളും ക്ലിനിക്കുകളും സംസ്ഥാനത്താകമാനം ആരംഭിക്കേണ്ട സാഹചര്യമുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന യുവജനങ്ങൾക്കുണ്ടാകുന്ന തൊഴിൽ സമ്മർദ്ദവും വരുമാനക്കുറവും മാനസിക സമ്മർദ്ദങ്ങൾക്കും തുടർന്ന് ആത്മഹത്യയിലേക്കും നയിക്കപ്പെടുന്നതിന് കാരണമായിട്ടുണ്ടോ; വിശദീകരിക്കുമോ?

**<u>യുവജനക്ഷേമ ബോർഡിന്റെ പ്രധാന പദ്ധതികൾ</u>**

3217 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം യുവജനക്ഷേമ ബോർഡ് മുഖേന നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികൾ എന്തെല്ലാമാണെന്നും എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു വരുന്നുവെന്നും വിശദമാക്കാമോ?

| | |
|---|---|
| കേരള നിയമസഭാ | അംഗീകരിച്ച തീയതി: 06-02-2024 |
| സെക്രട്ടേറിയറ്റ്, | ഷാജി സി. ബേബി, |
| തിരുവനന്തപുരം | സെക്രട്ടറി ഇൻ ചാർജ് |

---

**<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>** നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].